ടി. മുഹമ്മദ്

# ഒരു ജാതി ഒരു ദൈവം



ഒരു ജാതി ഒരു ദൈവം

# ഒരു ജാതി
# ഒരു ദൈവം

ടി. മുഹമ്മദ്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

ORU JATHI ORU DAIVAM *(Malayalam)*
(Ancient History)
By T. MUHAMMED
Publishers:
**ISLAMIC PUBLISHING HOUSE,**
P.O. Merikkunnu, Kozhikode- 673 012
Kerala State, India
E-mail: iphdir@eth.net
First Published: January 1974
Twelfth Edition: September 2005
Cover: Nasar Eramangalam
Type setting: I.P.H. DTP
Printers: Kairali Offset, Calicut
Rights with the Publishers
Distribution:
I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@eth.net
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, E. 34/236, Opp. Noor Masjid, Kannur -1

**Price Rs : 15.00**

OJO Sub 93, SN 97/3000 TC 33000 ISBN 81-8271-145-2

# പ്രസ്താവന

ഭാരതീയ സംസ്കൃതിയുടെ തായ്‌വേരുകൾ സസൂക്ഷ്മം പരിശോധിച്ച്, അവ ഏകദൈവത്വത്തിലും സെമിറ്റിക് പ്രവാചകൻമാരുടെ പ്രബോധന സന്ദേശങ്ങളിലുമാണ് ചെന്നെത്തിനില്ക്കുന്നതെന്ന് സമർഥിക്കുകയാണ് പണ്ഡിതനും ഗവേഷകനുമായ ഗ്രന്ഥകാരൻ. തന്റെ അന്വേഷണ പഠനങ്ങളിൽ തികഞ്ഞ സത്യസന്ധത പുലർത്തുന്ന ഗ്രന്ഥകർത്താവ് എത്തിച്ചേർന്ന നിഗമനങ്ങൾ പുതുമയാർന്നതും യുക്തിഭദ്രവുമത്രേ. തപസ്സുമാനമായ സമർപ്പണത്തോടെ നടത്തപ്പെട്ട, സംസ്കാരങ്ങളുടെ ഈ താരതമ്യപഠനം അന്വേഷണ കുതുകികളിൽ കൗതുകമുണർത്താതിരിക്കില്ല.

പ്രസാധകൻ

# ഒരു ജാതി ഒരു ദൈവം

"അല്ലയോ മനുഷ്യരേ, ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമാണ് നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ നിങ്ങളെ സമുദായങ്ങളും ഗോത്രങ്ങളുമാക്കി; നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിന്. അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ കൂടുതൽ ഭക്തിയുള്ളവനായിരിക്കും, നിശ്ചയം!"[1]

## മാനവകുലം ഒന്ന്

ഏഷ്യാ വൻകരയുടെ മധ്യപശ്ചിമ ദേശത്ത് 'ആർമീനിയ' എന്നു പേരായ ഒരുന്നത പർവതമുണ്ട്. ആ പർവതത്തിന്റെ തെക്കേ ചെരിവിൽ നിന്ന് രണ്ടു നദികൾ പൊട്ടിപ്പുറപ്പെട്ട്, രണ്ടു സരണികളിലൂടെ ഒഴുകുന്നു. അവസാനം അവ 'ശത്തുൽ അറബ്' (Shatt al arab) എന്നിടത്ത് സന്ധിച്ച് ഏകനദിയായി പേർഷ്യൻ ഉൾക്കടലിൽ ചെന്നുചേരുന്നു. പ്രസ്തുത നദികളിലൊന്നിനെ 'ഫുറാത്' എന്നും മറ്റേതിനെ 'ദിജിലത്' എന്നുമാണ് അറബികൾ വിളിക്കുന്നത്. ഇംഗ്ലീഷുകാർ അവയ്ക്ക് യഥാക്രമം 'യൂഫ്രട്ടീസ്' എന്നും 'ടൈഗ്രീസ്' എന്നും പറയുന്നു. അവയുടെ ഇടയ്ക്കുള്ള ഭൂഭാഗത്തിന് ഗ്രീക്ക് ഭൂമിശാസ്ത്രകാരന്മാർ 'മെസൊപ്പൊട്ടേമിയ' എന്നു പേരിട്ടു. നദികൾക്കിടയിലുള്ള സ്ഥലം എന്നർഥം. ഇന്ന് ആ പ്രദേശം 'ഇറാഖ്' എന്ന പേരിലാണ് അറിയപ്പെടുന്നത്.

ലോകത്ത് അറിയപ്പെട്ട, ഏറ്റവും പ്രാചീനമായ മനുഷ്യസംസ്കാരം മെസൊപ്പൊട്ടേമിയയിലാണ് തഴച്ചുവളർന്നതെന്ന് പൊതുവേ വിചാരിക്കപ്പെടുന്നു. 'സുമേരിയൻ സംസ്കാരം' എന്നാണ് ആധുനിക ചരിത്രകാരന്മാർ അതിനെ വിളിക്കുന്നത്. ഇതിന്റെ കാലം ഉദ്ദേശം ബി.സി. 6000-മോ 7000-മോ വർഷങ്ങൾവരെ എത്തുമെന്നാണ് ഗവേഷകരുടെ നിഗമനം. പ്രസിദ്ധ ആംഗലേയ ചരിത്രകാരനായ എച്ച്.ജി. വെൽസ് തന്റെ 'ലോകചരിത്ര സംഗ്രഹം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു:

"ഉദ്ദേശം ക്രി.മു. 6000-ാമാണ്ടിനോ 7000-ാമാണ്ടിനോ അടുത്ത് ഏഷ്യയിലെ ഫലപുഷ്ടങ്ങളായ പ്രദേശങ്ങളിലും നൈൽ നദീതീരത്തും പെറുസംസ്കാരത്തോട് കിടനില്ക്കുന്ന ഒരർധസംസ്കാരത്തോടുകൂടിയ മനുഷ്യസമുദായങ്ങൾ ആവിർഭവിച്ചുകഴിഞ്ഞിരുന്നു..... എന്നാൽ, മെസൊപ്പൊട്ടേമിയ(ഇറാഖ്)യുടെ തെക്കുഭാഗങ്ങളിലും ഈജിപ്തിലുമാണ് ആദ്യമായി പട്ടണങ്ങളും ക്ഷേത്രങ്ങളും ജലസേചന പദ്ധതികളും, വെറുമൊരു ഗ്രാമ്യനഗരത്തിൽ നിന്നും അല്പം ഉയർന്ന സാമുദായിക ഘടനയുടെ മറ്റു ലക്ഷ

ണങ്ങളും പ്രത്യക്ഷപ്പെടുന്നത്. അക്കാലങ്ങളിൽ യൂഫ്രട്ടീസ് നദിയും ടൈഗ്രീസ് നദിയും വിഭിന്ന സരണികളിലൂടെയാണ് പാർസി ഉൾക്കടലിൽ ചെന്നുവീണിരുന്നത്. ഈ രണ്ടു നദികൾക്കും മധ്യേയുള്ള ഭൂഭാഗത്താണ് സുമേരിയക്കാർ ആദ്യമായി അവരുടെ പട്ടണങ്ങൾ പണിതത്."[2]

ഈ സുമേരിയക്കാരുടെ ശരീരാകൃതിയും മറ്റും ആധുനിക പുരാതത്വ ഗവേഷകർ നിർണയിച്ചിട്ടുണ്ട്. തവിട്ടുനിറത്തോടും മുന്നോട്ടുന്തിനില്ക്കുന്ന നാസികയോടും കൂടിയവരായിരുന്നു അവർ.[3]

മേൽപറഞ്ഞ പ്രകാരം, സുമേരിയാ ജനപദത്തിന്റെ ചരിത്രത്തിന് എണ്ണായിരമോ ഒമ്പതിനായിരമോ വർഷത്തെ കാലപ്പഴക്കം ഇന്നത്തെ ചരിത്രകാരൻമാർ തന്നെ കണ്ടിരിക്കുന്നു. എന്നാൽ, സുമേരിയൻ പുരാണപ്രകാരം ആ ജനതയുടെ ചരിത്രത്തിന് അതിനേക്കാൾ എത്രയോ കൊല്ലത്തെ പഴമയുണ്ട്. ക്രി. മു. 2300-ാമാണ്ടിനോടടുത്ത് സുമേരിയയിലെ പുരോഹിത ചരിത്രകാരൻമാർ നാട്ടിന്റെ പുരാതന ചരിത്രത്തെപ്പറ്റി ഒരന്വേഷണം നടത്തുകയുണ്ടായി. അവരുടെ നിഗമനത്തിൽ ജലപ്രളയ(തൂഫാൻ)ത്തിനു മുമ്പ് അവിടെ പത്തു രാജവംശങ്ങൾ 4,32,000 വർഷങ്ങൾ വാണിട്ടുണ്ട്.[4] ഇതു പ്രകാരം ക്രി.മു. 400-ാമാണ്ടിനോടടുത്ത് ജീവിച്ച ബാബിലോണിയയിലെ ഒരു ബാൽക്ഷേത്ര പുരോഹിതനായ ബെറസൂസും (Berasus) ആ ദേശത്തിന്റെ ഒരു ചരിത്രം എഴുതിയിരുന്നു. മൂലഗ്രന്ഥം നഷ്ടപ്പെട്ടുപോയെങ്കിലും അതിൽനിന്നുള്ള ഉദ്ധരണികൾ ജൂത- യവന ചരിത്രകാരൻമാർ താന്താങ്ങളുടെ കൃതികളിൽ പകർത്തിവെച്ചിട്ടുണ്ട്. ബെറസൂസും മേൽപറഞ്ഞ കണക്കുതന്നെയാണ് അംഗീകരിച്ചിട്ടുള്ളത്.[5]

പ്രസ്തുത കണക്കിൽ ഒരു പൂജ്യം കൂടി ചേർന്നാൽ ഭാരതീയരുടെ പുരാണമനുസരിച്ചുള്ള ഒരു 'മന്വന്തര'മായി. പുരാണ പ്രകാരം ഒരു മനുവിന്റെ വാഴ്ചക്കാലം 43,20,000 മനുഷ്യവർഷമാണ്. ബാബിലോണിയൻ പുരാണത്തിലാകട്ടെ, പ്രളയത്തിനു മുമ്പുള്ള കാലം 4,32,000 വർഷവും. ആകയാൽ, പ്രസ്തുത രണ്ടു കണക്കുകൾക്കും തമ്മിൽ നിഗൂഢമായ എന്തോ ബന്ധമുണ്ടെന്നും അന്യോന്യം പകർത്തിയപ്പോൾ ഒരു പൂജ്യം ഏറുകയോ കുറയുകയോ ചെയ്തതാവാമെന്നും ചിലർ അനുമാനിക്കുന്നു.[6] ഈ അനുമാനം അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞുകൂടാ.

ഏതായാലും ഇത്തരം കണക്കുകളും ചരിത്രങ്ങളും ആധുനിക ചരിത്ര വിദ്യാർഥികൾക്ക് സ്വീകാര്യമല്ല. ഖനനഗവേഷണങ്ങൾ തെളിയിക്കുന്ന കാലഗണന മാത്രമേ അവർ അംഗീകരിക്കുകയുള്ളൂ. അങ്ങനെ കൂടുതൽ സൂക്ഷ്മവും വസ്തുനിഷ്ഠവുമായ കണക്ക് വെച്ചുനോക്കിയാൽ തന്നെ സുമേരിയൻ നാഗരികതയ്ക്ക് 8000-ത്തിൽപരം വർഷത്തെ പഴമ കല്പിക്കാം. മെസൊപ്പൊട്ടേമിയൻ സാഹിത്യചരിത്രകാരനായ ശ്രീ.കൃഷ്ണചൈതന്യ എഴുതുന്നു: "ക്രി.മു. 5262-ൽ നിപ്പൂറിലും ക്രി.മു. 4500-ൽ കിഷിലും ക്രി.മു. 3500-ൽ ഊറിലും രാജവംശങ്ങൾ ഭരിച്ചിരുന്നതിന് തെളിവുണ്ട്."[7]

ബൈബിൾ പഴയനിയമത്തിലും ഖുർആനിലും ഒന്നാമത്തെ മനുഷ്യസമുദായ സമുദ്ധാരകനായി വർണിക്കപ്പെട്ട ഒരു മഹാനാണ് നോഹ. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിച്ച ഒരു നബിവചനത്തിൽ അദ്ദേഹത്തെ

'അവ്വലുർറുസുൽ' (പ്രഥമ ദൂതൻ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നു.[8] ഈ മഹാന്റെ മതപ്രബോധന കേന്ദ്രം മെസൊപ്പൊട്ടേമിയയായിരുന്നുവെന്ന് ആധുനിക മുസ്‌ലിം പണ്ഡിതന്മാരിൽ പ്രഗല്ഭനായ മൗലാനാ അബുൽ കലാം ആസാദ് തന്റെ ഖുർആൻ ഭാഷ്യത്തിൽ തെളിവുസഹിതം സമർഥിച്ചിട്ടുണ്ട്.[9] അതിനാൽ, മഹാനായ നൂഹ്നബി ഒരു സുമേരിയനായിരുന്നു എന്ന് കരുതാൻ ന്യായമുണ്ട്. കൂടാതെ നോഹയുടെ കാലത്ത് സംഭവിച്ചതെന്ന് ബൈബിളും ഖുർആനും പ്രതിപാദിക്കുന്ന ജലപ്രളയകഥ ഇറാഖിൽ നിന്ന് ഖനനംചെയ്തെടുത്തിട്ടുള്ള ശിലാരേഖകളിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ശ്രീ.കൃഷ്ണ ചൈതന്യ എഴുതുന്നു:

"ബാബിലോണിയൻ സാഹിത്യത്തിൽ ലോകത്തെയും മനുഷ്യവർഗത്തെയും നശിപ്പിച്ച ഒരു മഹാപ്രളയത്തെപ്പറ്റി അനേകം പാഠാന്തരങ്ങളുണ്ട്. ഇവയിൽ ഏറ്റവും അവസാനത്തേതിൽ ഈ കഥ 'ഗിൽഗമേഷി' ന്റെ ധീരകൃത്യങ്ങളെപ്പറ്റിയുള്ള നീണ്ട കവിതയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു."[10]

ചരിത്ര പ്രസിദ്ധമായ ആ മഹാപ്രളയത്തിൽ നിന്നു നോഹയും കൂടെയുള്ള ഏതാനും മനുഷ്യരും ജന്തുക്കളും മാത്രമാണ് രക്ഷപ്പെട്ടതെന്ന് ബൈബിൾ പറയുന്നു. ശിഷ്ടജനങ്ങളെല്ലാം പ്രളയത്തിൽ മുങ്ങിമരിച്ചു. നോഹയും കൂട്ടുകാരും ഒരു കപ്പലിൽ- പെട്ടകത്തിൽ-കയറിയായിരുന്നു രക്ഷപ്രാപിച്ചത്. പ്രളയാനന്തരം ആ കപ്പൽ ഒരു മലയുടെ മുകളിൽ ചെന്നുറച്ചു. ആ മലയുടെ പേർ 'അരാറാത്ത്' എന്നാണ് ബൈബിൾ പറഞ്ഞിട്ടുള്ളത്; ഖുർആനിലാകട്ടെ, 'അൽജൂദി' എന്നും. രണ്ടും തമ്മിൽ വൈരുധ്യമില്ലെന്നും ആർമീനിയാ പർവതമാണ് വിവക്ഷയെന്നും ഇന്നത്തെ ഗവേഷണം തെളിയിച്ചിട്ടുണ്ടെന്ന് മൗലാനാ ആസാദ് സമർഥിക്കുന്നു.[11] ഏതായാലും പ്രളയത്തിനു ശേഷം അവശേഷിച്ചത് നോഹയും അനുചരന്മാരും മാത്രമാണെന്ന കാര്യത്തിൽ ഖുർആനും ബൈബിളും ഏകോപിക്കുന്നുണ്ട്.

ചരിത്രപരമായി യാതൊരടിസ്ഥാനവുമില്ലാത്ത വെറും മതപുരാണമാണ് പ്രസ്തുത പ്രളയകഥയെന്ന് അടുത്തകാലംവരെ പലരും ധരിച്ചുവന്നിരുന്നു. പക്ഷേ, ഇപ്പോൾ ആ ധാരണക്ക് സ്വല്പം മാറ്റം വന്നതായി തോന്നുന്നു. ശ്രീ. ടി.സി. ശങ്കരമേനോൻ പുരാതത്ത്വഗവേഷണപരമായ അദ്ദേഹത്തിന്റെ 'ശതാബ്ദങ്ങൾക്കപ്പുറത്തു നിന്നുള്ള ശബ്ദങ്ങൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയതു കാണുക:

"ലോകം മുഴുവൻ ഒരു മഹാപ്രളയത്തിൽ മുങ്ങിയെന്നും നോഹയുടെ കപ്പലിൽ ഏതാനും മനുഷ്യരും മൃഗങ്ങളും രക്ഷപ്പെട്ടുവെന്നുമാണ് കഥ. ഈ സംഭവങ്ങൾ വാസ്തവത്തിൽ നടന്നവയാണെന്നതിന് ആവശ്യമുള്ളിടത്തോളം തെളിവുകൾ ഇതുവരെ ലഭിച്ചിരുന്നില്ല. പക്ഷേ, അടുത്തകാലത്ത് ഏഷ്യാമൈനറിൽ അരാറാറ്റ് (Ararat) പർവതനിരകളുടെ ഇടയിൽ, ഏകദേശം ആറായിരം അടി ഉയരമുള്ളൊരു മലയുടെ മുകൾപരപ്പിൽ, ഒരു കപ്പലിന്റെ വില്ലി മാതിരി ഒരു സാധനം കണ്ടെത്തിയിരിക്കുന്നു. നിലനിരപ്പിൽ നിന്ന് ലേശം ഉയർന്നുനിൽക്കുന്നതും കുറച്ചു തടിച്ചതുമായ ഒരു രേഖപോലെ മാത്രമാണ് അതിപ്പോൾ കാണപ്പെടുന്നത്. കല്ലും മണ്ണും ലാവയും നിറഞ്ഞ് ഉറച്ചുകിടക്കുകയാണ് മറ്റു ഭാഗങ്ങളെല്ലാം. ഏകദേശം നാനൂറ്റമ്പതടി നീളവും

നൂറ്റിയമ്പതടി വീതിയുമുള്ള ഒരു താമരയിതളിന്റെ ആകൃതിയാണ് ഭീമമായ ഈ വില്ലിക്കുള്ളത്. ഏകദേശം പതിനെട്ടടി കുഴിച്ചപ്പോൾ അതിന്റെ അടിഭാഗം കണ്ടു. നോഹയുടെ കപ്പലിന്റെ അളവുകൾ കേട്ടുകേൾവി പ്രകാരം നമുക്കറിയാം. അവ ഈ അളവുകളോട് യോജിക്കുന്നുണ്ട്. തുർകിയിലെ വ്യോമസേനാംഗങ്ങളാണ് ആദ്യമായി ഈ സാധനം കണ്ടെത്തിയത്. അവരുടെ സൈനിക വകുപ്പു ഗവേഷണശാലയിൽ കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ട്."[12]

ഇതെല്ലാം തെളിയിക്കുന്നത് നോഹയുടെ പ്രബോധന കേന്ദ്രം മെസൊപ്പൊട്ടേമിയയിലായിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ പിൻമുറക്കാരായ സുമേരിയൻ ജനതയാവണം, മെസൊപ്പൊട്ടേമിയയിൽ ആദ്യമായി സംസ്കാരസൗധം പടുത്തുയർത്തിയത്. ബൈബിൾ മതപ്രകാരം പ്രളയത്തിനു ശേഷമുള്ള മനുഷ്യസമുദായം നോഹയുടെ സന്തതികളാണ്. മറ്റുള്ള ജനം പ്രളയത്തിൽ നാമാവശേഷമായി.

പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുമ്പോൾ നോഹയുടെ ശേം, ഹാം, യാഫെത്ത് എന്നീ മൂന്ന് പുത്രന്മാരും അവരുടെ പുത്ര- കളത്രങ്ങളുമാണുണ്ടായിരുന്നത്.[13] ഇവരിൽ നിന്നാണ് മാനവ സമുദായം വീണ്ടും ജന്മംകൊണ്ടതെന്ന് ഉത്പത്തിപുസ്തകത്തിൽ പറയുന്നു. ഈ വിശദീകരണം ശരിയായാലും അല്ലെങ്കിലും, മനുഷ്യസമുദായം ഒരാണിൽനിന്നും പെണ്ണിൽ നിന്നുമുള്ളവരാണെന്ന് ഖുർആൻ പ്രഖ്യാപിച്ചത് നാം കണ്ടു.[14]

മഹാനായ നൂഹ്നബി ഏകദൈവസിദ്ധാന്തത്തിലേക്കാണ് സ്വജനത്തെ ക്ഷണിച്ചിരുന്നതെന്ന് ഖുർആൻ അസന്ദിഗ്ധമായി പ്രഘോഷിക്കുന്നു.[15] ഇതിന്റെ അർഥം, നോഹയുടെ കാലത്തിനു ശേഷം മെസൊപ്പൊട്ടേമിയയിൽ അധിവാസമുറപ്പിച്ച അദ്ദേഹത്തിന്റെ അനുചരന്മാർ ഏകദൈവാരാധകരായിരുന്നുവെന്നാണ്. മറ്റൊരുവിധം പറഞ്ഞാൽ, ഇന്നറിയപ്പെട്ട സംസ്കാരങ്ങളുടെ കൂട്ടത്തിൽ അതിപ്രാചീനമായ സുമേരിയൻ പരിഷ്കാരത്തിന്റെ ശില്പികൾ ശരിയായ സത്യത്തിന്റെയും ധർമത്തിന്റെയും അടിസ്ഥാനത്തിലാണ് നിലകൊണ്ടിരുന്നത്. വ്യതിചലനങ്ങളും വ്യതിയാനങ്ങളുമെല്ലാം അനന്തരകാല സൃഷ്ടികൾ മാത്രമാണ്.

## ഭാരതീയ സംസ്കാരോത്പത്തി

ഇനി നമുക്ക് ഭാരതീയ സംസ്കാരത്തിന്റെ ഉദ്ഭവത്തെപ്പറ്റി ചിന്തിക്കാം. ഇൻഡോ- ആര്യന്മാരാണ് ഭാരതീയ സംസ്കാരത്തിന്റെ ആദിമ ശില്പികളെന്ന ധാരണ അടുത്തകാലംവരെ ചരിത്രകാരന്മാർ വെച്ചുപുലർത്തിയിരുന്നു. എന്നാൽ, മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ, ഇന്ത്യാ ചരിത്രത്തിലും ഇരുപതാം നൂറ്റാണ്ട് മഹത്തായ വിപ്ലവം സൃഷ്ടിച്ചു. ആര്യന്മാർ ഇന്ത്യയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഇവിടെ പുരോഗമനാത്മകമായ ഒരു സംസ്കാരം നിലവിലുണ്ടായിരുന്നുവെന്ന് അസന്ദിഗ്ധമായി തെളിഞ്ഞിരിക്കുന്നു.

1922-27 കാലങ്ങളിൽ സിന്ധു സംസ്ഥാനത്തിലെ ലഡ്ക്കാന ജില്ലയിൽ പെട്ട മോഹൻജദാരോയിലും പഞ്ചാബിലെ മോണ്ട്ഗോമറി ജില്ലയിൽ പെട്ട ഹരപ്പായിലും നടത്തപ്പെട്ട ഖനന ഗവേഷണമാണ് ഇന്ത്യാ ചരിത്രം തിരു

ത്തിയെഴുതിച്ചത്. സപ്തസിന്ധുവിൽ 5000 വർഷങ്ങൾക്കു മുമ്പുതന്നെ സുസംഘടിതവും സുസജ്ജവുമായ ഒരു നഗരജീവിതം വളർന്നുകഴിഞ്ഞിരുന്നു. ഈ നാഗരികതയ്ക്ക് 'മോഹൻജദാരോ ഇൻഡസ് സിവിലൈസേഷൻ' (Mohen-jo- Daro Indus Civilization) എന്നാണ് പ്രസ്തുത ഖനനഗവേഷണത്തിനു മേല്നോട്ടം വഹിച്ചിരുന്ന സർ ജോൺ മാർഷൽ നാമകരണം ചെയ്തിട്ടുള്ളത്. പൊതുവിൽ 'സിന്ധുനദീതട സംസ്കാരം' എന്നു വിളിച്ചുവരുന്നു. സിന്ധുനദിയുടെയും റാവിനദിയുടെയും താഴ്‌വരകളിലായിരുന്നു ഈ നാഗരികത തഴച്ചുവളർന്നത്. സിന്ധുവിന്റെ ഒരു പോഷകനദിയാണ് റാവി.

സിന്ധുനദീതട സംസ്കാരത്തിന്റെ ഉത്ഥാനകാലവും പുരാതത്ത്വഗവേഷകന്മാർ കണക്കാക്കിയിട്ടുണ്ട്. ബി.സി. 3250 മുതൽ ബി.സി. 2760 വരെയാണത്.[16] ഇതോടെ ഭാരതീയ സംസ്കാര ചരിത്രം വളരെ ശതാബ്ദങ്ങൾ പിറകോട്ട് നീങ്ങിയിരിക്കുകയാണ്. എന്നാൽ, സപ്തസിന്ധുവിൽ സംസ്കാരസൗധം പടുത്തുയർത്തിയ കരങ്ങൾ ആരുടേതായിരുന്നു? വേദാദിസാഹിത്യങ്ങളുടെ ഉടമകളായ ആര്യൻ ജനതയുടേതായിരുന്നില്ല എന്ന് പ്രായേണ ഗവേഷകന്മാരെല്ലാം അഭിപ്രായപ്പെടുന്നു. സൈന്ധവരും ആര്യന്മാരും തമ്മിൽ ശരീരാകൃതിയിലും ഭാഷയിലും മതത്തിലും യാതൊരടുപ്പവും കാണുന്നില്ലെന്നാണ് അവർ പറയുന്നത്. ആര്യഗോത്രക്കാരുടെ നിറം വെള്ളയായിരുന്നുവെന്ന് അവരുടെ പുരാതന സാഹിത്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ സിന്ധുനദീതട നിവാസികളുടേത് തവിട്ടുനിറമായിരുന്നു. ഇതുപോലെ അവരുടെ മുഖാകൃതി, വലുപ്പം, വസ്ത്രധാരണരീതി, വേഷ ഭൂഷാദികൾ അങ്ങനെ പലതും ആര്യന്മാരുടേതിൽ നിന്നും ഭിന്നമായിരുന്നു. ശ്രീ. ടി.സി. ശങ്കരമേനോൻ എഴുതി:

"സിന്ധുതട നിവാസികളുടെ വലുപ്പം, മുഖഭാവം, വസ്ത്രധാരണ സമ്പ്രദായം മുതലായവയെപ്പറ്റി അവശിഷ്ടങ്ങൾ എന്തു പറയുന്നു? അന്നത്തെ ശ്മശാനങ്ങളിൽ നിന്നു കിട്ടുന്ന അസ്ഥികളിൽ നിന്നും അവരുടെ വലുപ്പം അറിയാം. പാത്രങ്ങളിലും ചുമരുകളിലും മറ്റുമുള്ള നിറമില്ലാത്തതും നിറമുള്ളതുമായ ചിത്രങ്ങൾ, പാവകൾ എന്നിവയിൽ നിന്നും മുഖത്തിന്റെ ആകൃതി, സാധാരണ നിറം, വേഷ ഭൂഷാദികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ കിട്ടുന്നതാണ്. നല്ല നാസികയോടുകൂടി കുറച്ചൊന്നു നീണ്ട മുഖമായിരുന്നു അവരുടേത് എന്ന് അനുമാനിക്കണം. കുറച്ചൊരു തവിട്ടു (Brown) നിറത്തിലാണ് ചിത്രത്തിൽ അവരെ കാണുന്നത്. മുടി കറുപ്പുതന്നെ. മിക്കവാറും കൃശഗാത്രരായിരുന്നുവെന്നും പുരുഷന്മാർ സാധാരണ താടി വളർത്തിയിരുന്നുവെന്നും ഊഹിക്കാം. തലമുടി പിന്നിലേക്ക് വലിച്ചുകെട്ടിയ സമ്പ്രദായത്തിലാണ് കാണുന്നത്. പുരുഷന്മാർ ചിത്രത്തയ്യലോടു (Embroidery)കൂടിയ ഒരു തരം ഉടുപ്പ് വലത്തുതോൾ മൂടാതെ ധരിച്ചിരുന്നു."[17]

ആര്യന്മാരുടെ ഭാഷ സംസ്കൃതമായിരുന്നു. അവരുടെ പ്രാചീനസാഹിത്യങ്ങളെല്ലാം ആ ഭാഷയിലാണ്. എന്നാൽ, സിന്ധുനദീതടനിവാസികളുടെ ഭാഷ സംസ്കൃതമായിരുന്നില്ല. ഖനനത്തിൽ ലഭിച്ച ആയിരക്കണക്കിന് മുദ്ര(Seals)കളിൽ അവരുടെ ഭാഷ രേഖപ്പെടുത്തി വെച്ചിട്ടുണ്ടായിരുന്നു. അവർ ഒരുതരം ചിത്രലിപിയാണ് ഉപയോഗിച്ചിരുന്നത്. ആ ലിപി ഇതുവരെ

വായിക്കപ്പെട്ടിട്ടില്ല.

ഇത്തരം കാരണങ്ങളാൽ സിന്ധുനദീതട നിവാസികൾ ആര്യജനതയിൽ നിന്നു വ്യത്യസ്തമായിരുന്നുവെന്നുള്ള നിഗമനത്തിലാണ് പുരാവസ്തു ഗവേഷകന്മാർ എത്തിച്ചേർന്നിട്ടുള്ളത്. എന്നാൽ പിന്നെ അവർ ആരായിരുന്നു? ഏതു വർഗത്തിൽ പെട്ടവരായിരുന്നു? ഈ പ്രശ്നത്തിന് ഉത്തരം കാണുന്ന വിഷയത്തിൽ പുരാതത്വ പണ്ഡിതന്മാർക്ക് സുനിർണിതവും ഏകീകൃതവുമായ ഒരു നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും താഴെ ഉദ്ധരിക്കുന്ന നിഗമനങ്ങൾ ഇത്തരുണത്തിൽ കൂടുതൽ ശ്രദ്ധേയങ്ങളാകുന്നു. 'അഡ്വാൻസ്ഡ് ഹിസ്റ്ററി ഓഫ് ഇന്ത്യ'യിൽ പറയുന്നു:

"അവസാനമായി സിന്ധുനദീതടസംസ്കാരം ഏതു വർഗക്കാരുടെ ഇടയിലാണ് വളർന്നുവന്നതെന്ന ചോദ്യം ഉദിക്കുന്നു. അവർ ദ്രാവിഡരായിരുന്നു എന്ന് ചിലരും, ദ്രാവിഡരും സുമേരിയക്കാരുമായ ഇരുവർഗക്കാരും വാസ്തവത്തിൽ ഒന്നുതന്നെയാണെന്ന് വേറെ ചിലരും അഭിപ്രായപ്പെടുന്നു."[18]

അതെ, സിന്ധുനാഗരികതയുടെ ശില്പികൾ ദ്രാവിഡരായിരുന്നു എന്നാണ് ചില ഗവേഷകരുടെ അഭിപ്രായം. മറ്റു ചിലർ അവിടെ നിന്നും ഒരടി മുൻകടന്ന്, ദ്രാവിഡൻമാരും പശ്ചിമേഷ്യയിലെ സുമേരിയന്മാരും വർഗശാസ്ത്രപര(Ethnic)മായി ഒരേ വർഗക്കാരാണെന്ന് സിദ്ധാന്തിക്കുന്നു. ശ്രീ. ജയസ്വലാൽ അദ്ദേഹത്തിന്റെ 'ഹിന്ദു സിവിലൈസേഷൻ' എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു:

"മറ്റൊരു വിഭാഗം ഭൂഗർഭശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു: പടിഞ്ഞാറൻ ഇന്ത്യയും സുമേരിയയും തമ്മിൽ ബി.സി. 6000-ാമാണ്ടു തന്നെ വ്യാപാരം നടന്നിരുന്നു എന്നും സുമേരിയരും ദ്രാവിഡരും ഭാഷാപരമായും വർഗശാസ്ത്രപരമായും മറ്റും പരസ്പരം സാമ്യം വഹിക്കുന്നുണ്ട് എന്നും."[19]

സുമേരിയന്മാരും സിന്ധുനദീതടനിവാസികളും തമ്മിൽ കച്ചവട ബന്ധമുണ്ടായിരുന്നുവെന്ന നിഗമനത്തിനുപോദ്ബലകമായി ഖനനത്തിൽ പല തെളിവുകളും ലഭിച്ചിട്ടുണ്ട്. പ്രസിദ്ധ ഗവേഷകപണ്ഡിതനായ ഗോർഡൻ ചൈൽഡിനെ ഉദ്ധരിച്ചു പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന കൃതിയിൽ രേഖപ്പെടുത്തിയത് നോക്കുക:

"സിന്ധുതടത്തിലെ ഈ ജനങ്ങൾക്ക് അക്കാലത്തെ സുമേരിയൻ പരിഷ്കാരവുമായി പല സമ്പർക്കവുമുണ്ടായിരുന്നു. അക്കാഡ(കാൽഡിയ)നിൽ ഒരു ഇന്ത്യൻ കോളനി-കച്ചവടക്കാരുടേതാവണം- ഉണ്ടായിരുന്നതിനുകൂടി ചില തെളിവുകളുണ്ട്. സിന്ധുനഗരങ്ങളിലെ ചില വ്യവസായോത്പന്നങ്ങൾ ടൈഗ്രീസ്-യൂഫ്രട്ടീസ് നദികളോടു ബന്ധപ്പെട്ടു കിടക്കുന്ന കമ്പോളങ്ങളിൽ ചെന്നെത്തി. പകരം ഏതാനും സുമേരിയൻ കലാവിരുതുകൾ, മെസൊപ്പൊട്ടേമിയയിൽ നിന്നുള്ള അലങ്കാരസാമഗ്രികൾ, ഒരു നാളമുദ്ര എന്നിവ സിന്ധുദേശം പകർത്തിയെടുത്തു. അസംസ്കൃത പദാർഥങ്ങളിലും ആഡംബരവസ്തുക്കളിലും മാത്രമല്ല കച്ചവടം നടന്നിരുന്നത്. അറബിക്കടൽതീരങ്ങളിൽ നിന്നും പതിവായി ഇറക്കുമതി ചെയ്യപ്പെട്ടുപോന്ന മത്സ്യം മോഹൻജദാരോയിലെ ഭക്ഷ്യവിഭവങ്ങളെ പോഷിപ്പിച്ചു." (വാട്ട് ഹാപ്പൻഡ് ഇൻ ഹിസ്റ്ററി, പേജ്: 113)[20]

ഇന്ത്യൻ വ്യാപാരികളുടെ മുദ്രകൾ മെസൊപ്പൊട്ടേമിയയിൽ നിന്നും കിട്ടു കയുണ്ടായി. പരുത്തിത്തുണിയും സുഗന്ധദ്രവ്യങ്ങളുമാണ് സിന്ധുതടത്തിൽ നിന്ന് കയറ്റുമതി ചെയ്തിരുന്നത്. ഊർ, ലാഗാഷ്, സൂസ, ടെൽ ആസ്മാർ മുതലായ പ്രാചീന മെസൊപ്പൊട്ടേമിയൻ നഗരങ്ങളിൽ നിന്നും ഇന്ത്യൻ ശ്രേഷ്ഠികളുടെ മുദ്രകൾ കിട്ടിയിട്ടുണ്ട്."[21]

വെറും കച്ചവടബന്ധം മാത്രമല്ല സുമേരിയരും സൈന്ധവരും തമ്മിലു ണ്ടായിരുന്നത്; മതപരവും ധാർമികവുമായ ബന്ധം കൂടിയുണ്ടായിരുന്നു."[22] ഭാരതീയ പണ്ഡിതനായ ശ്രീ. രാഹുൽ സാംകൃത്യായൻ രേഖപ്പെടുത്തുന്നു: "ഗ്രന്ഥകർത്താവിന്റെ 'മനുഷ്യസമുദായം' എന്ന പുസ്തകത്തിൽ, ആര്യന്മാർ ഇന്ത്യയിൽ വരുന്നതിനു മുമ്പ് സിന്ധുതാഴ്‌വരയിൽ അസീരിയ (മെസൊ പ്പൊട്ടമിയ) യിലെ ഒരു പരിഷ്കൃതവിഭാഗം നിവസിച്ചിരുന്നുവെന്നും അവ രുടെ സാമന്തസമുദായം അഫ്ഗാനിസ്ഥാനിൽ കടക്കാൻ തുടങ്ങിയ പ്രാ ചീന ആര്യസമുദായത്തെ അപേക്ഷിച്ച് കൂടുതൽ സമുന്നതാവസ്ഥ പ്രാപി ച്ചിരുന്നു എന്നും പ്രസ്താവിച്ചിട്ടുണ്ട്."[23]

സിന്ധുതാഴ്‌വരയിൽ വന്നു താമസമുറപ്പിച്ച മെസൊപ്പൊട്ടേമിയക്കാർ സുമേരിയരായിരുന്നു. മറ്റൊരു വിധം പറഞ്ഞാൽ, നോഹയുടെ സന്തതി കൾ.ആ പാരമ്പര്യത്തിൽ നിന്നാണ് ദ്രാവിഡവിഭാഗം ജന്മമെടുത്തത്. സുമേ രിയരും ദ്രാവിഡരും വർഗശാസ്ത്രപരമായി ഒറ്റ വിഭാഗമാണ് എന്നാണല്ലോ ഒരു വിഭാഗം ഭൂഗർഭശാസ്ത്രജ്ഞരുടെ അഭിപ്രായം. ആകയാൽ, ഭാരതീയ സംസ്കാരത്തിന്റെ ഉത്പത്തി സുമേരിയയിൽ നിന്നാണുണ്ടായത്. അവരാ കട്ടെ, നോഹയുടെ സന്തതികളുമായിരുന്നു.

## മതദർശനം

സിന്ധുനദീതട സംസ്കാരത്തിലെ മതദർശനത്തെപ്പറ്റി സുനിർണിത മായ ഒരഭിപ്രായമല്ല ഗവേഷകർക്കുള്ളത്. അവിടെ ശിവപൂജയും ലിംഗപൂ ജയും ദേവീപൂജയും നടന്നിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ലിംഗ രൂപങ്ങൾ പലതും ഖനനത്തിൽ കിട്ടിയിട്ടുണ്ട്. കുട്ടികളെ ഏന്തിനില്ക്കുന്ന സ്ത്രീരൂപങ്ങളും ധാരാളം ലഭിച്ചിട്ടുണ്ട്. മൂന്നു ശിരസ്സുള്ള ഒരു പ്രതിമയും കണ്ടെത്തി. ഇത് ശിവന്റെ പ്രതിരൂപമാവാമെന്ന് സർ ജോൺ മാർഷൽ സംശ യിക്കുന്നു. പ്രസ്തുത ചിത്രങ്ങളാണ് അവിടെ ലിംഗപൂജയും ദേവീപൂജയും ശിവപൂജയും നടന്നിരുന്നുവെന്ന നിഗമനങ്ങൾക്കാധാരം. എന്നാൽ, ഈ നിഗ മനങ്ങൾ ശരിയല്ലെന്നും ചിലർക്കഭിപ്രായമുണ്ട്. ശിവന്റേതെന്നു ജോൺ മാർഷൽ സംശയിച്ച രൂപത്തിന് മൂന്ന് ശിരസ്സുകളില്ലെന്നാണ് അവരുടെ വാദം.[24] ഏതായാലും അവിടെ വിഗ്രഹാരാധന നടന്നിരുന്നുവെന്ന നിഗമന മാണ് ഗവേഷകന്മാരിൽ ചിലർക്കുള്ളത്. അത്തരം ആരാധനാ സമ്പ്രദായ ങ്ങൾ മെസൊപ്പൊട്ടേമിയയിലും നടമാടിയിരുന്നു. പുരാവസ്തു പണ്ഡിത നായ ഡോ. എ.അയ്യപ്പൻ തന്റെ 'ഭാരതപ്പഴമ' എന്ന കൃതിയിൽ എഴുതുന്നു:

"ഹരപ്പായിലെയും മോഹൻജദാരോയിലെയും ജനങ്ങൾ പല ദേഹപ്ര കൃതിയോടുകൂടിയവരായിരുന്നു. പല ജാതി ആരാധനാസമ്പ്രദായങ്ങളും അവിടെ ഉണ്ടായിരുന്നു. ചിലർ ദേവിയെ പൂജിച്ചിരുന്നു (പശ്ചിമേഷ്യയിലെ ല്ലായിടത്തും ചെയ്തിരുന്ന മാതിരി). ലിംഗരൂപത്തിലും പശുപതിരൂപത്തിലും

ശിവൻ ആരാധനാമൂർത്തിയായിരുന്നു. മൂന്ന് മുഖങ്ങളോടുകൂടി, ഊർധ്വരേതസ്സായ ഒരു ദേവത കൊമ്പുകളുള്ള കിരീടത്തോടുകൂടി, കാട്ടുമൃഗങ്ങളാൽ ചുറ്റപ്പെട്ട്, പത്മാസനസ്ഥയായി തപസ്സു ചെയ്യുന്ന ചിത്രം ചില സീലുകളിന്മേൽ കൊത്തപ്പെട്ടിട്ടുണ്ട്."[25]

നോഹയുടെ കാലത്ത് സുമേരിയന്മാർ ആരാധിച്ചിരുന്ന ചില ദേവതകളുടെ പേർ ഖുർആനിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഒരു ദേവന്റെ നാമം 'സുവാഉ' എന്നത്രേ. [26] ഈ സുവാഉ തന്നെയാവണം സിന്ധുതടത്തിൽ കണ്ട ശിവനും. ശിവനും സുവാഉം തമ്മിലുള്ള ശബ്ദസാദൃശ്യം ഈ നിഗമനത്തിന് ഉപോദ്ബലകമാണ്. അറേബ്യയിൽ പ്രവാചകന്റെ കാലത്ത് സുവാഅ് ആരാധിക്കപ്പെട്ടിരുന്നു. അറബികൾ ആ വിഗ്രഹത്തെ കൊണ്ടുപോയത് ഇന്ത്യയിൽ നിന്നാണെന്ന് 'സ്വഹീഹുൽ ബുഖാരി'യുടെ വ്യാഖ്യാനഗ്രന്ഥമായ 'ഫത്ഹുൽ ബാരി'യിൽ ഉദ്ധരിച്ചിട്ടുണ്ട്.[27] ആകയാൽ ശിവാരാധന ഇന്ത്യക്കാർ സുമേരിയയിൽനിന്നും, അറബികൾ ഇന്ത്യക്കാരിൽ നിന്നും സ്വീകരിച്ചതാവണം.

എന്നാൽ, ഏകദൈവ വിശ്വാസികളായ ഒരു വിഭാഗവും സിന്ധുതടത്തിൽ നിവസിച്ചിരുന്നു എന്ന് ഗവേഷകന്മാർക്കഭിപ്രായമുണ്ട്. പുരാവസ്തു ഗവേഷണപരമായ നിഗമനങ്ങൾ ക്രോഡീകരിച്ച 'ഭാരതീയ സംസ്കാര സാമ്രാജ്യചരിത്രം' എന്ന പുസ്തകത്തിൽ ശ്രീ. പി. തോമസ് എഴുതുന്നു:

"ഏകദൈവവിശ്വാസികളായിരുന്നു അവർ (സൈന്ധവന്മാർ) എന്ന നിഗമനത്തിലാണ് മിക്കവാറും ഗവേഷകന്മാർ എത്തിച്ചേർന്നിട്ടുള്ളത്"[28]

ഇവർ നോഹാ പ്രവാചകന്റെ അനുചരന്മാരായിരിക്കണം. എന്തെന്നാൽ, അദ്ദേഹത്തിന്റെ മതം ഏകത്വത്തിലധിഷ്ഠിതമായിരുന്നു എന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്.[29] സപ്തസിന്ധുവിൽ സംസ്കാരഹർമ്യം കെട്ടിപ്പടുത്ത സുമേരിയർ തങ്ങളുടെ പിതാവായ നോഹയുടെ മതാവലംബികളായിരിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല.

ചില പണ്ഡിതന്മാർ സൈന്ധവന്മാരുടെ ഏകദൈവത്തിന്റെ നാമവും സവിശേഷതയുംകൂടി രേഖപ്പെടുത്തിയിട്ടുണ്ട്. 'ഓം' എന്നായിരുന്നു അവരുടെ ദൈവത്തിന്റെ പേർ. 'ദീദിവികൺ' എന്നായിരുന്നു അവന്റെ ഒരു ഗുണനാമം. മൗലാനാ അബുൽകലാം ആസാദ് തന്റെ 'തർജുമാനുൽ ഖുർആനി'ൽ എഴുതുന്നു:

"ഇന്ത്യയിലെ ആദിവാസികളെ പിന്നീട് വന്ന ആര്യന്മാർ 'ദസ്യുക്കൾ' (ദാസന്മാർ) എന്ന ഹാസ്യനാമത്തിലാണ് വിളിച്ചിരുന്നത്. ദസ്യുക്കളുടെ അടിസ്ഥാന ദൈവസങ്കല്പം ഏകത്വത്തിലധിഷ്ഠിതമായിരുന്നു. അവർ വിഗ്രഹപൂജകരായിരുന്നില്ല. 'ഓം' എന്നായിരുന്നു ആ ഏകദൈവത്തിന് പേർ. സംസ്കൃതത്തിൽ ഇതിനു തുല്യമായ പര്യായം 'ഇന്ദുവാൻ' (ഏകൻ) എന്നത്രേ. ആ ദൈവത്തിന്റെ അധികാരം സകല ചരാചരങ്ങളുടെ മേലും വ്യാപകമാകുന്നു. അവന്റെ നിയമമനുസരിച്ചാണ് സർവ ദേവൻമാരും നില കൊള്ളുന്നത്. അവന്റെ ഒരു ഗുണനാമം 'ദീദിവികൺ' എന്നായിരുന്നു. 'ഒരിക്കലും അശ്രദ്ധബാധിക്കാത്ത ദൃഷ്ടിയോടുകൂടിയവൻ' എന്നർഥം. 'തന്നെ മയക്കമോ ഉറക്കമോ പിടികൂടുന്നില്ല'[30] എന്ന് അല്ലാഹു ഖുർആനിൽ സ്വയം

വിശേഷിപ്പിച്ചിട്ടുള്ളതും ഇതേ അർഥത്തിലാണല്ലോ."[31].

ഈ അഭിപ്രായത്തിനുപോദ്ബലകമാണ് ഓംകാരത്തിനു നിഘണ്ടുവിൽ കാണുന്ന വിവരണം. ശ്രീ. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ 'സംസ്കൃത-മലയാള നിഘണ്ടു'വിൽ പറയുന്നു: "ഓം -ശൂദ്രന്മാരുടെ പ്രണവം." ശൂദ്രവിഭാഗം തങ്ങളുടെ പ്രാർഥനാരംഭത്തിൽ ഉച്ചരിക്കുന്ന ദൈവ നാമമാണ് ഓം എന്നർഥം. ആര്യന്മാരുടെ ആധിപത്യത്തിൽ ഇവിടത്തെ ആദി വാസികൾ ശൂദ്രന്മാരായിത്തീർന്നു. ആര്യന്മാർ അവരുടെ മന്ത്രങ്ങളുടെയും പ്രാർഥനകളുടെയും ആരംഭത്തിൽ ഉപയോഗിച്ചിരുന്നത് 'ഓം' എന്നാണ്. ഇതിന്റെ അർഥം ദൈവമെന്നുതന്നെ. വിശ്വവിജ്ഞാനകോശത്തിൽ ഓംകാ രത്തെ വിവരിച്ചിരിക്കുന്നത് ഇങ്ങനെയാകുന്നു: "പരബ്രഹ്മ വാചകമായ പ്രണ വമന്ത്രം."[32] ഇതുപോലെ അനാര്യരായ ശൂദ്രന്മാരുടെ ഏകദൈവ വാചക മായ പ്രണവമായിരുന്നു ഓം. പ്രണവം എന്നാൽ മന്ത്രത്തിന്റെ പ്രാരംഭവാ ക്കാണെന്നു സാരം.

ചുരുക്കത്തിൽ, ആര്യാഗമനത്തിനുമുമ്പ് ഇന്ത്യയിൽ ഏകദൈവത്തെ ആരാധിച്ചിരുന്ന സുമേരിയരിലെ ഒരു വിഭാഗം നിവസിച്ചിരുന്നു. സിന്ധുന ദീതടത്തിൽ സംസ്കാരസൗധം പടുത്തുയർത്തിയ കരങ്ങൾ അവരുടേതാ യിരുന്നിരിക്കണം. എന്നാൽ, സപ്തസിന്ധുവിൽ ഒന്നിലധികം ദേശീയത കൾ നിലനിന്നിരുന്നതായി ഖനനത്തിൽ ലഭിച്ച മനുഷ്യാസ്ഥിപഞ്ജരങ്ങൾ തെളിയിച്ചിട്ടുണ്ട്. ശ്രീ. എ.ആർ. പരമേശ്വരൻപിള്ള തന്റെ 'പ്രാചീന ലിഖിത ങ്ങൾ' എന്ന കൃതിയിൽ എഴുതുന്നു:

"മോഹൻജദാരോയിലും ഹരപ്പായിലും ഖനനം ചെയ്തെടുക്കപ്പെട്ട മനു ഷ്യാസ്ഥിപഞ്ജരങ്ങളെ പരിശോധിച്ചുനോക്കിയ നരവംശവിജ്ഞാനികൾ പറയുന്നത് അവ ഒരേ വർഗത്തിൽ പെട്ട മനുഷ്യരുടേതല്ല എന്നാണ്."[33]

അതുകൊണ്ട് ശിവപൂജയും മറ്റും അവിടെ നടന്നിരുന്നുവെങ്കിൽ അത് ഇന്ത്യയിലെ ആദിവാസികളുടെ ആചാരസമ്പ്രദായങ്ങളിൽപ്പെട്ടതാകണം. എന്നാൽ, സംസ്കാരം സ്ഥാപിച്ച കരങ്ങൾ ഏകദൈവവിശ്വാസികളുടേ താവണമെന്ന നിഗമനമാണ് കൂടുതൽ യുക്തിസഹമായി തോന്നുന്നത്.

## നോഹയുടെ സന്തതികൾ

പ്രളയത്തിനു ശേഷം ലോകത്തിന്റെ നാനാഭാഗങ്ങളിലും നോഹയുടെ പിൻമുറക്കാർ വ്യാപിച്ചു. ബൈബിൾ മതപ്രകാരം ഈജിപ്തിൽ നാഗരികത സ്ഥാപിച്ചത് നോഹയുടെ പുത്രൻ ഹാമിന്റെ മകനായ മിസ്രയീമിന്റെ അന ന്തരഗാമികളാണ്. ഇതുപോലെ അറേബ്യ, ഇറാഖ്, സിറിയ മുതലായ നാഗ രികകേന്ദ്രങ്ങൾ നോഹയുടെ മറ്റൊരു പുത്രനായ ശേമിന്റെ പിൻമുറക്കാർ അധീനപ്പെടുത്തി. ഇവരാണ് ബാബിലോണിയ, അസീറിയ, കാൽഡിയ, ഫിനീഷ്യ തുടങ്ങിയ പ്രാചീന നഗരരാഷ്ട്രങ്ങൾ സ്ഥാപിച്ചത്. അബ്രഹാമും സന്തതികളും ഈ വംശത്തിൽ പെടുന്നു. ഈ വംശത്തെയാണ് ആധുനിക ചരിത്രകാരന്മാർ 'സെമിറ്റിക്കുകൾ' എന്നു വിളിക്കുന്നത്.

എന്നാൽ, നോഹയുടെ മറ്റൊരു പുത്രനായിരുന്ന യാഫെത്തിന്റെ പിൻമു റക്കാരെപ്പറ്റി ബൈബിൾ കാര്യമായൊന്നും വിശദീകരിച്ചു കാണുന്നില്ല. അവർ ദ്വീപുകളിലാണ് അധിവാസമുറപ്പിച്ചതെന്നു മാത്രമാണ് ഉൽപത്തി

പുസ്തകത്തിൽ നിന്നു വ്യക്തമാകുന്നത്. [34] അതിനാൽ, യാഫെത്തിന്റെ സന്താനപരമ്പരയാണ് ദ്വീപുകളിലെ ആദിവാസികളെന്നു വിചാരിക്കാവുന്നതാണ്.

ഇന്ത്യ ഒരുപദ്വീപാണല്ലോ. യാഫെത്തിന്റെ പിൻമുറക്കാർ ഇന്ത്യയിൽ വന്നു കുടിയേറിപ്പാർത്തുവെന്ന് കരുതുന്നതിൽ അസംഗതമായി ഒന്നുമില്ല. ഇത്തരുണത്തിൽ അറബി ചരിത്രകാരനും ലോകസഞ്ചാരിയുമായിരുന്ന അബുൽഹസൻ മസൂദി (മരണം: ക്രി.956) തന്റെ 'മുറുജുദ്ദഹബ്' എന്ന ചരിത്രകൃതിയിൽ രേഖപ്പെടുത്തിവെച്ചത് നോക്കുക: "നോഹയുടെ പൗത്രന്റെ ഒരു മകനായ നൂഫീർ തന്റെ സന്തതികളോടൊപ്പം ഇന്ത്യയിലേക്ക്- സിന്ധുവിലേക്ക്-യാത്ര ചെയ്തു. സിന്ധിലെ നിവാസികൾ നൂഫീറിന്റെ സന്താന പരമ്പരയിൽ പെട്ടവരാണ്."[35] അദ്ദേഹം തന്നെ പ്രസ്തുത ഗ്രന്ഥത്തിൽ വേറൊരിടത്ത് എഴുതുന്നു: "നോഹയുടെ മകൻ യാഫെത്തിന്റെ മകൻ സുബേലി(തൂബൽ)ന്റെ സുതൻ ആബൂർ അഥവാ ആമൂർ ഇന്ത്യൻ അതിർത്തികളിൽ ചെന്നു പാർപ്പുറപ്പിച്ചു."[36]

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ, സുമേരിയയിൽ നിന്നു സിന്ധിൽ കുടിയേറിപ്പാർത്ത വംശം നോഹയുടെ പിൻമുറക്കാരായിരുന്നുവെന്ന് തീർച്ചപ്പെടുത്താവുന്നതാണ്.

മെസൊപ്പൊട്ടേമിയൻ സാഹിത്യത്തിൽ അവിടെയുണ്ടായ ഒരു മഹാപ്രളയത്തെക്കുറിച്ച കഥകളുണ്ടെന്ന് നാം മുമ്പ് സൂചിപ്പിച്ചു. അതുപോലെ ഇന്ത്യൻ പുരാണങ്ങളിലും ഒരു പ്രളയകഥ സ്ഥലം പിടിച്ചിട്ടുണ്ട്. 'മനു' എന്ന ഒരു മഹാപുരുഷനോടു ബന്ധപ്പെടുത്തിയാണ് ആ കഥ ഇവിടെ പ്രചരിച്ചിട്ടുള്ളത്. മനുവിന് ഇന്ത്യൻ പുരാതന സാഹിത്യത്തിൽ മറ്റൊരു നാമവും കാണുന്നു-'സത്യവ്രതൻ'. ഈ മനു ദ്രാവിഡരുടെ നാഥനായിരുന്നുവെന്ന് 'മഹാഭാരത'ത്തിലെ ഒരു ശ്ലോകത്തിൽനിന്നു മനസ്സിലാകുന്നതാണ്:

"യോ സൗ സത്യവ്രതോ നാമ രാജർഷിർ ദ്രവിഡേശ്വരഃ
ജ്ഞാനം യോഽതീത കല്പാന്തേ ലേഭേ പുരുഷ സേവയാ."[37]

ബൈബിളിലെ പ്രളയകഥാനായകനായ നോഹയും ഖുർആനിലെ പ്രളയകഥാനായകനായ നൂഹും ഒരാൾ തന്നെയാണെന്ന് വിശിഷ്യാ പറയേണ്ടതില്ല. അതുപോലെ ഇന്ത്യൻ പ്രളയകഥാനായകനായ മനുവും അദ്ദേഹം തന്നെയാവണം. മഹാനാമങ്ങളുടെ ആദിയിൽ ബഹുമാനസൂചകമായി 'മാ' ചേർത്തുച്ചരിക്കുക പതിവാണല്ലോ. 'മാബലി' ഉദാഹരണം. ഇതുപോലെ 'നൂഹി'നോട് 'മാ' ചേർന്ന് 'മാനൂഹും', കാലക്രമത്തിൽ 'മനു'വും ആയി രൂപാന്തരപ്പെട്ടുവെന്ന് ഊഹിക്കാവുന്നതാണ്. പുരാതനകാലത്ത് ഏതെങ്കിലുമൊരു കുലപതിയുടെ പേരിലാണ് വംശങ്ങളും ഗോത്രങ്ങളും ജന്മമെടുക്കുക. സെമിറ്റിക് വംശം 'ശേം' എന്ന കുലപതിയുടെ പേരിലാണല്ലോ ഉടലെടുത്തത്. ഇതുപോലെ ഇന്ത്യയിലും ദ്രാവിഡന്മാർ തങ്ങളുടെ കുലപതിയായ യാഫിഥിന്റെ പേരിൽ അറിയപ്പെട്ടു എന്നു വിചാരിക്കാൻ വകയുണ്ട്. മഹാനാമങ്ങളുടെ ആരംഭത്തിൽ 'തിരു' എന്ന വിശേഷണം ചേർക്കുക പതിവാണ്. അങ്ങനെ ദ്രാവിഡർ അവരുടെ കുലപതിയെ 'തിരുയഫിഥെ'ന്നു പറഞ്ഞുവന്നു എന്നും അവസാനം അത് 'ദ്രാവിഡർ' ആയിത്തീർന്നു എന്നും

ഊഹിക്കാം; 'തിരുട്ടി' 'ദൃഷ്ടി'യായപോലെ.

ഏതായാലും ഇന്ത്യയിൽ വളർന്നുവന്ന ആദ്യത്തെ സംസ്കാരം ഒരു പ്രവാചകന്റെ പ്രബോധനത്തിൽ നിന്നുടലെടുത്തതാണ്. സൈന്ധവന്മാരുടെ ഏകദൈവത്വവിഭാവനം അതിലേക്കുത്തമ തെളിവത്രേ. ആ പാരമ്പര്യത്തിൽനിന്നുയിർക്കൊണ്ട ധാർമിക സങ്കല്പം ഇന്നും ഭാരതീയരിൽ നില നില്ക്കുന്നുണ്ടുതാനും.

## സാബിമതക്കാർ

ഇനി നമുക്ക് ഖുർആന്റെ ഭാഷയിൽ ഇന്ത്യയിലെ ആദിമതസ്ഥരുടെ പേരെന്തെന്നു നോക്കാം. ഖുർആൻ പൂർവപ്രവാചകരുടെ മതങ്ങൾ അവലംബിച്ച വിഭാഗങ്ങളെ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ 'സാബികൾ' എന്നൊരു വിഭാഗത്തെ കാണാം. ഈ വിഭാഗക്കാരെപ്പറ്റി കൂടുതലായൊന്നും ഖുർആൻ വിവരിച്ചിട്ടില്ല. എന്നാൽ, ഖുർആൻ വ്യാഖ്യാതാക്കളും മുസ്ലിം ചരിത്രകാരന്മാരും പ്രസ്തുത വിഭാഗക്കാരുടെ സവിശേഷതകളെപ്പറ്റി അന്വേഷണം നടത്തി. തദ്ഫലമായി അവർ ചില നിഗമനങ്ങളിലെത്തി. പക്ഷേ, സുനിർണിതമായ ഒരു നിഗമനമല്ല അവർക്കുള്ളത്. വ്യത്യസ്തമായ അഭിപ്രായങ്ങളാണ് അവർ രേഖപ്പെടുത്തി വെച്ചിട്ടുള്ളത്. ഇക്കൂട്ടത്തിൽ കൂടുതൽ പ്രബലമായ ഏതാനും അഭിപ്രായങ്ങൾ ഇവിടെ പകർത്താം.

സുപ്രസിദ്ധ മുസ്ലിം ചരിത്രകാരനായ ഇബ്നുന്നദീം (ക്രി. 936-995) അദ്ദേഹത്തിന്റെ 'അൽഫിഹ്രിസ്തി'ൽ സാബികളെപ്പറ്റി സുദീർഘമായി ചർച്ച ചെയ്തിട്ടുണ്ട്. കൂട്ടത്തിൽ പറയുന്നു: "ഇബ്റാഹീം നബിയുടെ മുമ്പുള്ള പ്രവാചകന്മാരായ നൂഹിന്റെയും ശിഥിന്റെയും അനുയായികളാണ് തങ്ങളെന്ന് സാബികൾ അവകാശപ്പെടുന്നു. ശിഥിന്റെ ഒരു മതഗ്രന്ഥം അവരുടെ പക്കലുണ്ട്. ധാർമിക നിർദേശങ്ങളാണ് അതിൽ പ്രതിപാദിച്ചിട്ടുള്ളത്."[38] മറ്റൊരു പ്രഗല്ഭ മുസ്ലിം പണ്ഡിതനായ അലിയ്യുബ്നു ഹസം (ക്രി. 994-1064) തന്റെ 'അൽ ഫിസ്ലു ഫിൽ മിലലി വന്നിഹൽ' എന്ന കൃതിയിൽ രേഖപ്പെടുത്തുന്നത് കാണുക: "ലോകത്തിലെ ഏറ്റവും പുരാതന മതമാണ് സാബികളുടേത്".[39] വഹബുബ്നു മുനബ്ബ, അബ്ദുർറഹ്മാനുബ്നു സൈദ്, ഫഖ്റുദ്ദീനിർറാസി, ഇബ്നുകസീർ മുതലായ ഒട്ടധികം ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ ഏകദൈവവിശ്വാസികളായിരുന്നു സാബികൾ.[40]

പ്രസ്തുത അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ, സാബികളെ നമുക്ക് നോഹാ പ്രവാചകന്റെ അനുചരന്മാരായി വിലയിരുത്താം. സാബിമതക്കാരുടെ ഒരു കേന്ദ്രമായിരുന്നു പശ്ചിമേഷ്യയിലെ ഹർറാൻ. അവിടെയാണ് പ്രസിദ്ധ പണ്ഡിതനായ ഇബ്നുതൈമിയ്യയുടെ ജന്മദേശം. ഇദ്ദേഹത്തിന്റെ കാലത്ത് (ക്രി. 1263-1328) ഹർറാനിലും ദമസ്കസിലും സാബികളുടേതായി പല പുരാതന ദേവാലയങ്ങളും അവരുടെ സ്മാരകങ്ങളെന്നോണം സ്ഥിതി ചെയ്തിരുന്നു. പക്ഷേ, അക്കാലത്ത് അവരെല്ലാം ഇസ്ലാംമതാവലംബികളായിക്കഴിഞ്ഞിരുന്നതിനാൽ മറ്റൊരവശിഷ്ടവും അവിടെ അവശേഷിച്ചിരുന്നില്ല. ആ ദേവാലയങ്ങൾ തന്നെ മുസ്ലിംപള്ളികളായിട്ടാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ, അവയ്ക്ക് രണ്ടു 'ഖിബ്ല'കൾ (അഭിമുഖഗതി

കൾ) ഉണ്ടായിരുന്നു. ഒന്ന് ഉത്തരധ്രുവത്തെയാണെങ്കിൽ മറ്റേത് 'കഅ്ബ'യെയാണ് അഭിമുഖീകരിച്ചിരുന്നത്. സാബികൾ തങ്ങളുടെ മതശാസനയനുസരിച്ച് പ്രാർഥന നടത്തേണ്ടതിനായി ഉത്തരധ്രുവത്തെ അഭിമുഖമാക്കി പള്ളികൾ നിർമിച്ചു. പിന്നീട് അവർ ഇസ്‌ലാംമതം സ്വീകരിച്ചു. ഇസ്‌ലാമനുസരിച്ചുള്ള പ്രാർഥനകൾക്കും അതേ പള്ളികൾ ഉപയോഗിച്ചുവന്നു. തദവസരം കഅ്ബയെ അഭിമുഖമാക്കി രണ്ടാമത്തെ ഖിബ്‌ലയും പണിതു. അങ്ങനെയാണ് പ്രസ്തു ത ദേവാലയങ്ങൾക്ക് രണ്ടു ഖിബ്‌ലകളുണ്ടായത്. ('അർറദ്ദു അലൽ മൻത്വിഖിയ്യീൻ' നോക്കുക)[41]

ഇറാഖിൽ സാബികളിലെ ഒരു ചെറിയ വിഭാഗം അധിവസിച്ചിരുന്നു. 'മാൻഡിയൻസ്' (Mandaeans) എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനഫലമായി അവരിൽ ഏതാനും പേർ ക്രിസ്ത്യാനികളായി. ഈ പുതുവിശ്വാസികൾ അവരുടെ പൂർവമതത്തിന്റെ സവിശേഷതകൾ വിവരിക്കുകയുണ്ടായി. 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക'യുടെ പഴയ ഒരു പതിപ്പിൽ ഇവരെക്കുറിച്ചുള്ള വിവരങ്ങൾ സവിസ്തരം പ്രതിപാദിച്ചു കാണാം. അക്കൂട്ടത്തിൽ ചില വസ്തുതകൾ ഇവിടെ പകർത്തുന്നത് സംഗതമായിരിക്കും: "അവർ മൂന്ന് സമയം ഉത്തരധ്രുവത്തെ അഭിമുഖമാക്കി നമസ്കരിക്കും. ഓരോ നമസ്കാരത്തിനുംവേണ്ടി കുളിക്കും. ധാരാളം വ്രതങ്ങൾ അനുഷ്ഠിക്കും. വ്രതാനുഷ്ഠാനകാലത്ത് ആണും പെണ്ണും വെള്ളവസ്ത്രമാണ് ധരിക്കുക. ജീവികളെ വധിക്കില്ല. മാംസഭക്ഷണം കഴിക്കുകയില്ല. മതതത്ത്വങ്ങൾ അന്യരിൽ നിന്ന് ഗോപ്യമാക്കി വെയ്ക്കുകയെന്നത് അവർ സനിഷ്കർഷം പാലിച്ചുവന്ന ഒരു വഴക്കമാണ്. നോഹക്ക് ശേഷം 'ഊറി'ൽ ജന്മമെടുത്ത അബ്രഹാം കള്ളവാദിയായിരുന്നുവെന്നാണ് അവർ വിശ്വസിക്കുന്നത്. ഇസ്രയേൽ പ്രവാചകൻമാരിൽ ജോനെ (യഹ്‌യ) മാത്രമേ അവർ അംഗീകരിക്കുന്നുള്ളു....."[42] ഇങ്ങനെപോകുന്നു അവരുടെ സവിശേഷതകൾ. ഈ ലഘുവിവരണത്തിൽ നിന്നും സാബിമതക്കാരുടെ പക്കൽ സ്നാനത്തിനുള്ള പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. അവരുടെ മതപരമായ ഒരു ചടങ്ങായിരുന്നു അത്.

ഇനി, സിന്ധുനദീതടനിവാസികളുടെ അവശിഷ്ടങ്ങൾ പറയുന്നതെന്തെന്നു നോക്കാം. അവിടെ ഓരോ വീടിനും കിണറും കുളിമുറിയും കുളിമുറിയിൽ നിന്ന് മലിനജലം ദൂരെ കൊണ്ടുപോകാനുള്ള ഓവുചാലുകളും ഉണ്ടായിരുന്നു. കൂടാതെ, കെട്ടിപ്പടുത്ത പൊതുകുളവും അതിനുചുറ്റും ധാരാളം കുളിമുറികളും കണ്ടെത്തുകയുണ്ടായി. ശ്രീ. കെ.വി. ഗോപാലമേനോൻ അദ്ദേഹത്തിന്റെ 'ലോകചരിത്ര'ത്തിൽ[43] എഴുതുന്നു:

"മോഹൻജദാരോയിലെ അവശിഷ്ടങ്ങൾ ഏതാണ്ട് ഒരു ചതുരശ്ര നാഴികയോളം പരന്നുകിടന്നു. അതിലെ സമവിഭക്തമായ തെരുവീഥികൾക്കും വീടുകൾക്കും അവയിലുള്ള കുളിമുറികൾക്കും തെരുവുകളുടെ അടിയിൽക്കൂടിപോകുന്ന അഴുക്കുചാലുകൾക്കും അദ്ഭുതകരമായ ഒരാധുനികച്ഛായയുണ്ട്. വീടുകളുടെ ഉള്ളിലൊരു നടുമുറ്റവും ആ നടുമുറ്റത്തിനു ചുറ്റുമായി അടുക്കള, കലവറ, കുളിമുറി മുതലായവയുമുണ്ട്. കിണർ എല്ലാവീട്ടിലും കാണുന്നു. എന്നാൽ, എല്ലാറ്റിലും കൗതുകമേറിയത് അവിടത്തെ കെട്ടിപ്പ

ടുത്ത കുളമാകുന്നു. ഈ കുളത്തിനു ചുറ്റും മുറ്റവും ആ മുറ്റത്തിന്റെ നാലു ഭാഗത്തും കോലായകളും കോലായയുടെ പിൻഭാഗത്തായി ചുറ്റും കുളിമുറികളുമുണ്ട്. കുളിമുറികളിൽ ചിലതിൽ ആവികൊണ്ട് വിയർപ്പിച്ചു കുളിപ്പാനുള്ള ഏർപ്പാടും കാണുന്നു."[44]

ഇത്തരം കെട്ടിപ്പടുത്ത കുളങ്ങൾ ഹർറാനിനടുത്തും കണ്ടെത്തിയതായി പുരാതത്വപണ്ഡിതന്മാർ റിപ്പോർട്ട് ചെയ്യുന്നു. ഹർറാൻ സാബിമതക്കാരുടെ ഒരു പുരാതന കേന്ദ്രമായിരുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഹർറാനിനോടടുത്ത യമനിന്റെ ചില ഭാഗങ്ങളിൽ മൂന്നു വലിയ കൃത്രിമകുളങ്ങൾ കണ്ടെത്തി എന്ന് `A Journey Through The Yemen' P. 279- ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മുസ്ലിംപള്ളികളോടനുബന്ധിച്ചു പലേടങ്ങളിലും കൃത്രിമകുളങ്ങളും പണിതുവെച്ചതായി കാണാം. 'ഹൗദ്' എന്നാണ് അതിന്റെ പേർ. മുസ്ലിംകൾ നമസ്കാരത്തിനുവേണ്ടി 'വുദൂഅ്' (അംഗസ്നാനം) നിർവഹിക്കുന്നു. അതിനുള്ളതാണ് ഈ ഹൗദ്. ഇതേപ്രകാരം സാബികൾക്ക് പ്രാർഥനക്കുവേണ്ടി കുളി അനിവാര്യമായിരുന്നു. ഈ ആവശ്യാർഥം പണിതുവെച്ചതാവണം സിന്ധുനദീതടത്തിലെ കെട്ടിപ്പടുത്ത കുളങ്ങൾ. മോഹൻജദാരോയിലെന്നപോലെ ഹരപ്പായിലും ഇത്തരം കൃത്രിമ ജലാശയങ്ങൾ കാണുകയുണ്ടായി.

ആകയാൽ, സിന്ധുനദീതടവാസികളുടെ മതം സാബിമതമായിരുന്നുവെന്നു വിചാരിക്കണം. തങ്ങൾ നോഹയുടെ അനുചരന്മാരായിരുന്നുവെന്ന സാബികളുടെ അവകാശവാദം അസ്വീകാര്യമായി തള്ളിക്കളയണമെന്നില്ല. ചുരുക്കത്തിൽ, സിന്ധുതാഴ്വരയിൽ പുരോഗമനാത്മകമായ ഈ സംസ്കാരത്തിന് അടിത്തറപാകിയ കരങ്ങൾ നോഹയുടെ സന്തതികളായ സുമേരിയന്മാരുടേതായിരുന്നു. അവർ ഏകദൈവത്തെയാണ് അംഗീകരിച്ചിരുന്നത്. വിഗ്രഹപൂജകരായിരുന്നില്ല. ഇതേ പാരമ്പര്യത്തിൽ നിന്നാവണം ദ്രാവിഡ വിഭാഗം ഉളവായത്.

## ആര്യൻമാർ

ഇതുവരെ പ്രസ്താവിച്ചത് ഇന്ത്യയിലെ ആദിവാസികളായ ദ്രാവിഡരുടെ സംസ്കാര പാരമ്പര്യത്തെപ്പറ്റിയാണ്. പിന്നീട് വന്നു കുടിയേറിയ ആര്യന്മാരുടെ സാംസ്കാരിക സവിശേഷതകളെക്കുറിച്ചാണ് ഇനി സ്വല്പം ആലോചിക്കുവാനുള്ളത്.

ആര്യൻ ജനതയുടെ മൂലതറവാട് എവിടെയായിരുന്നു എന്ന കാര്യത്തിലും അവരുടെ വംശപാരമ്പര്യത്തെപ്പറ്റിയും ഗുരുതരമായ ഭിന്നാഭിപ്രായങ്ങളാണുള്ളത്. ആ വശം തൽക്കാലം വിസ്തരിക്കാൻ ഉദ്ദേശിക്കുന്നില്ല. അവർ സെമിറ്റിക് വംശത്തിൽപ്പെട്ടവരായിരുന്നുവെന്നും ആ വംശത്തിലെ അരാമിന്റെ പിൻമുറക്കാരാണെന്നുമുള്ള നമ്മുടെ അഭിപ്രായത്തിന് തെളിവുകളുണ്ട്. ഈ വംശത്തിൽപ്പെട്ട ഒരു വിഭാഗത്തിനായിരുന്നു അറേബ്യയിൽ ഹൂദ്നബിയുടെ കാലത്ത് ആധിപത്യമുണ്ടായിരുന്നത്. ഖുർആനിൽ ആ വിഭാഗത്തെ 'ആദ്' എന്നും 'ഇറമ്' എന്നും വിളിച്ചിരുന്നു. ഇറമിന്റെ പിൻമുറക്കാ

രാണ് 'ആര്യൻ' എന്ന പേരിൽ വിശ്രുതരായതെന്ന് വിചാരിക്കാം. ബൈബിളിൽ അവരെ 'അരാം' എന്നും പേർഷ്യക്കാരുടെ പുരാതനസാഹിത്യത്തിൽ 'ഐെറിയാന' എന്നുമാണ് വിളിച്ചുവരുന്നത്. ഏതായാലും ഇത്തരുണത്തിൽ ആ വശം കൂടുതൽ ചർച്ച ചെയ്യുവാൻ മുതിരുന്നില്ല. നമുക്ക് ഇൻഡോ-ആര്യന്മാരുടെ മത വിശ്വാസങ്ങളെപ്പറ്റി മാത്രം പരിശോധിക്കാം.

ഇൻഡോ- ആര്യന്മാർക്ക് ഒട്ടേറെ പുരാതന മതസാഹിത്യങ്ങളുണ്ട്. ഇത്രയേറെ പുരാതന മതസാഹിത്യങ്ങളുടെ ഉടമകളായി ആര്യൻ ജനതയെപ്പോലെ മറ്റൊരു ജനതയും അറിയപ്പെടുന്നില്ല. തന്നിമിത്തം അവയുടെ വെളിച്ചത്തിൽ അവരുടെ മതപരമായ ആചാരവിശ്വാസങ്ങൾ പരിശോധിച്ചു വിലയിരുത്തുവാൻ ഏവർക്കും സാധിക്കും; ആ സാഹിത്യങ്ങൾ വസ്തുനിഷ്ഠമായി പഠിക്കണമെന്നുമാത്രം.

ഇൻഡോ-ആര്യന്മാരുടെ ഏറ്റവും പ്രാചീനമായ സാഹിത്യങ്ങൾ നാലു വേദസംഹിതകളാണ്. ഋക്, യജുസ്സ്, സാമം, അഥർവം എന്നിങ്ങനെ അവ വിളിക്കപ്പെടുന്നു. അതിപ്രാചീനമായ സംസ്കൃതഭാഷയിലാണ് അവ. കൂട്ടത്തിൽ കൂടുതൽ പുരാതനമായത് ഋഗ്വേദമത്രേ. ഉദ്ദേശം ബി.സി. 1500 ആണ് ഋഗ്വേദ കാലമെന്ന് പാശ്ചാത്യ നിരൂപകർ പൊതുവെ അഭിപ്രായപ്പെടുന്നു. എന്നാൽ, ഭാരതീയ പണ്ഡിതനായ ബാലഗംഗാധര തിലകിന്റെ അഭിപ്രായത്തിൽ ബി.സി. 3500-ഓളം വർഷത്തെ പഴമയെങ്കിലും ഋഗ്വേദത്തിനുണ്ട്. ഏതായാലും ഇത്ര പുരാതനമായ മറ്റൊരു വേദം ലോകത്തിലില്ലെന്നുതന്നെ പറയാം.

വേദത്തിന്റെ ഭാഷയെപ്പറ്റി ഗവേഷണം നടത്തിയ പണ്ഡിതന്മാർ അതിന്ന് മറ്റു പല ഭാഷകളുമായി സാജാത്യമുണ്ടെന്നു കണ്ടിരുന്നു. ഇക്കൂട്ടത്തിൽ ഏറ്റവും അടുത്തബന്ധം ഇറാനികളുടെ പുരാതന ഭാഷയുമായാണ്. ഇറാനികളുടെ വേദമായ 'അവസ്ത'യുടെ ഭാഷയും സംസ്കൃതഭാഷയും തമ്മിലുള്ള അടുപ്പത്തെപ്പറ്റി 'സംസ്കൃത സാഹിത്യചരിത്ര'കാരനായ ശ്രീ. കൃഷ്ണചൈതന്യ എഴുതുന്നത് കാണുക:

"പ്രാചീന ഇറാനീയരുടെ ആദിമ വേദഭാഷയായ അവസ്റ്റിക്കിനോടാണ് അതിന് ഏറ്റവും അടുത്തബന്ധം. ശബ്ദശാസ്ത്ര നിയമങ്ങളുടെ പ്രയോഗം കൊണ്ടുമാത്രം-അതായത്, ഉച്ചാരണം അനുവദനീയ രീതിയിൽ സ്വല്പം മാറ്റുന്നതുകൊണ്ടുമാത്രം- അവസ്തയിലെ മുഴുശ്ലോകങ്ങളും വൈദിക സംസ്കൃതഭാഷയിലേക്ക് പദംപദമായി വിവർത്തനം ചെയ്യാം. അവ ശരിക്കും ശ്ലോകരൂപത്തിലായിരിക്കുമെന്നു മാത്രമല്ല, കാവ്യഭംഗി ചോർന്നുപോകാതെ സംരക്ഷിക്കുകയും ചെയ്യാം."[45]

പഴയ പേർഷ്യൻ ഭാഷയും വൈദികഭാഷയും തമ്മിലുള്ള ഈ അടുപ്പം കാണിക്കുന്നത് ഇൻഡോ- ആര്യന്മാരും പേർഷ്യക്കാരും ആദിയിൽ ഒരേ വർഗത്തിൽപ്പെട്ടവരായിരുന്നു എന്നാണ്. ഇറാൻ എന്ന വാക്കിന്റെ അർഥം തന്നെ ആര്യന്മാരുടെ രാജ്യം എന്നത്രേ.[46] ചുരുക്കത്തിൽ, ആര്യൻമാരിലുള്ള ഒരു വിഭാഗമായിരുന്നു പുരാതന പേർഷ്യൻ ജനത എന്നു തീർച്ച.

ഇറാൻകാരുടെ ആദിമ മതഗ്രന്ഥമാണ് 'അവസ്ത'. അതിന്റെ വ്യാഖ്യാനമത്രേ 'സെന്ദവസ്ത.' ഇതുപോലെ 'ദസാത്തീറും' അവരുടെ ഒരു പവിത്ര

മതഗ്രന്ഥമാണ്. ഇറാൻകാരുടെ ഒരു പ്രവാചകനായിരുന്ന സുരദുഷ്ടന്റെ അധ്യാപനങ്ങളാണ് പ്രസ്തുത ഗ്രന്ഥങ്ങളിലെ ഉള്ളടക്കം. 'സൈറസ്' എന്ന് ഗ്രീക്കുകാർ വിളിച്ചിരുന്ന ഗോരശ് രാജാവ് സുരദുഷ്ടന്റെ മതം സ്വീകരിച്ച ഒരു മഹാനായിരുന്നു എന്ന് മൗലാനാ അബുൽകലാം ആസാദ് തന്റെ ഖുർ ആൻ ഭാഷ്യത്തിൽ തെളിവുസഹിതം സമർഥിച്ചിട്ടുണ്ട്.[47] ഖുർആൻ വർണിച്ച ദുൽഖർനൈനും അദ്ദേഹമായിരുന്നു എന്നാണ് ബലപ്പെട്ട പക്ഷം.[48] ബാബിലോണിയാ ചക്രവർത്തിയായിരുന്ന നബൂക്കദ് നസ്സർ(ബുഖ്ത്തുനസർ-ക്രി. മു. 745-734) യഹൂദികളുടെ മതകേന്ദ്രവും രാഷ്ട്രതലസ്ഥാനവുമായ ജറുശലമിനെ നശിപ്പിക്കുകയും അവരെ നിർമൂലനാശം വരുത്തുകയും ചെയ്തു. അവശേഷിച്ച ജൂതന്മാരെ ബാബിലോണിയയിൽ കൊണ്ടുപോയി അടിമകളാക്കിവെച്ചു. ഈ കാലത്തിനു മുമ്പ് ഇസ്രാഈൽ പ്രവാചകൻമാരിലൊരാളായ യെശയ്യാവ് ഒരു പ്രവചനം നടത്തി. അതിൽ, വരാൻപോകുന്ന ഒരു 'മശീഹ' (അഭിഷിക്തൻ)യെപ്പറ്റി പറയുകയും അദ്ദേഹം ബാബിലോണിയ ജയിച്ചടക്കുമെന്നും ജൂതൻമാരെ പരിരക്ഷിക്കുമെന്നും സുവിശേഷം നല്കുകയും ചെയ്തിരുന്നു.[49] മാത്രമല്ല, അദ്ദേഹത്തിന്റെ പേർ കോരശ് എന്നായിരിക്കുമെന്നുകൂടി പ്രവചിച്ചിരുന്നു. ഈ പ്രവചനമനുസരിച്ച് സൈറസ് ബാബിലോണിയ ജയിച്ചടക്കി. ജൂതൻമാരെ മോചിപ്പിച്ചു, മാനമായി ജറുശലമിലേക്ക് അയച്ചു. നബുക്കദ് നസ്സർ നശിപ്പിച്ച ദേവാലയം പുനരുദ്ധരിക്കാൻ സമ്മതം കൊടുത്തു. അയാൾ അപഹരിച്ചുകൊണ്ടുപോയിരുന്ന വസ്തുക്കളെല്ലാം ജൂതൻമാർക്ക് തിരിച്ചുകൊടുക്കാൻ ഉത്തരവിട്ടു. ഈ കാരണങ്ങളാൽ പേർഷ്യൻ ചക്രവർത്തിയായ സൈറസിനെ ജൂതപ്രവാചകൻമാർ ഒരു മസീഹായി വാഴ്ത്തിയിരിക്കുന്നു. [50]

സുരദുഷ്ടമതക്കാരെ അറബികൾ 'മജൂസ്' എന്നാണ് വിളിക്കുന്നത്. ഖുർആനിൽ ഇവരെയും വേദക്കാരുടെ കൂട്ടത്തിൽ എണ്ണിയിരിക്കുന്നു.[51] ഇവർ ആദിയിൽ ഏകദൈവത്തെയാണ് ആരാധിച്ചിരുന്നത്. അഗ്നികുണ്ഡത്തെ ഒരു 'ഖിബ്‌ല' (അഭിമുഖ കേന്ദ്രം) ആയി സ്വീകരിച്ചു. കാലാന്തരത്തിൽ ആരാധന തന്നെ അഗ്നിക്കായി. അതിനെ ചുറ്റിപ്പറ്റി പല തത്ത്വശാസ്ത്രങ്ങളും നിർമിതമായി. എന്നാൽ, സുരദുഷ്ടന്റെ അധ്യാപനങ്ങൾ തികച്ചും ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു. 'സന്ദവസ്ത'യിലെ ചില വരികൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. ദൈവത്തെ അതിൽ വിശേഷിപ്പിച്ചതിങ്ങനെയാണ്:

"ആദിയും അന്ത്യവുമില്ലാത്തവൻ; ശത്രുവില്ല, തുല്യനില്ല, പിതാവില്ല, മാതാവില്ല, പുത്രനില്ല, കളത്രമില്ല, വീടോ പാർപ്പിടമോ ഇല്ല, ശരീരമോ നിറമോ ഗന്ധമോ ഇല്ല."[52]

കൂടാതെ 'സന്ദവസ്ത'യിൽ, വരാനിരിക്കുന്ന ഒരു പ്രവാചകനെപ്പറ്റിയുള്ള പ്രവചനം കാണാം.'സോയ്ഷ്യാന്ത്' (Soeshyant) എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.[53] (സംസ്കൃതത്തിൽ 'സുശാന്ത'). ഇത് അന്ത്യപ്രവാചകനെക്കുറിച്ച ഒരു പ്രവചനമാണെന്നും അദ്ദേഹത്തിന്റെ 'റഹ്മതുൻ ലിൽ ആലമീൻ' (ലോകാനുഗ്രഹം) എന്ന വിശേഷണത്തിന്റെ പേർഷ്യൻ പര്യായമാണ് എന്നും ചില മുസ്‌ലിംപണ്ഡിതന്മാർ അവകാശപ്പെടുന്നു.

പാർസികളുടെ മറ്റൊരു വിശുദ്ധഗ്രന്ഥമായ 'ദസാത്തീർ' 14-ാം അധ്യായത്തിൽ കൂടുതൽ സ്പഷ്ടമായ മറ്റൊരു പ്രവചനമുണ്ടത്രേ, അതും നബിയെ ഉദ്ദേശിച്ചാവാമെന്ന് വ്യാഖ്യാനിക്കപ്പെടുന്നു.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഇസ്‌ലാംമത പ്രവാചകന്റെ ഒരു അരുളപ്പാടിന്റെ പൊരുൾ ശരിക്കും വ്യക്തമാകുന്നുണ്ട്. "വേദക്കാരുമായുള്ള അതേ പെരുമാറ്റം മജൂസിനോടും അനുവർത്തിക്കുക" എന്നാണ് ഈ അരുളപ്പാട്.[54] മജൂസികൾ ഒരു വേദത്തിന്റെ അവകാശികളായിരുന്നതുകൊണ്ടാണ് നബി ഇങ്ങനെ ആജ്ഞാപിച്ചത്. ഖലീഫാ ഉമറിന്റെ ഭരണകാലത്താണ് മുസ്‌ലിംകൾ പേർഷ്യ ജയിച്ചടക്കിയത്. തദവസരം അവരുമായി അനുവർത്തിക്കേണ്ട നയത്തെപ്പറ്റി പര്യാലോചിക്കുവാനായി ഖലീഫ ഒരു വിദ്വൽസദസ്സ് വിളിച്ചുകൂട്ടി. പ്രശ്നം സദസ്സുമുമ്പാകെ വെച്ചു. ഇത്തരുണത്തിൽ അലിയ്യുബ്നു അബീത്വാലിബ് പ്രസ്താവിച്ചു: "മജൂസികൾ വേദക്കാരാകുന്നു."[55] അതെ, അവരോട് ആ നിലക്ക് വർത്തിക്കണം.

ഇത്രയും പ്രസ്താവിച്ചതിൽ നിന്ന് ആര്യൻമാരിൽ ഒരു വിഭാഗമായ ഇറാനികളുടെ സംസ്കൃത പാരമ്പര്യത്തെപ്പറ്റി നമുക്ക് മനസ്സിലായി. അവർ ആദിയിൽ ഒരു പ്രവാചകന്റെ അനുയായികളായിരുന്നു. ഇനി മറ്റൊരു വിഭാഗമായ ഇൻഡോ- ആര്യൻമാരുടെ മതസംസ്കാരത്തെപ്പറ്റി ചിന്തിക്കാം.

## ഇൻഡോ- ആര്യൻമാർ

ഇന്ത്യയിൽ കുടിയേറിയ ആര്യൻമാർക്ക് ധാരാളം മതഗ്രന്ഥങ്ങളുണ്ടെന്ന് സൂചിപ്പിച്ചുവല്ലോ. അറബി പണ്ഡിതൻമാർക്ക് അറിഞ്ഞുകൂടാതിരുന്ന സംസ്കൃതഭാഷയിലാണ് അവയെല്ലാം സ്ഥിതിചെയ്യുന്നത്. അതിനാൽ, മുസ്‌ലിം പണ്ഡിതൻമാർക്ക് ആര്യൻജനതയെ വിലയിരുത്താൻ വളരെയധികം ക്ലേശിക്കേണ്ടിവന്നു. എന്നിട്ടും അവർക്ക് ആ ശ്രമത്തിൽ വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞില്ല. മധ്യേഷ്യയിൽ നിന്ന് ഇന്ത്യയിൽ വന്ന് പതിമൂന്ന് വർഷം ഭാരതീയ സാംസ്കാരിക പൈതൃകത്തെപ്പറ്റി പഠനം നടത്തിയ ഒരു മഹാപണ്ഡിതനാണ് അബുറൈഹാനിൽ ബീറൂനി. അദ്ദേഹം തദാവശ്യാർഥം ചില ബ്രാഹ്മണ പണ്ഡിതൻമാരുടെ ശിഷ്യത്വം പോലും സ്വീകരിക്കുകയുണ്ടായി. തന്റെ പഠനഫലം പല ഗ്രന്ഥങ്ങളിലും അദ്ദേഹം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. അതിലൊന്നാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട 'അൽബീറൂനി കണ്ട ഇന്ത്യ'. അതിൽ അദ്ദേഹം തന്റെ പരാജയം സമ്മതിക്കുന്നതു കാണുക:

"എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച്, കിട്ടാവുന്നിടത്തോളം രേഖകൾ ശേഖരിച്ചിട്ടും അവരുടെ എല്ലാ നിലകളെക്കുറിച്ചും പൂർണമായി അറിയാനുള്ള ശ്രമത്തിൽ ഞാൻ പരാജയപ്പെട്ടിരിക്കുന്നുവെന്നുവേണം പറയാൻ."[56]

അത്രയും പ്രയാസകരമായ ഒരു ശ്രമമാണ് ഇന്ത്യൻ ജനതയുടെ സാംസ്കാരിക പൈതൃകങ്ങളെ വിലയിരുത്തുകയെന്നത്. എന്നിരുന്നാലും പല മുസ്‌ലിം പണ്ഡിതൻമാരും ഭാരതീയരെയും അവരുടെ മതത്തെയും വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ സുപ്രസിദ്ധ സ്വൂഫീപണ്ഡി

തനായ അബ്ദുൽകരീമിൽ ജീലി(ക്രി. 1365) യും പെടുന്നു. അദ്ദേഹം തന്റെ 'അൽ ഇൻസാനുൽ കാമിൽ' എന്ന കൃതിയിൽ എഴുതുന്നു:

"ബ്രാഹ്മണമതക്കാർ പ്രപഞ്ചത്തിലുള്ള സമസ്ത വസ്തുക്കളും ഏക ദൈവത്തിന്റെ സൃഷ്ടിയാണെന്ന് വിശ്വസിക്കുന്നു. അവർ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നു. പക്ഷേ, ദൈവത്തിന്റെ ദൂതന്മാരെയോ പ്രവാചകൻമാരെയോ അംഗീകരിക്കുന്നില്ല. അതിനാൽ, പ്രവാചക നിയോഗത്തിന് മുമ്പുള്ള സത്യസന്ധന്മാരുടെ നിലപാടാണ് അവർക്കുള്ളത്. ഇബ്റാഹീം നബിയുടെ സന്തതികളിൽപ്പെട്ടവരാണ് തങ്ങളെന്ന് ബ്രാഹ്മണമതക്കാർ സ്വയം അവകാശപ്പെടുന്നു. അവരുടെ വശമുള്ള വേദം ഇബ്റാഹീം എഴുതിയതാണത്രേ. പക്ഷേ, അത് ദൈവത്തിൽ നിന്നുള്ളതാണെന്ന് അവർ പറയുന്നില്ല. ആ വേദത്തിൽ തത്വജ്ഞാനങ്ങളാണ് അടങ്ങിയിരിക്കുന്നത്. വേദത്തിന് അഞ്ചു ഭാഗങ്ങളുണ്ട്. നാലു ഭാഗങ്ങൾ പാരായണം ചെയ്യുന്നതിന് എല്ലാവർക്കും അനുവാദമുണ്ടെങ്കിലും അഞ്ചാം ഭാഗം അതിഗഹനവും നിഗൂഢ തത്ത്വങ്ങളടങ്ങിയതുമാകയാൽ പ്രത്യേകം ചില വ്യക്തികൾക്കല്ലാതെ അത് വായിക്കാൻ അവർ അനുമതി നല്കുന്നില്ല. വേദത്തിന്റെ അഞ്ചാംഭാഗം വായിക്കുന്നപക്ഷം അനിവാര്യമായും ഇസ്ലാംമതത്തിൽ ചേരും എന്ന പ്രസ്താവം ബ്രാഹ്മണർക്കിടയിൽ പ്രസിദ്ധമായിട്ടുണ്ട്."[57]

ഇബ്റാഹീംനബിക്ക് മൂന്ന് പത്നിമാരാണുണ്ടായിരുന്നത്. സാറാ, ഹാഗാർ, കെതൂറ. സാറായുടെ മകനാണ് ഇസ്ഹാഖ്. അദ്ദേഹമാണ് ജൂതന്മാരുടെ കുലപതി. ഹാഗാറിന്റെ പുത്രനായിരുന്നു ഇസ്മാഈൽ. ഇദ്ദേഹമത്രേ ഹിജാസിലെ അറബികളുടെ പിതാമഹൻ. കെതൂറാക്ക് ഏഴ് ആൺമക്കൾ ജാതരായി. ഇവരിൽ ഒരാളുടെ പേർ മിദ്യാൻ അഥവാ 'മദ്യൻ' എന്നായിരുന്നു.[58] മിദ്യാന്റെ പിൻമുറക്കാർ അഖബാ ഉൾക്കടലിന്റെ തീരപ്രദേശങ്ങളിലാണ് ആവാസ കേന്ദ്രം സ്ഥാപിച്ചിരുന്നത്. മൂസാനബിയുടെ ശ്വശുരൻ ശുഐബ്നബി (യിത്രോ) മിദ്യാന്യരിലേക്ക് നിയോഗിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നുവെന്ന് ഖുർആൻ പറയുന്നു.[59] അക്കാലത്ത് അവിടെ അഞ്ച് രാജവംശങ്ങളാണ് വാണിരുന്നത്. കൂട്ടത്തിൽ ഒന്നായിരുന്നു ഹൂർവംശം.[60] ഈ വംശക്കാർ ആര്യദേവൻമാരായ ഇന്ദ്രനെയും മിത്രനെയും വരുണനെയും നാസത്യരെയുമാണ് ആരാധിച്ചിരുന്നതെന്ന് ഏഷ്യാമൈനറിലെ ബോഘാസ്കോയിൽ നിന്ന് ഖനനത്തിൽ ലഭിച്ച ഒരു ശിലാഫലകം തെളിയിച്ചിട്ടുണ്ട്. ഹൂറിയാൻ രാജാവായ മതിവസയും ഹിത്യൻ രാജാവായ സിപ്പിലിലിയുമസും തമ്മിൽ നടന്ന ഒരു കരാറിന്റെ രേഖ അവിടെ നിന്ന് ലഭിക്കുകയുണ്ടായി. അതിൽ കരാറിനു ദിവ്യസാക്ഷികളായി പറഞ്ഞത് മേൽ പ്രസ്താവിച്ച ആര്യദേവൻമാരെയാണ്.[61] അതിനാൽ, മിദ്യാൻ രാജവംശമായ ഹൂറിയരും ഇൻഡോ-ആര്യൻമാരും ഒരേ മതക്കാരായിരുന്നുവെന്നു തെളിഞ്ഞു. അപ്പോൾ ആര്യൻജനത മിദ്യാന്യരെപ്പോലെ അബ്രഹാമിന്റെ പാരമ്പര്യത്തിൽ പെട്ടവരാണെന്ന മുസ്ലിം പണ്ഡിതരുടെ നിഗമനം അടിസ്ഥാനരഹിതമല്ല തന്നെ.

എന്നാൽ, ബ്രാഹ്മണമതക്കാർ ദൈവത്തിന്റെ ദൂതൻമാരെയും പ്രവാചകൻമാരെയും അംഗീകരിക്കുന്നില്ലെന്ന വാദവും വേദങ്ങൾ ദൈവികമാണെന്ന് അവർ വിശ്വസിക്കുന്നില്ലെന്ന വാദവും ശരിയായി തോന്നുന്നില്ല. നഖ്ശബന്ദി

പരമ്പരയിൽപ്പെട്ട ഒരു സൂഫിവര്യനായ മിർസാ മസ്ഹർ ജാനെ ജാനാൻ ഇന്ത്യൻ വേദങ്ങൾ അല്ലാഹുവിൽ നിന്ന് അവതരിച്ചിട്ടുള്ളവ തന്നെയാണെന്ന് പറയുന്നു.[62] വേദ ദ്രഷ്ടാക്കളായ മഹർഷിമാർ അവ ദൈവവചനങ്ങളാണെന്ന് അവകാശപ്പെട്ടിരുന്നതായി ദേവീപ്രസാദ് ചട്ടോപാധ്യായ തന്റെ 'ഭാരതീയ തത്ത്വചിന്ത'യിൽ രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ കാണുക:

"എല്ലാറ്റിലും ഈശ്വരചൈതന്യം ആരോപിച്ചു ശീലിച്ച അവർ ഇതിനും ഈശ്വരചൈതന്യം തന്നെ കാരണമായിക്കണ്ടു. അതുകൊണ്ട് കവി (ഋഷി)തന്നെ പ്രഖ്യാപിച്ചു: എന്നിൽ ഈശ്വരൻ പ്രവേശിച്ചിരിക്കുകയാണ് എന്ന്, ബ്രാഹ്മണമതത്തിൽ ഏകേശ്വരത്വവാദം ആധിപത്യമുറപ്പിച്ചപ്പോൾ വേദങ്ങളുടെ സ്രഷ്ടാവ് സർവേശ്വരനാണ് എന്ന് വിധിക്കപ്പെട്ടു. ഈശ്വരന് ആദിയുമന്ത്യവുമില്ല. അപ്പോൾ വേദത്തിനുമില്ല ആദിയുമന്ത്യവും. ഈശ്വര സൃഷ്ടമായ അതിൽ പ്രമാദമുണ്ടാവില്ല. സമ്പൂർണ സത്യവും സമ്പൂർണ പാവനവും സമ്പൂർണ പ്രകടനവുമാണിത്."[63]

ഇതായിരുന്നു ബ്രാഹ്മണരുടെ വിശ്വാസം. ഒരിക്കൽ സംസ്കൃത മഹാ കവിയായ കാളിദാസന്റെ ജിഹ്വയിൽ നിന്ന് 'മന്ത്രകൃതഃ' എന്ന വാക്ക് വീണു പോയി. തദവസരത്തിൽ മറ്റൊരു കവിയായ ഭവഭൂതി നെറ്റിചുളിച്ച് വെറുപ്പ് പ്രകടിപ്പിച്ചു. മന്ത്രകൃതം എന്നല്ല, മന്ത്രദൃശം എന്നാണ് പറയേണ്ടതെന്നാ യിരുന്നു ഭവഭൂതിയുടെ പക്ഷം. ഋഷിമാരല്ല മന്ത്രങ്ങൾ രചിച്ചത്; അവർ മന്ത്ര ങ്ങൾ ദർശിച്ചവർ മാത്രമായിരുന്നു. [64]

ആകയാൽ വേദങ്ങൾ ദൈവികവെളിപാടായി ഋഷിമാർക്ക് ലഭിച്ചതാ ണെന്ന വിശ്വാസം തന്നെയാണ് ബ്രാഹ്മണർക്കുണ്ടായിരുന്നത്. അതുകൊണ്ട് ബ്രാഹ്മണർക്ക് പ്രവാചക ദൗത്യത്തിൽ വിശ്വാസമുണ്ടായിരുന്നില്ല എന്ന ജീലിയുടെ അഭിപ്രായം ശരിയായി തോന്നുന്നില്ല.

ഭാരതീയർ പ്രവാചകത്വത്തിൽ വിശ്വസിക്കുന്നില്ലെന്ന വാദവും അപ്പടി ശരിയല്ല. അവർ അവതാര പുരുഷൻമാരിൽ വിശ്വസിക്കുന്നു. മുസ്‌ലിംക ളുടെ നബിമാർ തന്നെയാണ്, ഉദ്ദേശ്യത്തിലും തത്ത്വത്തിലും ഭാരതീയരുടെ അവതാരപുരുഷൻമാർ. ധർമ സംസ്ഥാപനമാണ് പ്രവാചക നിയോഗത്തി ന്റെയും അവതാരത്തിന്റെയും ലക്ഷ്യം. വേദവ്യാസൻ എന്ന അപരാഭിധാന ത്താൽ വിശ്വവിശ്രുതനായ ബാദരായണ കൃഷ്ണൻ രചിച്ചതെന്ന് കരുത പ്പെടുന്ന 'ഭഗവദ്ഗീത'യിൽ പറയുന്നു:

"യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത,
അഭ്യുത്ഥാനമധർമസ്യ തദാത്മാനാം സൃജാമ്യഹം.
പരിത്രാണായ സാധൂനാം വിനാശായ ചദുഷ്കൃതാം
ധർമസംസ്ഥാപനാർഥായ സംഭവാമി യുഗേ യുഗേ." [65]

(ഭഗവാൻ ശ്രീകൃഷ്ണൻ അർജുനനെ ഉപദേശിക്കുന്നു: ഹേ ഭരതഗോത്ര ജാതനായ അർജുനാ, എപ്പോഴെപ്പോൾ ധർമത്തിന് ക്ഷതവും അധർമത്തിന് അഭ്യുന്നതിയും സംഭവിക്കുന്നുവോ അപ്പോഴെല്ലാം ഞാൻ ആവിർഭവിക്കുന്നു. ശിഷ്ടജനത്തെ പരിരക്ഷിക്കാനും ദുഷ്ടജനത്തെ നശിപ്പിക്കാനും, അങ്ങനെ ധർമം സംസ്ഥാപിക്കാനുമായി യുഗംതോറും ഞാൻ അവതരിക്കുന്നു.)

ഇസ്ലാമിക വീക്ഷണപ്രകാരം പ്രവാചകൻ ദൈവമോ ദൈവത്തിന്റെ അംശമോ അല്ല. പക്ഷേ, അദ്ദേഹത്തിൽ ദിവ്യ ചൈതന്യം പ്രവഹിക്കുന്നുണ്ട്. ഈ ദിവ്യപ്രവാഹത്തെയാണ് ഭാരതീയർ ആലങ്കാരികമായി 'ദൈവാവതാരം' എന്നു വിശേഷിപ്പിക്കുന്നത്. മുകളിൽ ഉദ്ധരിച്ച ശ്ലോകങ്ങളിൽ ദിവ്യചൈതന്യം യുഗംതോറും ആവിർഭവിക്കുമെന്നും അതിന്റെ ആവശ്യം ധർമസംസ്ഥാപനമാണെന്നും പറഞ്ഞതിൽ നിന്നും ഭാരതീയർക്ക് ദൈവസന്ദേശവാഹകരിൽ വിശ്വാസമുണ്ടായിരുന്നു എന്ന കാര്യവും വ്യക്തമാണ്.

ഭാരതീയർ ദശാവതാരങ്ങളിൽ വിശ്വസിക്കുന്നു. ഒരു പക്ഷപ്രകാരം ഇരുപത്തിനാല് അവതാരങ്ങളാണുള്ളത്. അവസാനത്തെ അവതാരമല്ലാത്തതെല്ലാം കഴിഞ്ഞു. കലിയുഗത്തിൽ അവതരിക്കുമെന്ന് വിശ്വസിക്കപ്പെടുന്ന കല്ക്കി അവതാരമാണ് അവസാനത്തേത്. കല്ക്കി എന്ന അവതാരത്തെപ്പറ്റി ഹൈന്ദവപുരാണങ്ങളിൽ ദീർഘദർശനം ചെയ്തിട്ടുണ്ട്.

വിശ്വവിജ്ഞാനകോശം കല്ക്കി അവതാരത്തെപ്പറ്റി രേഖപ്പെടുത്തിയതിന്റെ രത്നച്ചുരുക്കം:

അഗ്നിപുരാണം, ശ്രീമഹാഭാഗവതം തുടങ്ങിയ മഹാപുരാണങ്ങളിലും മഹാഭാരതത്തിലും (ആരണ്യകപർവം) കല്ക്കിപുരാണം എന്ന ഉപപുരാണത്തിലും കല്ക്കിയവതാര കഥയുണ്ട്. കല്ക്കി എന്ന പദം 'ഖഡ്ഗി' (വാൾ ധരിച്ചവൻ) എന്ന പദത്തിന്റെ രൂപഭേദമാണെന്നു ചിലർ പറയുന്നു. വെള്ളക്കുതിര എന്നൊരർഥം കൽപിക്കുന്നുണ്ടെന്ന് ചില യൂറോപ്യൻ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വെള്ളക്കുതിരപ്പുറത്തു കയറിയാണ് കല്ക്കി ദുഷ്ടജന നിഗ്രഹം നടത്തുകയെന്നാണ് പുരാണങ്ങൾ പറയുന്നത്....

കല്ക്കിയുടെ കഥാചുരുക്കം: സംഭാൽ ഗ്രാമത്തിൽ 'വിഷ്ണുയശസ്സ്' എന്ന ഒരു സാത്വികനുണ്ടാകുന്നു. 'സുമതി' എന്നു പേരായ മഹിളയാണ് വിഷ്ണുയശസ്സിന്റെ പത്നി. ആ ദമ്പതിമാരുടെ പുത്രനായി കല്ക്കി ഭൂലോകജാതനാകുന്നു. വൈശാഖശുക്ലമാസം 12-നാണ് കല്ക്കി ജന്മമെടുക്കുക. 'പരശുരാമൻ' അദ്ദേഹത്തിന് വേദവും മറ്റും അഭ്യസിപ്പിക്കുന്നു. 'ബൃഹദ്വ്രത'ന്റെ പുത്രിയായ പത്മയെ കല്ക്കി വേളികഴിക്കുന്നു.

കല്ക്കി മ്ലേഛൻമാരുടെ പുരുഷസൈന്യത്തെ പൂർണമായും പരാജയപ്പെടുത്തുന്നു. സ്ത്രീകളെ വധിക്കയില്ല. ഒടുവിൽ 'കലി'യുടെ പട്ടണത്തിൽ പ്രവേശിക്കുകയും അധർമത്തിന്റെ മൂർത്തീമദ്ഭാവമായ കലിയെ മുട്ടുകുത്തിക്കുകയും ചെയ്യുന്നു..."[66]

ഇതാണ് കൽക്കിയുടെ കഥാസാരം. ഈ കഥയെ അന്ത്യപ്രവാചകന്റെ ജീവിതകഥയുമായി ബന്ധിപ്പിക്കാൻ ചില മുസ്ലിം പണ്ഡിതൻമാർ ശ്രമിച്ചിട്ടുണ്ട്. അവരുടെ നിഗമനത്തിൽ കല്ക്കികൊണ്ടുള്ള വിവക്ഷ മുഹമ്മദ് നബി തിരുമേനിയാണ്. വിഷ്ണുയശസ്സ് നബിയുടെ പിതാവ് അബ്ദുല്ലാ (ദൈവദാസൻ)യും സുമതി അദ്ദേഹത്തിന്റെ മാതാവായ ആമിന (സമ്യവതി)യും സംഭാൽഗ്രാമം അറേബ്യയുമാണ്. വൈശാഖശുക്ലദ്വാദശ കൊണ്ടുദ്ദേശിക്കുന്നത് റബീഉൽ അവ്വൽ മാസം 12-ാം തിയ്യതിയത്രേ. അന്നു പ്രഭാതവേളയിലാണല്ലോ അന്ത്യ പ്രവാചകന്റെ പുണ്യജൻമം. പരശുരാമനാകട്ടെ, നബിക്ക് ഖുർആൻ എത്തിച്ചുകൊടുത്ത ജിബ്രീൽ (ഗബ്രിയേൽ) എന്ന

മലകും. എന്നാൽ, കവിഭാവനകളാലും പ്രതീകാത്മക വർണനകളാലും നിബിഡമായ പുരാണകഥകൾ ഏതെങ്കിലുമൊരു യഥാർഥ സംഭവവുമായി യോജിപ്പിക്കുക ക്ഷിപ്രസാധ്യമല്ല.

ഇതുപോലെ അഥർവവേദം 20-ാം കാണ്ഡത്തിൽ 'കുന്തപഃ' എന്ന സൂക്തമുണ്ട്. അതിൽ ഒരു 'മാമാ' ഋഷിയെക്കുറിച്ച പ്രസ്താവം കാണാം. ഈ മാമ, മുഹമ്മദ് എന്ന സംജ്ഞാനാമത്തിന്റെ ഭാരതീയരൂപമാവാമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ, ഇതിനെക്കാൾ കൂടുതൽ സ്പഷ്ട മാണ് 'ഭവിഷ്യ പുരാണ'ത്തിൽ വന്ന ഒരു പ്രവചനം. വേദവ്യാസ മുനിയാൽ ആചരിതമെന്നു വിശ്വസിക്കപ്പെടുന്ന ആ പുരാണത്തിൽ ഭാവി സംഭവങ്ങ ളാണ് പ്രവചിക്കപ്പെട്ടിരുന്നത്. അതാണ് 'ഭവിഷ്യഃ' എന്ന പേരിന് നിദാനവും. ലോകമെങ്ങും അധർമവും അതിക്രമവും വ്യാപിക്കുമെന്നും തദവസരത്തിൽ മാനവകുലത്തെ ഉദ്ധരിപ്പാനായി 'മഹാമദ' എന്നു പേരായ ഒരു വിദേശീയ ആചാര്യൻ തന്റെ ശിഷ്യൻമാരോടുകൂടി പ്രത്യക്ഷനാവുമെന്നും പ്രസ്തുത പുരാണത്തിൽ ദീർഘദർശനം ചെയ്യപ്പെട്ടിരിക്കുന്നു. 'മഹാമദ' എന്നത് 'മുഹ മ്മദി'ന്റെ ഇന്ത്യൻ ഉച്ചാരണമാവാം. വ്യാസന്റെ ഭാഷയിൽ തന്നെ കാണുക:

"ഏതസ്മിന്നന്തരേ മ്ലേച്ഛ ആചാര്യേണ സമന്വിതഃ
മഹാമദാ ഇതിഖ്യാതഃ ശിഷ്യശാഖാ സമന്വിതം"[67]

(അങ്ങനെയിരിക്കുമ്പോൾ 'മഹാമദ' എന്നുപേരായ ഒരു 'മ്ലേഛ' ആചാര്യൻ അദ്ദേഹത്തിന്റെ ശിഷ്യശാഖയോടുകൂടി പ്രത്യക്ഷനാകും)

'മ്ലേച്ഛൻ' എന്ന പദത്തിന് വിദേശത്തുള്ളവൻ എന്നാണർഥം. അതിനാൽ, ഇന്ത്യയിലല്ല ഈ ആചാര്യൻ ആഗതനാവുകയെന്നുകൂടി മുനി സൂചിപ്പിച്ചി രിക്കുന്നു. ചുരുക്കത്തിൽ, ഭാരതീയ മതസാഹിത്യങ്ങളിൽ ഒരു മഹാ ആചാ ര്യന്റെ ആഗമനം പ്രതീക്ഷിക്കപ്പെട്ടിരുന്നതായി കാണുന്നു. അതിനാൽ, ബ്രാഹ്മണമതക്കാർ പ്രവാചകൻമാരിലും പ്രവാചകദൗത്യത്തിലും വിശ്വ സിക്കുന്നില്ല എന്ന വാദം ശരിയല്ല. പ്രവാചകനെക്കുറിക്കുന്ന സാങ്കേതിക സംജ്ഞ വ്യത്യസ്തമാണെന്നു മാത്രം.

## ഏകദൈവസിദ്ധാന്തം

ഭാരതീയരുടെ ഏറ്റവും പുരാതനമായ മതസാഹിത്യം ഋഗ്വേദമാണെന്നു നാം സൂചിപ്പിച്ചു. അതിൽ ദേവൻമാരെ സ്തുതിച്ചും അഭീഷ്ടകാര്യങ്ങൾ അഭ്യർഥിച്ചുംകൊണ്ടുള്ള കവിതകളാണ് കാണുക. ഈ കവിതകളെ 'ഋക്കു'കൾ അഥവാ 'മന്ത്ര'ങ്ങൾ എന്നു വിളിക്കുന്നു. കുറേ മന്ത്രങ്ങൾ ചേർന്നതാണ് 'സൂക്തം.' ഋഗ്വേദത്തിൽ 1017 സൂക്തങ്ങളുണ്ട്. ചില സൂക്ത ങ്ങൾക്ക് ഖുർആനിലെ പ്രഥമാധ്യായമായ 'അൽഫാതിഹ'യോട് അപാര മായ സാദൃശ്യം കാണാം. ആകയാൽ അതൊരു ദൈവികഗ്രന്ഥമല്ലെന്നു തീർത്തുപറയാൻ പ്രയാസമുണ്ട്.

വേദത്തിൽ മുപ്പത്തിമൂന്ന് ദേവനാമങ്ങൾ സ്തുതിക്കപ്പെട്ടിട്ടുള്ളതായി ഒരു ഋക്കിൽ നിന്ന് മനസ്സിലാകുന്നു.[68] ആരാണീ ദേവൻമാർ? ഇതേപ്പറ്റി സുനിർണിതമായ ഒരു തീരുമാനമല്ല വേദവിത്തുക്കളായ പണ്ഡിതൻമാർ ക്കുള്ളത്. ഏതായാലും അദൃശ്യലോകവുമായി ബന്ധപ്പെട്ട സത്വങ്ങളാണ്

അവർ എന്ന കാര്യത്തിൽ സംശയമില്ല. ഒരുപക്ഷേ, മുസ്ലിംകൾ 'മലകു'കൾ എന്നും ക്രൈസ്തവർ 'മാലാഖ'മാർ എന്നും വിളിച്ചുവരുന്ന അദൃശ്യ സത്വങ്ങളാവാം പ്രസ്തുത ദേവതകൾ. എന്നാൽ, പാശ്ചാത്യ നിരൂപകൻമാരുടെ അഭിപ്രായത്തിൽ വെറും പ്രകൃതി ശക്തികളാണ് ദേവൻമാർ. ഇൻഡോ-ആര്യൻ ജനത ആദിയിൽ പ്രകൃതിശക്തികളെയാണ് ആരാധിച്ചിരുന്നതെന്നും അവസാനം ഏകദൈവത്വത്തിലെത്തിച്ചേർന്നെന്നുമാണ് അവരുടെ നിഗമനം.

എന്നാൽ, ഭാരതീയ പണ്ഡിതൻമാരിൽ പലരും ഈ അഭിപ്രായത്തെ എതിർത്തിട്ടുണ്ട്. സ്വന്തം വീട്ടിലെ കാര്യം മറ്റേവരെക്കാളും വീട്ടുകാർക്കാണല്ലോ അറിയുക. അതിനാൽ, ഇക്കാര്യത്തിൽ ഭാരതീയ പണ്ഡിതൻമാരുടെ അഭിപ്രായത്തിനാണ് മുൻഗണന കല്പിക്കേണ്ടത്. വേദത്തിലെ ദേവനാമങ്ങൾ യഥാർഥത്തിൽ ഏകേശ്വരന്റെ വിവിധ നാമങ്ങളാണെന്നും അതിനാൽ, ഒരേ ദൈവത്തെത്തന്നെയാണ് ആര്യൻമാർ ആരാധിച്ചിരുന്നതെന്നുമാണ് അവരുടെ പക്ഷം. ഇങ്ങനെ നൂറ് നാമങ്ങളാണ് വേദത്തിൽ ഏകേശ്വരന്നുള്ളതെന്നാണ് 'ആര്യസമാജ' സ്ഥാപകനായ ശ്രീ. ദയാനന്ദ സരസ്വതിയുടെ അഭിപ്രായം. അദ്ദേഹം തന്റെ വേദഭാഷ്യത്തിൽ ആ നാമങ്ങൾ എടുത്തുകാണിച്ചിട്ടുണ്ട്. എന്നാൽ ദയാനന്ദജി എടുത്തുപറഞ്ഞ നാമങ്ങൾ വാസ്തവത്തിൽ തൊണ്ണൂറ്റൊമ്പതേയുള്ളൂവെന്നും 'ശിവൻ' എന്ന നാമം രണ്ടു തവണ ആവർത്തിച്ചതിനാലാണ് നൂറായതെന്നും മൗലാനാ സയ്യിദ് ഹാമിദലി തന്റെ 'ഹിന്ദുമത് ഔർ തൗഹീദ്' എന്ന കൃതിയിൽ പറയുന്നു. ഇസ്ലാമിലും തൊണ്ണൂറ്റൊമ്പത് നാമങ്ങളാണ് അല്ലാഹുവിന്നുള്ളത്.[69]

ദയാനന്ദജിയുടെയും മറ്റും പ്രസ്തുത വ്യാഖ്യാനത്തെ ഋഗ്വേദത്തിലെ ചില മന്ത്രങ്ങൾ പ്രബലപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി 1-ാം മണ്ഡലത്തിലെ ഒരു മന്ത്രത്തിൽ പറയുന്നു:

"ഇന്ദ്രം മിത്രം വരുണയഗ്നിമാഹു
രഥോ ദിവ്യഃ സസുപർണോ ഗരുത്മാൻ
ഏകം സദ്വിപ്രാ ബഹുധാവദ
ന്ത്യഗ്നിം യമം മാതരിശ്വാനമാഹൂ" [70]

(അദ്ദേഹത്തെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു. വാനത്ത് വടിവിൽ പറക്കുന്ന ഗരുഡനും അദ്ദേഹമാണ്. വിജ്ഞൻമാർ ഒന്നിനെ പലതാക്കി പറയുകയാണ്. വൈദ്യുതാഗ്നി, യമൻ, മാതരിശ്വാവ് എല്ലാം അദ്ദേഹം തന്നെ)

ഇതിൽ നിന്നും, ഒരേയൊരു സത്വത്തെയാണ് ഋഷിമാർ പല നാമങ്ങളിലും വിളിച്ചുവന്നതെന്ന് തെളിയുന്നു. വിവിധ ഭാവങ്ങളും ഗുണങ്ങളുമുണ്ട് ഏകദൈവത്തിന്. അവയെ ആസ്പദമാക്കി കവികൾ അവനെ വിവിധ രൂപത്തിൽ സങ്കല്പിച്ചുവെന്നേയുള്ളൂ. ഓരോ കല്പനയനുസരിച്ചും ഓരോ നാമം നല്കി. മറ്റൊരു വേദമന്ത്രത്തിൽ പറയുന്നു: "ഏകം സത്വം ബഹുധാകല്പയന്തി"[71] (അതായത്, സത്തായ ഒരുൺമയെ [കവികൾ] പല പ്രകാരത്തിൽ സങ്കല്പിക്കുന്നു). ചുരുക്കത്തിൽ, നാമങ്ങൾക്കല്ലാതെ നാമധാരിക്ക് നാനാത്വമില്ല. അതാണ് വേദം പറയുന്നതും: "യാ ദേവനാം നാമധാ ഏക ഏവഃ"[72] (ദേവനാമങ്ങൾ ധരിച്ച സത്വം ഒന്നു തന്നെയാണെന്നു സാരം). ഈ മന്ത്ര

ങ്ങളുടെ വെളിച്ചത്തിൽ പ്രാചീന ആര്യൻമാർ ബഹുദൈവവാദികളോ വിഗ്രഹാരാധകരോ ആയിരുന്നില്ലെന്ന് തീരുമാനിക്കേണ്ടിയിരിക്കുന്നു. "ഋഗ്വേദം യാതൊരു ആൾദൈവത്തെയും ആരാധിക്കുവാൻ ആജ്ഞാപിക്കുന്നില്ല"[73] എന്ന ഗവേഷകരുടെ നിഗമനം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

ആദിയിൽ ഒരുണ്മ മാത്രമേയുണ്ടായിരുന്നുള്ളൂ: അവനാണ് ആകാശഭൂമികളുടെ-അഥവാ സകല ജഗത്തിന്റെയും - അധീശാധിപതിയായി വർത്തിച്ചത്. ആകാശഭൂമികളുടെയും മറ്റും സ്രഷ്ടാവും നിയന്താവും അവനത്രേ. ഋഗ്വേദം 10-ാം മണ്ഡലം 121-ാം സൂക്തത്തിൽ പ്രസ്താവിക്കുന്നു:

"ഹിരണ്യ ഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാതഃ പതിരേക ആസീത്
സദാദാര പൃഥിവീം ദ്യാമുതേമാം
കസ്മൈ ദേവായ ഹവിഷാ വിധേമാ."[74]

(സൃഷ്ടിക്കുമുമ്പ് ഹിരണ്യഗർഭനായ പരമേശ്വരൻ മാത്രമേ ഈ ജഗത്തിന് അധീശാധിപനായി വർത്തിച്ചിരുന്നുള്ളൂ. ഈശ്വരൻ പൃഥി (ഭൂമി) മുതൽ പ്രകാശലോകംവരെയുള്ള സകല ജഗത്തിനെയും സൃഷ്ടിച്ചു ധാരണം ചെയ്യുന്നു [താങ്ങിനിറുത്തുന്നു]. സുഖസ്വരൂപനായ ആ ദേവനെ ഞങ്ങൾ ഉപാസിക്കുന്നു [വണങ്ങുന്നു]. മറ്റാരെയും ഉപാസിക്കയില്ല.)

സൃഷ്ടിക്കുമുമ്പ് യാതൊന്നുമുണ്ടായിരുന്നില്ലെന്നും ഒരുണ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നുമാണ് ഇസ്‌ലാമിക ശിക്ഷണം. ഋഗ്വേദവും അതു തന്നെയാണ് പഠിപ്പിക്കുന്നത്. 'നാസദ്യയ' സൂക്തത്തിൽ പറയുന്നത് കാണുക:

"നാസദാസീന്നോ സദാസീത്തദാനീം
നാസീദ്രജോ നോ വ്യോമാ പരോത്
കീമാവരീവഃ കുഹകസ്യ ശർമ്മന്നമ്ഭഃ
കീമാസീദ് ഗഹനം ഗഭീരം
ന മൃത്യുരാസീദമൃതം ന തർഹി
ന രാത്ര്യാ അഹ്ന ആസീത് പ്രകേതഃ
ആനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്ന പരഃ കിഞ്ചനാസ."[75]

ഈ മന്ത്രങ്ങൾക്ക് ദയാനന്ദ സരസ്വതി നല്കിയ അർഥമാണ് ഇവിടെ കാണിക്കുന്നത്: "ഈ കാര്യജഗത്ത് ഉണ്ടാകാതെയിരുന്നപ്പോൾ, അതായത് സൃഷ്ടിക്കുമുമ്പ്, ശൂന്യമായ ആകാശം പോലും ഇല്ലായിരുന്നു. ഈശ്വരനും സൃഷ്ടിയുടെ മൂലകാരണവും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്തെന്നാൽ, ആകാശവും മറ്റും വ്യാവഹാരികമായി വർത്തിച്ചിരുന്നില്ല. അപ്പോൾ അത്, അഥവാ പ്രകൃതിയെന്ന അവ്യക്തം, (അതെ) സത്സംജ്ഞകമായ ജഗത്കാരണംപോലും ഉണ്ടായിരുന്നില്ല. വ്യോമം അഥവാ വിരാട് എന്ന സ്ഥൂലജഗത്തിന്റെ നിവാസസ്ഥാനവും ഉണ്ടായിരുന്നില്ല. എന്നാൽ, പരബ്രഹ്മത്തിന്റെ സാമർഥ്യമെന്ന അതീവസൂക്ഷ്മവും എല്ലാറ്റിന്റെയും മൂലകാരണവുമായത് മാത്രമേ അപ്പോൾ ഉള്ളതായിരുന്നുള്ളൂ. വർഷകാല പ്രഭാതത്തിൽ പുക പോലെ കാണപ്പെടുന്ന കുറച്ചു ജലത്തിനാൽ ഭൂമി ആവരണം ചെയ്യപ്പെടു

ന്നില്ല. നദിയിൽ ഒഴുക്കുണ്ടാകുന്നുമില്ല. അപ്പോൾ ആ ജലം എങ്ങനെ ഗഹനവും ഗംഭീരവും ആകും? ഇല്ലതന്നെ. അതുപോലെ യാതൊന്നും ബ്രഹ്മത്തിനെ ആവരണം ചെയ്യുന്നതിന് കഴിവുള്ളതല്ല. എന്തെന്നാൽ, അവയെല്ലാം അത്യുൽപങ്ങളാകുന്നു. ഈ ജഗത്തെല്ലാം ഈശ്വരന്റെ സാമർഥ്യത്തിൽ ഉണ്ടായതാണ്. ആ ബ്രഹ്മത്തെക്കാൾ ഗഹനവും ഗംഭീരവുമായത് മറ്റെന്തുണ്ട്? ഒന്നുമേയില്ല. അതിനാൽ, ആ ബ്രഹ്മത്തിന്റെ ആവരണമായി യാതൊന്നും തന്നെ ഇല്ല. എന്തുകൊണ്ടെന്നാൽ, ബ്രഹ്മം അനന്തവും ജഗത്ത് തുഛവുമാണ്. ബ്രഹ്മസ്രഷ്ടാവായ ഈ ജഗത്ത് ഈശ്വരനെ അപേക്ഷിച്ചുനോക്കുമ്പോൾ അതിതുഛമാകുന്നു."[76]

ഖുർആനിലെ സൃഷ്ടിവിവരണവുമായി പ്രസ്തുത വിവരണം എത്രമാത്രം അടുത്തിട്ടുണ്ടെന്ന് വിശിഷ്യാ പറയേണ്ടതില്ല. എന്നാൽ, ഖുർആന്റെ അവതരണത്തിനും ആയിരക്കണക്കായ വർഷങ്ങൾക്കുമുമ്പാണ് ഋഗ്വേദകാലം എന്ന സംഗതി നാം ഓർക്കേണ്ടതാണ്. ഋഗ്വേദത്തിൽ സ്തുതിക്കപ്പെട്ട ഒരു ദേവനാണ് വരുണൻ. വരുണന്റെ സവിശേഷതയെപ്പറ്റി അഥർവവേദം പറയുന്നു:

"രണ്ടാളുകൾ കുശുകുശുക്കുമ്പോൾ മൂന്നാമനായ വരുണരാജാവ് അത് അറിയുന്നു."[77]

ഇതേ ശൈലിയാണ് അല്ലാഹുവിനെ പരിചയപ്പെടുത്തുന്നതിന് ഖുർആനും സ്വീകരിച്ചിട്ടുള്ളത്. നോക്കുക:

"മൂന്നാൾ കുശുകുശുക്കുമ്പോൾ നാലാമനായി അവൻ ഉണ്ടായിരിക്കും. അഞ്ചാൾ കുശുകുശുക്കുമ്പോൾ ആറാമനായി അവൻ ഉണ്ടായിരിക്കും. കുറഞ്ഞാലും ഏറിയാലും ശരി, അവരുടെ കൂടെ അവൻ ഉണ്ടാകാതിരിക്കില്ല"[78]

ചുരുക്കത്തിൽ, വേദം ഏകേശ്വരവിഭാവനമാണ് ലോകസമക്ഷം സമർപ്പിച്ചിട്ടുള്ളത്. പക്ഷേ, പുരോഹിതന്മാരുടെ വ്യാഖ്യാനക്കസർത്തുക്കൾ വേദത്തിലെ അധ്യാപനങ്ങളെ തെറ്റിദ്ധരിപ്പിച്ചു. അങ്ങനെ, ബ്രാഹ്മണമതം വിഗ്രഹാരാധനയായി മാറി. ലോകത്തിലെ ഇതര മതങ്ങളുടെ അവസ്ഥയും ഏറക്കുറെ ഇതു തന്നെയാണല്ലോ.

## ഉപനിഷത്തുക്കളിലെ ഏകത്വസങ്കല്പം

ഭാരതത്തിൽ പില്ക്കാലത്ത് വളർന്നുവന്ന ഒരു പ്രത്യേകതരം സാഹിത്യസംഘാതമാണ് ഉപനിഷത്തുക്കൾ. അതിനിഗൂഢങ്ങളായ ബ്രഹ്മജ്ഞാനങ്ങളാണ് ഉപനിഷത്തുക്കളിൽ അടങ്ങിയിരിക്കുന്നത്. എന്നാൽ ഇസ്‌ലാമിക തത്വചിന്ത ഗ്രഹിച്ച ഒരാൾക്ക് ഉപനിഷത്തുക്കളിലെ ബ്രഹ്മവിജ്ഞാനം മനസ്സിലാക്കാൻ യാതൊരു വിഷമവുമില്ല; ഭാഷ പഠിക്കണമെന്നുമാത്രം. ഉപനിഷത് കൃതികൾ നൂറുകണക്കിനുണ്ട്. മുഗൾചക്രവർത്തിയായ അക്ബറുടെ കാലത്ത് ഒരു പുതിയ ഉപനിഷത്തും നിലവിൽ വരുകയുണ്ടായി. 'അല്ലോപനിഷത്ത്' എന്നത്രേ അതിന്റെ പേർ. അല്ലാഹുവിന്റെ പേരിൽ നിലവിൽ വന്ന ഈ കൃതി ഹിന്ദുക്കൾക്ക് സ്വീകാര്യമാവുമെന്നു തോന്നുന്നില്ല. എന്നാൽ, അവർക്ക് സ്വീകാര്യവും പ്രാമാണികവുമായ കുറേ ഉപനിഷത്തുക്കളുമുണ്ട്. പതിമൂന്നെണ്ണം കൂടുതൽ പ്രമാണയോഗ്യമത്രേ. ശ്രീ. ശങ്കരാചാര്യർ അവ

യിൽ മിക്കതിനും ഭാഷ്യം എഴുതിയിട്ടുണ്ട്. ഈശാവാസ്യം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, കൗഷീതകി, മൈത്രി, ശ്വേതാശ്വതരം എന്നിങ്ങനെയാണ് അവ വിളിക്കപ്പെടുന്നത്.

ഉപനിഷത്തുക്കൾ ഐഹികജീവിതത്തെ നിരുത്സാഹപ്പെടുത്തുകയോ മനുഷ്യനെ കേവലമൊരു ആധ്യാത്മിക ജീവിയാക്കിത്തീർക്കുകയോ ചെയ്യുന്നില്ല. പല ക്ഷത്രിയ രാജാക്കന്മാരും ഉപനിഷദ്ദർശനങ്ങളുടെ ആചാര്യൻമാരായിരുന്നു. പ്രവാഹണ ജൈവലി, അജാതശത്രു, ജനകൻ, അശ്വപതി മുതലായവർ ഉദാഹരണം. രാജാക്കൻമാർ കൈകാര്യം ചെയ്തുവന്നിരുന്ന ഈ വിദ്യ ജനങ്ങളെ ഐഹികജീവിതത്തിൽ നിന്ന് അകറ്റുവാൻ പര്യാപ്തമാവില്ലെന്ന് സ്വയം വ്യക്തമാണ്. കൂടാതെ, ഉപനിഷത്തുക്കൾതന്നെ ഈ ലോകത്ത് ദീർഘകാലം ജീവിക്കാൻ ആഗ്രഹിക്കണമെന്നാണ് ഉപദേശിക്കുന്നത്. ഈശാവാസ്യത്തിൽ പറയുന്നു: "കർവന്നേവേഹകർമാണി ജിജീവേഷഛതംസമാഃ"[79] (കർമങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ഇഹലോകത്ത് നൂറു കൊല്ലം ജീവിക്കാൻ ആഗ്രഹിക്കുവിൻ.)

ഇസ്ലാമിക ജീവിതതത്ത്വവും ഇങ്ങനെത്തന്നെയാണ്. ഒരു ആപ്തവാക്യത്തിൽ ഇങ്ങനെ കാണാം: "നീ എന്നെന്നും ജീവിക്കും എന്ന ഭാവത്തിൽ നിന്റെ ഐഹിക ജീവിതഗുണത്തിനായും നാളെത്തന്നെ മരിക്കും എന്ന ഭാവത്തിൽ നിന്റെ പാരത്രിക മോക്ഷത്തിനായും കർമമനുഷ്ഠിച്ചുകൊണ്ടിരിക്കുക." "സത്കർമമനുഷ്ഠിച്ചുകൊണ്ട് ദീർഘകാലം ജീവിക്കുന്ന മനുഷ്യനാണ് ഏറ്റവും ഉത്തമൻ" എന്ന് ഇസ്ലാംമത പ്രവാചകനും അരുൾ ചെയ്യുന്നു."[80] ഈശാവാസ്യത്തിലെ തത്ത്വോപദേശം മറ്റൊരു ശൈലിയിൽ അവതരിപ്പിക്കുകയാണ് പ്രവാചകൻ ചെയ്തിട്ടുള്ളത്.

നമുക്ക് ഉപനിഷത്തുക്കളിലെ ഏകദൈവത്വ ദർശനത്തെപ്പറ്റി ചിന്തിക്കാം. 'ബ്രഹ്മം', 'പരബ്രഹ്മം', 'പരമാത്മാവ്' മുതലായ പേരുകളിലാണ് ഏകദൈവത്തെ ഉപനിഷത്തുക്കൾ വ്യവഹരിക്കുന്നത്. ഇസ്ലാമിലെ ഏകദൈവത്തിന്റെ സവിശേഷതകളെല്ലാം 'ബ്രഹ്മ'മെന്ന ശബ്ദം ഉൾക്കൊള്ളുന്നുണ്ട്. "അവനു തുല്യമായി യാതൊന്നും ഇല്ല"[81] എന്നും "ആരും അവനു തുല്യനായിരിക്കുന്നില്ല"[82] എന്നുമാണ് ഖുർആൻ ഏകദൈവത്തെ പരിചയപ്പെടുത്തിയിട്ടുള്ളത്. അതായത്, മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങൾക്കോ ആന്തരേന്ദ്രിയങ്ങൾക്കോ വിഷയമാവാത്ത ഒന്നാണ് ദൈവസത്ത എന്നർഥം. ഇതു തന്നെയാണ് ഉപനിഷത്തുക്കൾ നമുക്ക് മനസ്സിലാക്കിത്തരുന്ന ആശയവും. കേനോപനിഷത്തിൽ പറയുന്നത് കാണുക:

"ന തത്ര ചക്ഷുർഗഛതി ന വാഗഛതി നൊ മനഃ
ന വിദ്മോ ന വിജാനീമോ യഥൈതദനുശിഷ്യാത്
അന്യദേവ തദ്വിദിതാദഥോ അവിദിതാദധി
ഇതി ശുശ്രുമ പൂർവ്വേഷാം യേ നസ്തദ്വ്യാചക്ഷിരേ."[83]

(നേത്രാദി ഇന്ദ്രിയങ്ങൾക്കോ വാക്കിനോ മനസ്സിനോ ആ ബ്രഹ്മത്തെ പ്രാപിക്കുവാൻ കഴിയുകയില്ല. അത് എങ്ങനെയുള്ളതാണെന്നു ഞങ്ങൾ അറിയുന്നില്ല. അതിനെപ്പറ്റി പഠിപ്പിക്കേണ്ടതെങ്ങനെ എന്നും ഞങ്ങൾക്കറിഞ്ഞുകൂടാ.

ബ്രഹ്മം അറിയപ്പെട്ടതിൽ നിന്നും അറിയപ്പെടാത്തതിൽ നിന്നും ഭിന്നമായി ട്ടുള്ളതത്രേ. ഇങ്ങനെയാണ് അതിനെ വ്യാഖ്യാനിച്ചുതന്ന ആചാര്യന്മാരിൽ നിന്നും ഞങ്ങൾ കേട്ടിട്ടുള്ളത്)

ആത്മജ്ഞാനിയായ ഖലീഫ അബൂബക്ർ സിദ്ദീഖ് ദൈവസത്തയുടെ അനിർവചനീയതയെപ്പറ്റി വിവരിച്ചിട്ടുള്ളത് ഈ വാക്കുകളിലാണ്:

"അവനെ അറിയാൻ കഴിയില്ല എന്ന് അറിയുന്നതാണ് യഥാർഥ ജ്ഞാനം."[84]

ഇതേ ആശയം കേനോപനിഷത്ത് അവതരിപ്പിച്ചത് ഇങ്ങനെയാകുന്നു:

"യസ്യാമതം തസ്യമതം മതം യസ്യ ന വേദ സഃ
അവിജ്ഞാതം വിജാനതാം വിജ്ഞാതമ വിജാതതാം"[85]

(ബ്രഹ്മത്തെ തനിക്ക് അറിയാൻ കഴിയില്ല എന്ന് അറിഞ്ഞവൻ അറിയുന്നു. ബ്രഹ്മത്തെ അറിഞ്ഞു എന്നു വിചാരിക്കുന്നവൻ അറിയുന്നുമില്ല. അറിഞ്ഞെന്ന് കരുതുന്നവർക്ക് അറിയാത്തതും, അറിയില്ല എന്നു മനസ്സിലായവർ അറിഞ്ഞതുമാകുന്നു ബ്രഹ്മം.)

ബ്രഹ്മത്തെയല്ലാതെ മറ്റൊന്നിനെയും ഉപാസന (ആരാധന) ചെയ്യരുതെന്നും ജനങ്ങൾ ബ്രഹ്മമെന്നു സങ്കല്പിച്ചു ഉപാസന ചെയ്യുന്നതൊന്നും യഥാർഥത്തിൽ ബ്രഹ്മമല്ലെന്നും കേനം പറയുന്നു:

"യച്ചക്ഷുഷാ ന പശ്യതി യേന ചക്ഷുംഷി പശ്യതി
തദേവ ബ്രഹ്മത്വം വിദ്ധി നദം യദിദമുപാ സതേ."[86]

(കണ്ണുകൊണ്ട് കാണാൻ കഴിയാത്തതും എന്നാൽ കണ്ണിനു കാഴ്ച നല്കുന്നതുമായ ചൈതന്യമേതോ അതാണ് ബ്രഹ്മമെന്നു നീ അറിഞ്ഞാലും. ബ്രഹ്മമെന്നു കല്പിച്ചു [ജനങ്ങൾ] ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ലതന്നെ.)

അതായത്, അജ്ഞന്മാർ ബ്രഹ്മമെന്ന സങ്കല്പത്തിൽ പലതിനെയും ആരാധിച്ചുവരുന്നുണ്ട്. അതൊന്നും ബ്രഹ്മമല്ല. ബ്രഹ്മത്തെ നേത്രേന്ദ്രിയത്തിനോ മറ്റിന്ദ്രിയങ്ങൾക്കോ പ്രാപിക്കാനാവില്ല. പക്ഷേ, നേത്രാദി ഇന്ദ്രിയങ്ങൾക്ക് വസ്തുക്കളെ പ്രാപിക്കുവാൻ കഴിവുകൊടുക്കുന്ന ചൈതന്യം ബ്രഹ്മമമാണുതാനും. ഈ ആശയം ഇസ്‌ലാമിനു സ്വീകാര്യമാണെന്ന കാര്യം നിസ്തർക്കമാണ്.[87]

ഉപനിഷത്തുക്കളിലെ ദൈവസങ്കല്പം മനസ്സിലാക്കിയ ചില സൂഫിവര്യന്മാർ അവ പ്രചരിപ്പിക്കുന്നതിൽ അസാമാന്യമായ ഉത്സാഹം പ്രകടിപ്പിച്ചതിൽ അദ്ഭുതത്തിന് അവകാശമില്ല. മുഗൾസാമ്രാട്ടായ ഷാജഹാന്റെ മൂത്ത പുത്രനും ഖാദിരിയ്യാ സ്വൂഫീ പരമ്പരയിലെ ഒരാചാര്യനുമായിരുന്ന മുഹമ്മദ് ദാറോഷിക്കോ (ക്രി. 1615–1659) ഇക്കൂട്ടത്തിൽ ഒരാളായിരുന്നു. ദാറോഷിക്കോ അമ്പതോളം ഉപനിഷത്തുക്കൾ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യിച്ചിട്ടുണ്ട്. ആ തർജമകളിൽ നിന്നാണ് പാശ്ചാത്യലോകം ഉപനിഷദ്ദർശനങ്ങളെപ്പറ്റി ആദ്യമായി അറിയാൻ ഇടവന്നത്. സുപ്രസിദ്ധ 'ഗ്രന്ഥാവലി'യിൽ ആ സംഭവം വിവരിക്കുന്നതു കാണുക:

"1775 എ.ഡി.യിൽ പേർഷ്യ ഭരിച്ചിരുന്ന ഫുവാദുദ്ദൗലയുടെ അരമനയിൽ നിന്ന് ഫ്രഞ്ചു റസിഡന്റായ എം.ജെൻടിൽ (M. Gentle) ദാറോഷിക്കോ തയ്യാറാക്കി വെച്ച ഉപനിഷദ്വിവർത്തനങ്ങളുടെ ഒരു കൈയെഴുത്തുകോപ്പി

കരസ്ഥമാക്കുകയും അത് പ്രസിദ്ധ പണ്ഡിത സഞ്ചാരിയായ അങ്കിറ്റിൽ ഡൂവറന് നൽകുകയും ചെയ്തു. ബെർനിയർ (Bernier) അതു ഫ്രാൻസിലേക്ക് കൊണ്ടുപോയി. ഡൂവറൻ ഫ്രഞ്ചിലേക്കും ലാറ്റിൻഭാഷയിലേക്കും ആ ഉപനിഷത്തുക്കൾ തർജമ ചെയ്തു. ലാറ്റിൻ തർജമ 1801, 1802 എന്നീ വർഷങ്ങളിൽ യഥാക്രമം രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചു. 'ഔപ്നിഷത്' (Oupnekhat) എന്നായിരുന്നു അതിന് അദ്ദേഹം നല്കിയ പേര്"[88]

## മരണാനന്തര ജീവിത സങ്കല്പം

ഇസ്‌ലാമിക വീക്ഷണത്തിൽ അതിപ്രധാനമായ മൗലികതത്ത്വങ്ങൾ മൂന്നാണ്: 1. തൗഹീദ് അഥവാ, ഏകദൈവത്വം. 2. രിസാലത് അഥവാ, പ്രവാചകദൗത്യം. 3 ആഖിറത്ത് അഥവാ, മരണാനന്തര ജീവിത വിശ്വാസം. ഹിന്ദുധർമത്തെ സംബന്ധിച്ചിടത്തോളം ഏകദൈവവിശ്വാസത്തിന്റെ നിലപാട് നാം കണ്ടുകഴിഞ്ഞു. ഇക്കാര്യത്തിൽ ഇസ്‌ലാമും ഹിന്ദുമതവും തമ്മിൽ അടിസ്ഥാനപരമായ അന്തരമൊന്നുമില്ലെന്നുള്ളതാണ് യാഥാർഥ്യം. ഇനി നമുക്ക് മരണാനന്തര ജീവിതത്തെപ്പറ്റി ഹിന്ദുമതത്തിന്റെ നിലപാടെന്താണെന്നു പരിശോധിക്കാം.

ഇന്നത്തെ ഹിന്ദുക്കൾ പുനർജന്മത്തിലാണ് വിശ്വസിക്കുന്നത്. അതായത്, ഈ ജന്മത്തിൽ സത്കർമമനുഷ്ഠിച്ചാൽ വരുംജന്മത്തിൽ സുജാതനായി ജന്മമെടുക്കും; അഥവാ, ദുഷ്കർമം പ്രവർത്തിക്കുന്നപക്ഷം നായയായോ പന്നിയായോ ശൂദ്രനായോ മറ്റോ ജനിക്കും. സത്കർമ- ദുഷ്കർമങ്ങളുടെ ഫലം ഇഹത്തിൽ വെച്ചു തന്നെയാണ് അനുഭവിക്കുക. ഇതാണ് പുനർജന്മവാദത്തിന്റെ താൽപര്യം. ഈ വാദം ഇസ്‌ലാമുമായി പൊരുത്തപ്പെടുന്നതല്ലെന്നു തീർച്ചയാണ്.

എന്നാൽ, വേദകാലത്തെ ഭാരതീയർ പുനർജന്മ വിശ്വാസികളായിരുന്നില്ല. പ്രത്യുത, പരലോകത്തിലെ കർമഫലങ്ങളിലും സ്വർഗ- നരകങ്ങളിലുമാണ് അവർ വിശ്വസിച്ചിരുന്നത്. വേദങ്ങളെപ്പറ്റി കൂലങ്കഷമായി പഠനം നടത്തിയ ഭാരതീയപണ്ഡിതനായ ശ്രീ. രാഹുൽ സാംകൃത്യായൻ അദ്ദേഹത്തിന്റെ 'വിശ്വദർശനങ്ങളി'ൽ എഴുതുന്നു:

"വേദത്തിലെ ഋഷിമാർ ഈ ലോകത്തിൽനിന്നും ഭിന്നമായ മറ്റൊരു ലോകമുണ്ടെന്നും വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സൽക്കർമികൾ പോവുക. അവർ അവിടെ ആനന്ദപൂർവം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമയമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോകുന്നത്. വൈദികകാലത്തെ ഋഷിമാർക്ക് പുനർജന്മവാദവുമായി ബന്ധമുണ്ടായിരുന്നില്ല."[89]

ആകയാൽ മരണാനന്തരജീവിതത്തെസ്സംബന്ധിച്ചും ഇസ്‌ലാം പഠിപ്പിച്ച അതേ ആശയമാണ് വേദകാലത്തെ ഋഷിമാരും മതാചാര്യൻമാരും പ്രചരിപ്പിച്ചിരുന്നത്. പക്ഷേ, കാലാന്തരത്തിൽ ആ വിശ്വാസം പുനർജന്മസിദ്ധാന്തമായി വ്യാഖ്യാനിക്കപ്പെടുകയാണുണ്ടായത്. മരണാനന്തരം ലഭിക്കാനിരിക്കുന്ന സ്വർഗ-നരകങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞപ്പോൾ അക്കാലത്തെ ധാർമികാചാര്യൻമാർ കണ്ടുപിടിച്ച ഒരു നൂതന സിദ്ധാന്തമാണ്

പുനർജന്മവാദമെന്നു സാംകൃത്യായൻ മറ്റൊരിടത്ത് സമർഥിച്ചിട്ടുണ്ട്.[90]

ഇത്രയും വിവരിച്ചതിൽ നിന്നും ഭാരതീയരുടെ പുരാതന മതസിദ്ധാന്തങ്ങളും ഇസ്‌ലാമിക സിദ്ധാന്തങ്ങളും തമ്മിൽ വലുതായ അടുപ്പമുണ്ടെന്നു വ്യക്തമായല്ലോ. ഭാരതീയരായ നമ്മളിന്നു പരസ്പരം അറിയാനും അടുക്കാനും ശ്രമിക്കുന്നില്ല. പകരം ആവുന്നിടത്തോളം അകലാനും തെറ്റുധാരണകൾ പരത്താനുമാണ് ദൗർഭാഗ്യവശാൽ ശ്രമിക്കുന്നത്. യഥാർഥ മതശിക്ഷണങ്ങളിലേക്ക് ഹിന്ദുക്കളും മുസൽമാൻമാരും മടങ്ങുന്നപക്ഷം നാട്ടിൽ ഇന്നു വളർന്നുകാണുന്ന വർഗീയ മാത്സര്യങ്ങൾക്ക് വലിയൊരളവോളം ലഘൂകരണം വരുത്തുവാൻ കഴിയുമെന്നു തോന്നുന്നു.

## ഗൗതമബുദ്ധന്റെ ധർമസന്ദേശം

ഇന്ത്യയിൽ ഒരുകാലത്ത് പ്രചുരപ്രചാരം സിദ്ധിച്ചതെങ്കിലും അനന്തരം നാടുകടത്തപ്പെട്ട ഒരു ദിവ്യസന്ദേശമാണ് ഗൗതമബുദ്ധന്റെ ധർമസന്ദേശം. നൂതനമായ ഒരു ധർമമായിരുന്നില്ല ബുദ്ധൻ ഉപദേശിച്ചത്; പ്രത്യുത, മുമ്പ് പല ബുദ്ധന്മാരും അവതരിപ്പിച്ചതും കാലാന്തരേണ തേഞ്ഞുമാഞ്ഞു പോയതുമായ ഒരു സനാതന ധർമപദ്ധതി പുനഃസ്ഥാപിക്കുകയും പരിഷ്കരിക്കുകയും മാത്രമാണ് അദ്ദേഹം ചെയ്തത്. ഈ വസ്തുത അദ്ദേഹം അസന്ദിഗ്ധമാം വിധം വെളിപ്പെടുത്തുകയുണ്ടായി. ബൗദ്ധസാഹിത്യങ്ങളിൽ പ്രാമാണികവും സുപ്രസിദ്ധവുമായ 'സംയുത്തനികായ'ത്തിൽ ബുദ്ധൻ അരുൾചെയ്തതായി ഉദ്ധരിച്ചതുനോക്കുക:

"ഒരു വനാന്തരത്തിൽ ഒരുത്തൻ അകപ്പെട്ടു എന്നു വിചാരിക്കുക. അവിടെ അങ്ങോട്ടിങ്ങോട്ടുഴന്നു നടക്കുമ്പോൾ അതിപ്രാചീനമായ ഒരു മാർഗം അയാൾ കണ്ടുപിടിക്കുന്നു എന്നുവെയ്ക്കുക. പോയ്പോയ കാലങ്ങളിൽ വളരെ ആളുകൾ ആ വഴിയെ സഞ്ചരിച്ചിട്ടുള്ളതാണ്. കാട്ടിലകപ്പെട്ട ആ പാന്ഥനും അതേ മാർഗം അവലംബിച്ച്, പുരാതനമായ ഒരു നഗരത്തിൽ ചെന്നുചേരുന്നു. അവിടെ മനോഹരങ്ങളായ സൗധങ്ങൾ, അവയോടുചേർന്ന് ഉദ്യാനങ്ങൾ, തെരുവീഥികൾ, തടാകങ്ങൾ തുടങ്ങിയ നാഗരികങ്ങളായ ഉപകരണങ്ങൾ കണ്ടെത്തുന്നു. പിന്നീട് അയാൾ തന്റെ നാട്ടിൽ മടങ്ങിയെത്തി, ആ കണ്ടുപിടുത്തത്തെപ്പറ്റി നാടുവാഴിയോടും നാട്ടാരോടും പറയുകയും ആ പ്രാചീന നഗരത്തെ പുതുക്കിപ്പണിത്, ജനവാസയോഗ്യമാക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തെപ്പോലെയാണ്, ഞാനും (ബുദ്ധദേവനും) പ്രാചീനമായ ഒരു രക്ഷാമാർഗം-ധർമമാർഗം- കണ്ടെത്തിയിരിക്കുന്നത്. ആ മാർഗത്തിലൂടെ മുൻകാലങ്ങളിലെ ബുദ്ധൻമാരെല്ലാം ധർമാനുഷ്ഠാനം ചെയ്തുവന്നു. അതേ മാർഗത്തിലുള്ള അവരുടെ കാലടികൾ പിന്തുടർന്ന്, ഞാനും ജീവിതരഹസ്യങ്ങൾ ധരിച്ചു. അതുകൊണ്ട് ആ വക സംഗതികൾ ഇപ്പോൾ പ്രഖ്യാപിക്കുന്നു. അതിന്റെ ഉദ്ദേശ്യം എല്ലായിടത്തും പാവനമായ ധാർമികജീവിതം പുലർത്തുകയാണ് താനും."[91]

ഗൗതമബുദ്ധൻ ഉപദേശിച്ച ധർമമാർഗം അഥവാ മതം മുമ്പുള്ള ബുദ്ധൻമാരുടേതു തന്നെയായിരുന്നുവെന്നു മേൽവാചകം സ്പഷ്ടമാക്കു

ന്നുണ്ട്. അദ്ദേഹം ബുദ്ധൻമാർ എന്ന് ഉപയോഗിച്ചത് ഇസ്‌ലാമിക സാങ്കേതികഭാഷയിലെ നബിമാർ എന്ന അർഥത്തിൽതന്നെയാണ്.

ബുദ്ധൻ എന്നാൽ ദിവ്യബോധനം ലഭിച്ച വ്യക്തി എന്നത്രേ അർഥം. ഇത്തരം വ്യക്തികൾക്കാണ് മുസ്‌ലിംകൾ നബിമാർ അഥവാ, പ്രവാചകന്മാർ എന്നു പറയുന്നതും. ബുദ്ധൻ അവതാര വിശ്വാസിയായിരുന്നില്ല. അതുകൊണ്ടാവണം, ആ പ്രയോഗം സ്വീകരിക്കാതെ നിർദോഷമായ ബുദ്ധശബ്ദം തെരഞ്ഞെടുത്തത്. ഏതായാലും ബുദ്ധന്റെ ധർമപദ്ധതി പുരാതന പ്രവാചകന്മാരുടേതുതന്നെയായിരുന്നുവെന്നതിൽ സന്ദേഹമില്ല.

ലോകത്ത് ആഗതരായ പ്രവാചകൻമാരെല്ലാം അടിസ്ഥാനപരമായി ഒരേയൊരു ധർമസന്ദേശമാണ് ജനസമക്ഷം സമർപ്പിച്ചതെന്ന യാഥാർഥ്യം ഖുർആൻ വിവിധ ശൈലികളിൽ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. ഖുർആൻ ഒരിടത്ത് പറയുന്നു:

"(പ്രവാചകന്മാരേ,) നിങ്ങളുടെ ഈ സമുദായം ഒരേയൊരു സമുദായം തന്നെയാകുന്നു. ഞാനാകട്ടെ നിങ്ങളുടെ സർവാധിനാഥനും. അതുകൊണ്ട് എന്നെ ഉപാസിക്കുവിൻ."[92] പതിനെട്ടു പൂർവപ്രവാചകന്മാരുടെ നാമങ്ങൾ എടുത്തുപറഞ്ഞശേഷം, ഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു അന്ത്യപ്രവാചകനെ ഉപദേശിക്കുന്നു: "അവർക്കത്രേ അല്ലാഹു സത്പന്ഥാവ് കാണിച്ചുകൊടുത്തിട്ടുള്ളത്. അതിനാൽ, അവരുടെ മാർഗദർശനം അനുഗമിക്കുക"[93]

ആകയാൽ, ബുദ്ധന്മാരെല്ലാം ഒറ്റ ധർമപദ്ധതിയാണ് ഉപദേശിച്ചതെന്നും അതേ പദ്ധതിയാണ് താനും നിർദേശിക്കുന്നതെന്നുമുള്ള ഗൗതമന്റെ അവകാശവാദം ഇസ്‌ലാമികദൃഷ്ട്യാ ശരിയാണ്.

ഇത്തരുണത്തിൽ ബുദ്ധന്റെ ധർമപദ്ധതിയെക്കുറിച്ച് പ്രചരിപ്പിക്കപ്പെടുന്ന ചില തെറ്റിദ്ധാരണകൾ നീക്കേണ്ടത് ഒരാവശ്യമായി തോന്നുന്നു. ഗൗതമബുദ്ധൻ ഒരു നാസ്തികനായിരുന്നുവെന്നും അദ്ദേഹത്തിന്റെ പദ്ധതിയിൽ ഈശ്വരന്നോ ആത്മാവിനോ സ്ഥാനമില്ലെന്നുമാണ് പാശ്ചാത്യ- പൗരസ്ത്യ നിരൂപകന്മാരിൽ ചിലരുടെ ആരോപണം. ഇത് ശരിയല്ല. ബുദ്ധമതത്തെപ്പറ്റി അവഗാഹം നേടിയ പല പ്രഗല്ഭ പണ്ഡിതന്മാരും ഈ ആരോപണം നിഷേധിച്ചിട്ടുണ്ട്. കൂടുതൽ വിസ്തരിക്കുവാൻ ഇവിടെ സന്ദർഭമില്ല. ശ്രീ. ആനന്ദ കുമാരസ്വാമി അദ്ദേഹത്തിന്റെ 'ഗൗതമബുദ്ധൻ' എന്ന കൃതിയിൽ പ്രസിദ്ധ ബൗദ്ധസാഹിത്യങ്ങളെ ആധാരമാക്കി എഴുതിയത് കാണുക:

"മറ്റൊരു മഹാപണ്ഡിതൻ, പ്രാചീന ബുദ്ധമതം ദൈവത്തെയും ആത്മാവിനെയും നിത്യതയെയും നിഷേധിച്ചിട്ടുണ്ടെന്നും ആത്മാവില്ലെന്ന് ബുദ്ധൻ ഉപദേശിച്ചിട്ടുള്ളതായി മിക്കവാറും സാർവത്രികമായി തന്നെ അവകാശപ്പെട്ടിരിക്കുന്നുവെന്നും ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. സത്യത്തിൽ അദ്ദേഹം (ബുദ്ധൻ) നിഷേധിച്ചിട്ടുള്ളത് മാറ്റത്തിനു വിധേയമായ അഹന്തയെയാണ്. അതായത്, ശാരീരികവും മാനസികവുമായ വ്യക്തിത്വത്തിന്റെ സത്യാവസ്ഥയെയാണ്. ഇത് ആ പണ്ഡിതൻ അറിയാതെപോയി." [സംയുത്തനികായം iv, 384 F 401, 402; ഉദാനം 47 ഇത്യാദി നോക്കുക.][94]

ശ്രീബുദ്ധൻ ആത്മപ്രചോദിതനായി കുറച്ചുകാലം കഠിനമായ തപസ്സുകൾ അനുഷ്ഠിച്ചു. തപസ്സുകൊണ്ട് കാര്യസിദ്ധി ഉണ്ടാവില്ലെന്നു ബോധ്യ

മായപ്പോൾ അദ്ദേഹം അതുപേക്ഷിച്ചു. ഉരുവേല എന്ന സ്ഥലത്ത് നിരഞ്ജനാനദീതീരത്തുള്ള ഒരു സാലവൃക്ഷച്ചുവട്ടിൽ ധ്യാനനിരതനായിരിക്കുമ്പോൾ അദ്ദേഹത്തിനു ബോധോദയം ലഭിച്ചു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ വെളിപാടുണ്ടായി. ഇതോടെ അദ്ദേഹം ബുദ്ധനായി. പക്ഷേ, തനിക്ക് ലബ്ധമായ ധർമം അന്യന്മാരെ ഉപദേശിക്കുന്നതിൽ അദ്ദേഹത്തിന് ആദിയിൽ മനസ്സുവന്നില്ല. തദവസരത്തിൽ 'മഹാബ്രഹ്മാവ്' പ്രത്യക്ഷനാവുകയും ധർമോപദേശത്തിനായി ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെയാണ് ബുദ്ധൻ ധർമോപദേശത്തിനുദ്യുക്തനായത്. ബുദ്ധന്റെ ജീവചരിത്രം പ്രതിപാദിക്കുന്ന ഒരു കൃതിയാണ് 'മഹാപദാന സുത്തഖണ്ഡം'. അതിൽ നിന്ന് ധർമാനന്ദ കോസംബി അദ്ദേഹത്തിന്റെ 'ഭഗവാൻ ബുദ്ധനി'ൽ ഉദ്ധരിച്ചത് നോക്കുക:

ഭഗവാൻ തന്റെ ശിഷ്യന്മാരെ അറിയിക്കുകയാണ്: "ഭിക്ഷുക്കളേ...പ്രയാസപ്പെട്ട് സമ്പാദിച്ച ഈ ധർമം അന്യരോട് പറയരുത്; രാഗദ്വേഷങ്ങളിൽ മുങ്ങിയിരിക്കുന്ന ജനങ്ങൾക്ക് ഈ ധർമം സുഗമമല്ല. പ്രവാഹത്തിനെതിരെ പായുന്നതും നിപുണവും ഗംഭീരവും ദുർദശവും അണുരൂപ്യവും ആയ ഈ ധർമം അന്ധകാരത്തിൽ ആവൃതരായ കാമാസക്തന്മാർക്ക് ഉപദേശിക്കരുത്. ഭിക്ഷുക്കളേ, അർഹന്തനും സമ്യക്സംബുദ്ധനും ആയ വിപസ്സി ഭഗവാൻ (ഗൗതമബുദ്ധൻ) ഇങ്ങനെ ചിന്തിച്ച് ധർമോപദേശത്തിൽ മനസ്സുവെയ്ക്കാതെ ഏകാകിയായി ഇരിക്കാൻ തീരുമാനിച്ചു. അത് മഹാബ്രഹ്മാവ് അറിഞ്ഞ് ഇങ്ങനെ ആത്മഗതം ചെയ്തു: കഷ്ടം! ജഗത്തിനു നാശം ഭവിക്കാൻ പോകുന്നു; വിനാശം ഭവിക്കുന്നു! എന്തെന്നാൽ, അർഹന്തനും സമ്യക്സംബുദ്ധനും ആയ വിപസ്സി ഭഗവാന്റെ മനസ്സ് ധർമോപദേശം ചെയ്യുന്നതിൽ തൽപരമാകാതെ ഏകാകിയായിരിക്കുവാൻ പ്രീതിപ്പെടുന്നു. ഭിക്ഷുക്കളേ, അപ്പോൾ ബലവാനായ ഒരുവൻ അടച്ചിരുന്ന കൈ തുറക്കുകയും തുറന്ന കൈ അടക്കുകയും ചെയ്യുന്ന വേഗത്തോടുകൂടി, മഹാബ്രഹ്മാവ് ബ്രഹ്മലോകത്തിൽ നിന്ന് അന്തർധാനം ചെയ്ത് വിപസ്സി ഭഗവാന്റെ മുമ്പിൽ പ്രത്യക്ഷനാവുകയും തന്റെ ഉത്തരീയം ഒരു തോളിൽ ഇട്ടുകൊണ്ട് ഭൂമിയ സ്പർശിച്ച് കൈകൂപ്പുകയും ചെയ്തിട്ട് ഭഗവാനോട് പ്രാർഥിച്ചു: 'ഭഗവാൻ, ധർമോപദേശം ചെയ്താലും! ജീവികളെല്ലാം അന്ധകാരത്തിൽ ആണ്ടുകിടക്കുകയാണ്. അവർ ധർമോപദേശം കേൾക്കാൻ സാധിക്കാത്തതുകൊണ്ട് നാശം പ്രാപിക്കുന്നു. ആ ധർമം അറിയാൻ ആഗ്രഹിക്കുന്നവർ വന്നു ചേരും."[95]

ഈ ചിത്രീകരണത്തിൽ നിവേദകന്റെ ഭാവനയ്ക്കും ഏറക്കുറെ പങ്കുണ്ടാവാം. എന്നാൽ, ഇതിൽ അടക്കംചെയ്ത മൗലികാശയം നിഷേധിക്കാൻ കാരണമൊന്നുമില്ല. വിപസ്സി ഭഗവാനായ ഗൗതമന് സിദ്ധമായ ധർമത്തിന്റെ ഗാംഭീര്യവും തീവ്രതയും അന്നത്തെ ജനങ്ങളുടെ അന്ധതയും വിമുഖതയും കാരണമായി, അത് ഉപദേശിക്കുന്ന വിഷയത്തിൽ അദ്ദേഹത്തിന് ആദിയിൽ മനഃപ്രയാസം തോന്നി. ഇത്തരുണത്തിൽ അദ്ദേഹത്തിന് ദിവ്യദർശനമുണ്ടായി: 'ധർമം ഉപദേശിക്കുകതന്നെ വേണം. ജനങ്ങളെ വിനാശങ്ങളിൽ നിന്ന് വിമോചിപ്പിക്കാൻ അതൊന്നേ മാർഗമുള്ളൂ.' അങ്ങനെയാണ് ബുദ്ധൻ ധർമോപദേശത്തിന് ഉദ്യുക്തനായത്.

മുഹമ്മദ് നബിക്കും ആരംഭഘട്ടത്തിൽ ബുദ്ധനുണ്ടായ പോലെ ഈ വിഷമാവസ്ഥ നേരിടുകയുണ്ടായി. അദ്ദേഹം ദൈവസന്ദേശം പ്രബോധനം ചെയ്യുന്നതിനെ ആശങ്കിക്കുകയും സ്വഗൃഹത്തിൽ ചെന്ന് പുതപ്പിട്ടു മൂടിക്കിടക്കുകയും ചെയ്തു. തദവസരത്തിൽ ദൈവത്തിൽ നിന്നും ആജ്ഞയുണ്ടായത് ഇങ്ങനെയാണ്: "അല്ലയോ പുതുപ്പുധാരീ, എഴുന്നേല്ക്കുക; (ജനങ്ങളോട് സത്യം) പ്രബോധനം ചെയ്യുക."[96]

ചുരുക്കത്തിൽ ഗൗതമബുദ്ധൻ നിരീശ്വരവാദിയായിരുന്നില്ല; പ്രവാചക നിയോഗനിഷേധിയുമായിരുന്നില്ല. മറിച്ച്, തികഞ്ഞ ഈശ്വരവാദിയും പ്രവാചകദൗത്യ വിശ്വാസിയുമായിരുന്നു. അദ്ദേഹം 'നിർവാണ'ത്തിനുവേണ്ടി പ്രവർത്തിക്കാൻ ശിഷ്യജനത്തെ ഉപദേശിച്ചു. മനുഷ്യജന്മത്തിന്റെ സാക്ഷാൽ ലക്ഷ്യം നേടുക, അഥവാ പ്രപഞ്ചനാഥന്റെ സംപ്രീതിക്ക് പാത്രമാവുക; ഇതല്ലാതെ മറ്റൊന്നുമല്ലായിരുന്നു ആ നിർവാണം. ദൈവസ്മരണ, ധ്യാനം, അഷ്ടാംഗമാർഗം എന്നിവയാണ് പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി ബുദ്ധൻ നിർദേശിച്ചത്. അഷ്ടാംഗമാർഗത്തിൽ ഇസ്‌ലാം അംഗീകരിക്കാത്തതോ ഖുർആനും സുന്നത്തും ഉപദേശിക്കാത്തതോ ആയ ഒരു മാർഗവും നമുക്ക് കാണാൻ കഴിയുന്നതല്ല. ഇസ്‌ലാമിക ജീവിതക്രമത്തിന്റെ സാരസർവസ്വമാകുന്നു അഷ്ടാംഗമാർഗം. എന്നാൽ, പിന്നീടുണ്ടായ വ്യാഖ്യാനക്കസർത്തുകൾക്കടിപ്പെട്ട് അഷ്ടാംഗമാർഗം വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടുപോയിരിക്കയാണ്.

## പാരത്രികജീവിത വിശ്വാസം

ഇനി നമുക്ക് പാരത്രിക ജീവിതത്തെപ്പറ്റി ബുദ്ധധർമത്തിലെ വിഭാവനയെന്തെന്ന് നോക്കാം. മാനസികമായ അധർമാചരണത്തെ വിശദീകരിച്ചുകൊണ്ട് ബുദ്ധൻ പറയുന്നു:

"ഗൃഹസ്ഥരേ, മാനസികമായ മൂന്നുവിധം അധർമാചരണങ്ങൾ എന്തെല്ലാം? (1) ഒരു മനുഷ്യൻ പരധനം അപഹരിക്കാൻ ചിന്തിക്കുന്നു; അന്യരുടെ സമ്പത്ത് തനിക്ക് കിട്ടണമെന്ന് കരുതുന്നു. (2) അവൻ ദ്വേഷബുദ്ധിയെ പുലർത്തുന്നു. ഇയാൾ മരിക്കണം, നശിക്കണം എന്നെല്ലാം ആലോചിക്കുന്നു. (3) അയാൾ മിഥ്യാദൃഷ്ടി ഉള്ളവനായിത്തീരുന്നു; ദാനം ഇല്ല, സുകൃത-ദുഷ്കൃതങ്ങൾക്ക് ഫലമില്ല, ഈ ലോകവും ഇല്ല എന്നിങ്ങനെയുള്ള നാസ്തികവിചാരം ചെയ്യുന്നു- ഈ മൂന്നുമാണ് മാനസികമായ അധർമാചരണങ്ങൾ"[97]

തുടർന്ന് മാനസികമായ ധർമാചരണങ്ങളെ അദ്ദേഹം വിശദീകരിക്കുന്നത് കാണുക:

"ഗൃഹസ്ഥരേ.... ഗൃഹസ്ഥന്റെ മൂന്നു വിധത്തിലുള്ള മാനസിക ധർമാചരണങ്ങൾ എന്തെല്ലാം? പരദ്രവ്യത്തിൽ ആശയുണ്ടാകാതെയും പരധനം കൈക്കലാക്കാൻ വിചാരിക്കാതെയും ജീവിക്കുക; ദ്വേഷമുക്തമായ ചിത്തത്തോടും സകല ജീവികളും വൈരം വെടിഞ്ഞ്, പരസ്പരബാധയും ദുഃഖവുമില്ലാതെ സുഖമായിരിക്കണം എന്ന സങ്കല്പത്തോടും വർത്തിക്കുക; സമ്യക്ദൃഷ്ടി (ശരിയായ വീക്ഷണം) പുലർത്തുക; ദാനധർമങ്ങളുടെയും

സുകൃത-ദുഷ്കൃതങ്ങളുടെയും ഫലത്തിലും ഇഹപരലോകങ്ങളിലും വിശ്വാസത്തോടുകൂടി പ്രവർത്തിക്കുക-ഇവയാണ് മൂന്ന് വിധത്തിലുള്ള മാനസിക ധർമാചരണം." [മജ്ഝിമനികായം (അക്കം: 41) സാലേയ്യക സുത്തം][98]

തഥാഗതൻ പാരത്രിക സുഖ-ദുഃഖമാകുന്ന കർമഫലത്തോടു ബന്ധപ്പെടുത്തിക്കൊണ്ടാണ് സുകൃത-ദുഷ്കൃതങ്ങളെ നിർവചിക്കുന്നതെന്നു മേൽവരികളിൽനിന്ന് സുതരാം വ്യക്തമാണ്. ഖുർആനും ഇങ്ങനെത്തന്നെയാണ് 'മഅ്റൂഫി' (സുകൃതം)നെയും 'മുൻകറി' (ദുഷ്കൃതം)നെയും നിർവചിച്ചിട്ടുള്ളത്. ഐഹികജീവിതത്തിൽ ഒരു പ്രവൃത്തി എത്ര തന്നെ ലാഭകരമാണെങ്കിലും പാരത്രികജീവിതത്തിൽ ദുഃഖഹേതുവാണെങ്കിൽ അത് ദുഷ്കൃത്യമാണ്. അപ്രകാരം തന്നെ ഐഹികജീവിതത്തിൽ ഒരു കർമം എത്ര തന്നെ നാശകരമാണെങ്കിലും പാരത്രിക ജീവിതത്തിൽ സുഖദായകമാണെങ്കിൽ അത് സുകൃതമാണ്- ഇതാണ് ഇസ്ലാമിക ധർമവിഭാവനം. ബൗദ്ധധർമത്തിലെ സുകൃത- ദുഷ്കൃത സങ്കല്പവും അങ്ങനെത്തന്നെയാണെന്ന് മുകളിൽകൊടുത്ത വിശദീകരണം തെളിയിക്കുന്നു.

മുസ്ലിം ചരിത്രപണ്ഡിതൻമാർ 'ഗാദിമൂൻ' എന്ന ഒരു പ്രാചീന പ്രവാചകനെപ്പറ്റി അവരുടെ കൃതികളിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ തത്ത്വോപദേശങ്ങൾ തികച്ചും അംഗീകൃതമാണെന്ന നിലയിലാണ് അവർ ഉദ്ധരിച്ചിട്ടുള്ളത്. ചിലരുടെ അഭിപ്രായത്തിൽ ബൈബിൾ പറയുന്ന ശീഥും ഈ ഗാദിമൂനും ഒരാളാണ്.[99] ബുദ്ധന്റെ സാക്ഷാൽ നാമം 'ഗൗതമൻ' എന്നത്രേ. ഗൗതമനും ഗാദിമൂനും തമ്മിലുള്ള ഉച്ചാരണസാമ്യം വളരെ വ്യക്തമാണ്. ആകയാൽ, മുസ്ലിംപണ്ഡിതൻമാർ പരിചയപ്പെടുത്തിയ ഗാദിമൂൻനബി ഭാരതീയ പ്രവാചകനായ ഗൗതമബുദ്ധൻ ആയിക്കൂടായ്കയില്ല.

ഇതുപോലെ ഖുർആനിൽ 'ദുൽകിഫ്ല്' എന്നു പേരായ ഒരു പ്രവാചകനെ കാണാം. പ്രായേണ, ഇസ്രാഈൽ സമുദായത്തിൽ നിയുക്തരായ പ്രവാചകന്മാരെയാണ് ഖുർആൻ എടുത്തുപറയാറുള്ളത്. എന്നാൽ, ദുൽകിഫ്ല് എന്ന പ്രവാചകനെ സംബന്ധിച്ച ഒരു സൂചനപോലും ബൈബിളിൽ കാണുന്നില്ല. അതിനാൽ, അദ്ദേഹം ഒരു ഇന്ത്യൻ പ്രവാചകനായിരിക്കാവുന്നതാണ്. ബുദ്ധന്റെ ജന്മഗേഹം കപിലവസ്തുവാണ്. ദുൽകിഫ്ല് എന്നാൽ കിഫ്ലുകാരൻ എന്നാണർഥം. ആകയാൽ കപിലവസ്തുവിലെ പ്രവാചകൻ എന്ന അർഥത്തിലാവണം ഖുർആൻ ദുൽകിഫ്ല് എന്നു പ്രയോഗിച്ചതെന്ന് അനുമാനിക്കാം. ഇതേ അഭിപ്രായമാണ് ആധുനിക ചരിത്രപണ്ഡിതനായ ഹുമയൂൺ കബീറിനെപ്പോലുള്ള ചിലർക്കുള്ളത്. ഇന്ത്യൻ ഭാഷയിലെ 'പ' അറബിയിൽ 'ഫ' യായിത്തീർന്നതാവാം.

ഏതായാലും ശാക്യമുനി ഒരു പ്രവാചകനായിരുന്നുവെന്ന നിഗമനം അബദ്ധമാണെന്നു പറഞ്ഞുകൂടാ. പ്രവാചകന്മാരുടെയെല്ലാം കഥ ഖുർആൻ നമുക്ക് വിവരിച്ചുതന്നിട്ടില്ല. "നാം കഥ വിവരിക്കാത്ത പ്രവാചകന്മാരുമുണ്ട്"[100] എന്ന് ഖുർആനിൽ അല്ലാഹു പറയുന്നു. അതേയവസരത്തിൽ "പ്രവാചകനെ നിയോഗിക്കാത്ത ഒരു സമുദായവും കഴിഞ്ഞുപോയിട്ടില്ലെ"ന്നും[101] "എല്ലാ ഓരോ സമുദായത്തിനുമുണ്ട് ദൈവദൂതന്മാരെ"ന്നും[102] അല്ലാഹു തന്നെ ഖുർആനിൽ ആവർത്തിച്ചുറപ്പിച്ചിട്ടുണ്ട്.

## ഗൗതമബുദ്ധന്റെ പ്രവചനം

തഥാഗതന്റെ മഹത്തായ ഒരു പ്രവചനംകൂടി പകർത്തി ഈ പ്രബന്ധം അവസാനിപ്പിക്കാം. ബൗദ്ധഗ്രന്ഥങ്ങളിൽ വളരെ പ്രാമാണികമായി വിശ്വസിക്കപ്പെടുന്ന 'സുത്തപിടക'ത്തിലെ ആദ്യത്തെ ഉപവിഭാഗമായ 'ദീർഘനികായം' iii, 75-76-ൽ ബുദ്ധൻ ദീർഘദർശനം ചെയ്തതായി രേഖപ്പെടുത്തുന്നു:

"ഭിക്ഷുക്കളേ, മനുഷ്യായുസ്സ് എൺപതിനായിരം വർഷമാകുന്ന കാലത്ത്, വിദ്യാചാരസമ്പന്നനും സുഗതനും ലോകത്തെ അറിഞ്ഞവനും അനുപമനും നിയന്ത്രണംവേണ്ട മനുഷ്യർക്ക് സാരഥിയും ദേവ-മനുഷ്യഗുരുവും ബുദ്ധനും ഭഗവാനുമായി ഭഗവാൻ 'മൈത്രേയൻ'- അർഹത്തും സമ്യക്സംബുദ്ധനും-അവതരിക്കും. വിദ്യാചാര സമ്പന്നനും സുഗതനും ലോകത്തെ അറിഞ്ഞവനും അനുപമനും നിയന്ത്രണംവേണ്ട മനുഷ്യർക്കു സാരഥിയും ദേവ- മനുഷ്യഗുരുവും ബുദ്ധനും ഭഗവാനുമായി ഇന്നു ഞാൻ അവതരിക്കുന്നപോലെ തന്റെ അഭിജ്ഞാനം മൂലം അദ്ദേഹവും ദേവന്മാരും മാരന്മാരും (പിശാചുക്കൾ) ബ്രാഹ്മാക്കളും ശ്രമണ-ബ്രാഹ്മണ സൃഷ്ടികളും ദേവ-മനുഷ്യരും നിറഞ്ഞ ഈ ലോകത്തെ അറിയുകയും (മറ്റുള്ളവരെ) അറിയിക്കുകയും ചെയ്യും-ഇന്ന് ഈ ഞാൻ എന്റെ അഭിജ്ഞാനം മൂലം ഇവയെല്ലാം അറിയുകയും അറിയിക്കുകയും ചെയ്യുന്നതുപോലെ. ഞാൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതുപോലത്തന്നെ അദ്ദേഹവും ധർമത്തെ ഉപദേശിക്കും; മംഗളാദിയും മംഗളമധ്യവും മംഗളാന്തവുമായ ബ്രഹ്മചര്യത്തെ ലക്ഷ്യാർഥപുരസ്സരം പരിപൂർണമായും പരിശുദ്ധമായും ഉദ്ബോധിപ്പിക്കും. അനേകായിരം ഭിക്ഷുക്കൾ (ശിഷ്യന്മാർ) ഉൾക്കൊള്ളുന്ന ഒരു സംഘത്തെ ഞാൻ ഇന്ന് നയിക്കുന്നതുപോലെ അദ്ദേഹവും അനേകായിരം ഭിക്ഷുക്കൾ ഉൾക്കൊള്ളുന്ന ഒരു സംഘത്തെ നയിക്കും."[103]

ഗൗതമബുദ്ധനാൽ പ്രവചിക്കപ്പെട്ടിട്ടുള്ള ആ 'മൈത്രേയൻ' ആരായിരിക്കും? 'കരുണയുടെയും സ്നേഹത്തിന്റെയും മൂർത്തീമദ്ഭാവം' എന്നത്രേ പാലിഭാഷയിൽ ആ ഗുണനാമത്തിനർഥം. ഇതേ അർഥത്തിലാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബിയെ ഖുർആനിൽ അല്ലാഹു 'റഹ്മത്തുൻ ലിൽ ആലമീൻ' എന്നു വിശേഷിപ്പിച്ചിട്ടുള്ളതും. ആകയാൽ തന്നെപ്പോലെ ധർമം ഉപദേശിക്കുന്ന ഒരു ബുദ്ധൻ അവതരിക്കുമെന്ന് തഥാഗതൻ പ്രവചിച്ചത് അന്ത്യപ്രവാചകനെക്കുറിച്ചാവാൻ വളരെ സാധ്യതയുണ്ട്. ഇവിടെ മനുഷ്യായുസ്സ് എൺപതിനായിരം വർഷമാകുന്ന കാലം എന്ന് പറഞ്ഞതിന്റെ പൊരുൾ എന്തെന്ന് ഒരു ചോദ്യമുദ്ഭവിച്ചേക്കാം. അന്ത്യപ്രവാചകന്റെ സമുദായം കാലാവസാനംവരെ നിലനില്ക്കുമെന്നാണ് നബിയുടെ ചില വചനങ്ങൾ അവകാശപ്പെടുന്നത്.[104] ഇതാവണം ഗൗതമബുദ്ധനും പ്രസ്തുത വാചകത്തിൽ സൂചിപ്പിച്ചത്.

എത്രയും സംക്ഷിപ്തമായി നാം വിവരിച്ചുവന്ന മേൽവസ്തുതകൾ ഗ്രഹിച്ച ഒരാൾ ഇങ്ങനെ ആത്മഗതം ചെയ്യുന്നതിൽ അദ്ഭുതമില്ല:

"ഒരു ജാതി, ഒരു ദൈവം...!"

# കുറിപ്പുകൾ

1. ഖുർആൻ അധ്യായം 49, സൂക്തം 13
2. "A Short History of the world"- H.G. Wells.
വിവർത്തനം: 'ലോകചരിത്ര സംഗ്രഹം', ചേലാട്ട് അച്യുതമേനോൻ (B.A, B.L.) പേജ് 68, 69. (1943) മാതൃഭൂമി പ്രസിദ്ധീകരണം.
3. അതേ ഗ്രന്ഥം. പേജ് 69
4. 'മെസൊപ്പൊട്ടേമിയാ സാഹിത്യ ചരിത്രം'കൃഷ്ണചൈതന്യ, പേജ് 13-ൽ പറയുന്നു: "സുമേരിയൻ സംസ്കാരത്തിന് പഴക്കമായ ശേഷം -ക്രി.മു. 2300 നടുത്ത്- രാജ്യത്തിലെ പുരോഹിത ചരിത്രകാരന്മാർ രാജ്യത്തിന്റെ പുരാതന ചരിത്രത്തെപ്പറ്റി ഒരു ഗവേഷണം നടത്തി. അവരിൽ നിന്നും രാജാക്കന്മാരുടെ ഒരു പട്ടിക നമുക്ക് ലഭിച്ചിരിക്കുന്നു. പക്ഷേ, ഈ രാജാക്കന്മാരുടെ വാഴ്ചയുടെ കാലാവധിയെക്കുറിച്ചുള്ള കണക്കുകൾ പ്രത്യക്ഷത്തിൽതന്നെ സാങ്കല്പികമാണ്. കാരണം, ആ കണക്കുകൾ പ്രകാരം ഈ രാജാക്കന്മാരെല്ലാവരും കൂടി (പ്രളയത്തിനു മുമ്പ്) 4,32,000-ത്തോളം കൊല്ലം നാടുവാണിരുന്നു."
5. 'അർദുൽ ഖുർആൻ' (ഒരു ചരിത്രഗവേഷണ പുസ്തകം). മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി. (ഉർദുമൂലം വാല്യം 1, പേജ് 135-ൽ 'ബെറസൂസി'ന്റെ പട്ടിക ഇങ്ങനെ ഉദ്ധരിക്കുന്നു:

| എണ്ണം | രാജവംശങ്ങൾ | വർഷം |
|---|---|---|
| 10 | ജലപ്രളയത്തിന് മുമ്പുള്ള രാജവംശം | 4,32,000 |
| 86 | ജലപ്രളയത്തിന് ശേഷമുള്ള രാജവംശം | 34000 |
| 8 | കൊള്ളക്കാരായ മിഡിയ രാജവംശം | 224 |
| 11 | ....രാജവംശം | 448 |
| 49 | കാൽഡിയ രാജവംശം | 458 |
| 9 | അറേബ്യാ രാജവംശം | 225 |

6. 'കലിയുഗം' -പോഞ്ഞിക്കര റാഫി, പേജ് 185-ൽ വിൽഡുറാന്റിന്റെ 'Our Oriental Heritage'നെ ഉദ്ധരിച്ചു പറയുന്നു:
"സുമേരിയയിലെ പുരോഹിതചരിത്രകാരന്മാർ അവരുടെ രാജ്യത്തിന്റെ ഒരു പുരാതന ചരിത്രമുണ്ടാക്കി എന്നും അതനുസരിച്ച് ഒരു പരമ്പരയുടെ വാഴ്ചാകാലം- ജലപ്രളയത്തിന് മുമ്പുള്ളത്-4,32,000 വർഷങ്ങളാണെന്നു രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്നും വിൽഡുറാന്റ് പ്രസ്താവിക്കുന്നു. ഈ കണക്കിൽ ഒരു പൂജ്യം ചേർത്താൽ ഇന്ത്യൻ പുരാണമനുസരിച്ചുള്ള ഒരു മന്വന്തരം (മനുവിന്റെ വാഴ്ചാകാലം) ആയി."
7. 'മെസൊപ്പൊട്ടേമിയൻ സാഹിത്യ ചരിത്രം,' പേജ് 14.
8. സ്വഹീഹുൽബുഖാരി, സ്വഹീഹുമുസ്‌ലിം എന്നീ ഹദീസ്ഗ്രന്ഥങ്ങൾ. 'ശഫാഅത്ത്' അധ്യായം നോക്കുക.
9. 'തർജുമാനുൽ ഖുർആൻ' (ആധുനിക കണ്ടെത്തലുകളുടെ വെളിച്ചത്തിൽ എഴുതപ്പെട്ട ഒരു ഉർദു ഖുർആൻ ഭാഷ്യം)- മൗലാനാ അബുൽകലാം ആസാദ്. വാല്യം 2, പേജ് 192,193 നോക്കുക.
10. 'മെസൊപ്പൊട്ടേമിയൻ സാഹിത്യ ചരിത്രം', പേജ് 49.
11. 'തർജുമാനുൽ ഖുർആൻ' വാല്യം 2, പേജ് 193-ൽ എഴുതുന്നു:
"ആർമീനിയ പർവതം അരാറാത്ത് പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ബൈബിൾ ആ പർവതത്തെ അരാറാത്ത് എന്ന് വിളിച്ചു. നോഹയുടെ കപ്പൽ നിന്ന മലയുടെ പേരാണ് ഖുർആനിൽ പറഞ്ഞ 'അൽജൂദി'. ആധുനിക ബൈബിൾ വ്യാഖ്യാതാക്കളിൽ ചിലരുടെ അഭിപ്രായത്തിൽ, അരാറാത്ത് പർവതനിരയെയും ജോർജിയ പർവതനിരയെയും തമ്മിൽ കൂട്ടി ബന്ധിപ്പിക്കുന്ന പർവതപംക്തിയുടെ പേരാകുന്നു

അൽജൂദി. അലക്സാണ്ടറുടെ കാലത്തുള്ള ചില ഗ്രീക്കു രേഖകളെയാണ് അവർ പ്രസ്തുത അഭിപ്രായത്തിന് ആധാരമാക്കിയിട്ടുള്ളത്. ക്രി. 18-ാം നൂറ്റാണ്ടുവരെ അവിടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. 'കപ്പൽക്ഷേത്രം' എന്നായിരുന്നു അതിനു പേർ."

12. 'ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ' (പുരാവസ്തു ഗവേഷണപരമായ ഒരു ലഘുപുസ്തകം) -ടി.സി. ശങ്കരമേനോൻ. എസ്.പി.എസ്. പ്രസിദ്ധീകരണം, പേജ് 86,87.
13. ഉത്പത്തി 9: 18 നോക്കുക.
14. ഖുർആൻ 49:13
15. ഖുർആൻ 7: 59
16. 'ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നുള്ള ശബ്ദങ്ങൾ'. പേജ് 197
17. അതേ ഗ്രന്ഥം, പേജ് 206
18. 'Advanced History of India'യിൽ നിന്ന് കൃഷ്ണാനന്ദസ്വാമി തന്റെ 'ഇന്ത്യയിലെ വർണ സമരം' എന്ന ചെറുകൃതിയിൽ 11-ാം പേജിൽ ഉദ്ധരിച്ചത്.
19. ജയസ്വലാലിന്റെ 'Hindu Civilization' എന്ന കൃതിയിൽ നിന്ന് 'ഇന്ത്യയിലെ വർണസമരം' 11-ാം പേജിൽ ഉദ്ധരിച്ചത്.
20. 'Discovery of India' by Pandit Jawaharlal Nehru. വിവർത്തനം: 'ഇന്ത്യയെ കണ്ടെത്തൽ'- സി.എച്ച്. കുഞ്ഞപ്പ, 89-ാം പേജിൽ ഗോർഡൻ ചൈൽഡിന്റെ 'വാട്ട് ഹാപ്പെൻഡ് ഇൻ ഹിസ്റ്ററി' (പേജ്: 112) (പെലിക്കൽ ബുക്സ്) എന്ന കൃതിയിൽ നിന്ന് ഉദ്ധരിച്ചത്.
21. 'ഭാരതപ്പഴമ'- (പുരാവസ്തു ഗവേഷണപരമായ ഒരു ചെറുകൃതി, ഡോക്ടർ എം. അയ്യപ്പൻ, മാതൃഭൂമി പ്രസിദ്ധീകരണം) പേജ് 71,72.
22. 'ദർശൻ-ദിഗ്ദർശൻ' (ഹിന്ദി -ഒരു ദർശന-നിരൂപണ ഗ്രന്ഥം) രാഹുൽ സാംകൃത്യായൻ, വിവർത്തനം: 'വിശ്വദർശനങ്ങൾ' പി.എം. കുമാരൻനായർ, 542, 543 പേജുകളിൽ എഴുതുന്നു: സിന്ധുതാഴ്വരയിലെ പ്രാചീന സംസ്കാരത്തെപ്പറ്റി അറിയാൻ തുടങ്ങിയത് ഈ നൂറ്റാണ്ടിന്റെ ദ്വിതീയ പാദത്തിന്റെ ആരംഭം തൊട്ടാണ്. മോഹൻജദാരോ, ഹരപ്പ എന്നീ സ്ഥലങ്ങളിലെ ഖനനത്തിൽ നിന്ന് അക്കാലത്തെ നഗരങ്ങളുടെയും നാഗരിക ജീവിതത്തിന്റെയും അവശിഷ്ടങ്ങൾ നമുക്ക് കിട്ടുകയുണ്ടായി. അതിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് മെസൊപ്പൊട്ടേമിയയിലെ പുരാതന പരിഷ്കൃത ജനതയെപ്പോലെ സാമന്ത വ്യവസ്ഥാധിഷ്ഠിതമായ ഒരു സമുദായമാണ് സിന്ധു താഴ്വരയിലുണ്ടായിരുന്നത് എന്നാണ്. കൃഷി, ശില്പവേല, വാണിജ്യം എന്നിവയിൽ നിപുണൻമാരായിരുന്നു അവർ. താമ്രയുഗം! ഈ കാലങ്ങളിൽ ജീവിച്ചിരുന്നിട്ടുപോലും അവർ വളരെ പുരോഗതി പ്രാപിച്ചു. സാംഗോപാംഗമായ ഒരു ധർമവും ഒരു ചിത്രലിപിയും അവർക്കുണ്ടായിരുന്നു. ചിത്രലിപിബദ്ധമായ നാണയങ്ങളും മറ്റുവസ്തുക്കളും ലഭിച്ചിരുന്നുവെങ്കിലും ഇതുവരെ അവ വായിപ്പാൻ കഴിഞ്ഞിട്ടില്ല. എങ്കിലും മറ്റു ലക്ഷണങ്ങൾ കൊണ്ട് അറിയാൻ സാധിച്ചിട്ടുള്ളത്, സിന്ധുനാഗരികത, അസുര-കാൽഡിയ (Chaldean) നാഗരികതയുടെ സമകാലികം മാത്രമല്ല, ഭഗിനിയും കൂടിയായിരുന്നു എന്നാണ്. രണ്ടിടങ്ങളിലെയും ധാർമികഭാവനകൾക്ക് വളരെ അടുപ്പമുണ്ടായിരുന്നു." മെസൊപ്പൊട്ടേമിയയിലെ അസ്സീരിയ-കാൽഡിയ നാഗരികതയും സിന്ധുതട നാഗരികതയും തമ്മിൽ മത-ധാർമിക വിഭാവനകളിൽ അടുപ്പമുണ്ടെന്നും അതിനാൽ അവ സഹോദരികളാണെന്നുമാണ് സാംകൃത്യായന്റെ പക്ഷം.
23. 'വിശ്വദർശനങ്ങൾ,' പേജ് 540, 541
24. 'പ്രാചീന ലിഖിതങ്ങൾ' (പുരാതന ലിപികളെപ്പറ്റിയുള്ള വിവരങ്ങളടങ്ങിയ ഒരു മലയാളഗ്രന്ഥം) by: ശ്രീ. വി.ആർ. പരമേശ്വരൻപിള്ള (M.A). പേജ് 26, 27-ൽ പറയുന്നു: "ലിംഗരൂപങ്ങൾ പലതും കിട്ടിയിരിക്കുന്നു. ശിശുക്കളെ എന്തി നില്ക്കുന്ന സ്ത്രീരൂപങ്ങളും ധാരാളം ലഭിച്ചിരിക്കുന്നു. യോഗാഭ്യാസികളുടെ രൂപങ്ങളാണ് ചിലവ. മറ്റു ചിലവ ദേവതകളുടെ പ്രാതിനിധ്യം വഹിക്കുന്നു. അക്കൂട്ടത്തിൽ ഒരു ചെറിയ പ്രതിമ ശിവന്റെ

പൂർവരൂപമായ മൂന്നു ശിരസ്സുള്ള ദേവനാണെന്ന് ഒരു മാർഷൽ പ്രസ്താവിക്കുന്നതിനെ അനേകം പേർ അനുകൂലിക്കുന്നില്ല. ആ വിഗ്രഹത്തിന് മൂന്നു തലകളില്ലെന്നാണ് ഒരു ഗവേഷകൻ പറയുന്നത്. എന്നു മാത്രമല്ല അതിന്റെ മുഖം പുലികളുടേതിന് സദൃശ്യമാണുപോൽ."

25. 'ഭാരതപ്പഴമ,' പേജ് 67.

26. ഖുർആൻ, അധ്യായം 71, സൂക്തം 23-ൽ നൂഹ്നബിയുടെ അഭിസംബോധിതരായ ജനതയോട് പുരോഹിതന്മാർ ഉപദേശിച്ചതായി പറയുന്നത് ഇങ്ങനെയാണ്: നിങ്ങൾ നിങ്ങളുടെ ദേവന്മാരെ കൈവിടരുത്; വദ്ദിനെയും സുവാഇനെയും യഗൂഥിനെയും യഊഖിനെയും നസ്റിനെയും കൈവിടരുത്. ഇതിൽ നിന്നും സുവാഉ നോഹയുടെ കാലത്ത് സുമേരിയയുടെ ആരാധ്യ ദേവനായിരുന്നു എന്ന് വരുന്നുണ്ടല്ലോ.

27. 'സ്വഹീഹുൽ ബുഖാരി'ക്ക് അല്ലാമാ ഇബ്നു ഹജരിൽ അസ്ഖലാനി എഴുതിയ അറബി വ്യാഖ്യാനഗ്രന്ഥം. വാല്യം 10, പേജ് 269-ൽ ബഖിയ്യുബ്നു ഖാലിദിനെ ഉദ്ധരിച്ച് രേഖപ്പെടുത്തുന്നു: "പ്രസ്തുത നാമങ്ങൾ ഇന്ത്യക്കാരിലേക്ക് പകർന്നു. അവരുടെ ദേവതകൾക്ക് ആ നാമങ്ങൾ വെച്ചു. പിന്നീട് അറേബ്യയിലേക്ക് ആ വിഗ്രഹങ്ങൾ കൊണ്ടുവന്നത് അംറുബ്നു ലൂഹയ്യ് എന്ന അറബി പുരോഹിതനായിരുന്നു." ഇപ്പറഞ്ഞതിൽ നിന്ന് സുവാഉ ദേവൻ ആദിയിൽ സുമേരിയരുടേതും പിന്നീട് ഇന്ത്യക്കാരുടേതും അവസാനം അറബികളുടേതുമായി എന്നു മനസ്സിലാക്കാം. ഈ സുവാഉ ഇന്ത്യക്കാരുടെ ശിവൻ തന്നെയാവണം.

28. 'ഭാരതീയ സാംസ്കാരിക സാമ്രാജ്യ ചരിത്രം: പുരാതത്ത്വ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ' (ശ്രീ. പി. തോമസ് എഴുതിയതും പി.എ. ജോസഫ് വിവർത്തനം ചെയ്തതും ജോസഫ് തോമാ സൺസ് ആന്റ് കമ്പനി പ്രസിദ്ധീകരിച്ചതുമായ ഒരു ചരിത്രപുസ്തകം) പേജ് 18-ൽ എഴുതുന്നു: "സിന്ധുതട നിവാസികളുടെ മതബോധത്തെ കുറിക്കുന്ന ക്ലിപ്തമായ രേഖകൾ ഇനിയും കൈവന്നിട്ടില്ല. ഗവേഷകൻമാർ കണ്ടെത്തിയിട്ടുള്ള അസംഖ്യം മുദ്രകളിൽ ചിലതിന്മേൽ കാണപ്പെടുന്ന ഒരു അമാനുഷ വൃഷഭ(കാള)ത്തിന്റെ പ്രതിമ ഒരുപക്ഷേ അവരുടെ പരദേവതയുടെ പ്രതിരൂപമായിരിക്കാം.... ഏകദൈവവിശ്വാസികളായിരുന്നു അവർ എന്ന നിഗമനത്തിലാണ് മിക്കവാറും ഗവേഷകർ എത്തിച്ചേർന്നിട്ടുള്ളത്."

29. ഖുർആൻ അധ്യായം 71, സൂക്തം 3. തുടർന്നുള്ളവയും നോക്കുക.

30. ഖുർആൻ അധ്യായം 2, സൂക്തം 255

31. തർജുമാനുൽ ഖുർആൻ-ആസാദ്, വാല്യം 1, പേജ് 129, 130.

32. വിശ്വവിജ്ഞാനകോശം (സാഹിത്യ പ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരണം, ഒന്നാംപതിപ്പ്, 1971) വാല്യം 3, പേജ് 321.

33. പ്രാചീന ലിഖിതങ്ങൾ, പേജ് 28.

34. ഉത്പത്തി 10: 2-5-ൽ പറയുന്നു: "യാഫെത്തിന്റെ പുത്രന്മാർ: 'ഗോമെർ, മാഗോഗ്, മാദായി, യാവാൻ, തൂബൽ, മേശെക്, തീരാസ്'. ഗോമറിന്റെ പുത്രന്മാർ: 'അസ്ക്കെനാസ്, രീഫത്ത്, തോഗർമ്മാ'. യാവാന്റെ പുത്രൻമാർ: 'എലീശാ, തർശീശ്, കിത്തീം, ദോദാനീം'. ഇവരാൽ ജാതികളുടെ ദ്വീപുകൾ അതത് ദേശത്തിന്റെ ഭാഷ ഭാഷയായും ജാതി ജാതിയായും കുലം കുലമായും പിരിഞ്ഞു." ഇതിൽ നിന്നും യാഫെത്ത് സന്തതികൾ ദ്വീപുകളെയാണ് ആവാസതാവളമായി സ്വീകരിച്ചതെന്നുവരുന്നു.

35. ക്രി. 956-ൽ അന്തരിച്ച അറബി ചരിത്രകാരനായ അബുൽഹസൻ മസ്ഊദിയാൽ വിരചിതമായ അറബിചരിത്രഗ്രന്ഥം, 2-ാം വാല്യം, 144, 145 പേജുകൾ കാണുക.

36. അതേ ഗ്രന്ഥം, വാല്യം 1, പേജ് 131, 132 നോക്കുക. 132-ൽ പറയുന്നു. "ആബൂറിന്റെ സന്തതികളിൽ ഒരു സംഘം ഇന്ത്യൻ അതിർത്തികളിൽ ചെന്നുചേരുന്നു....അവർ ഇന്ത്യക്കാരുടെ വർണങ്ങൾ സ്വീകരിച്ചു."

37. മഹാഭാരതം (വേദവ്യാസനിർമിതമെന്നു കരുതപ്പെടുന്ന ഭാരതീയരുടെ മഹാ ഇതിഹാസകാവ്യം), സ്കന്ധം 9 നോക്കുക. ഇതുപ്രകാരം മനുവിനെ ദ്രാവിഡരുടെ ഈശ്വ

രനെന്നു കല്പിക്കുന്ന ഒരു ശ്ലോകം അതേഗ്രന്ഥം 8-ാം സ്കന്ധത്തിലും കാണാം. അത് ഇങ്ങനെയാണ്:

"സത്യവ്രതോഞ്ജലിഗതാം സഹതോ യേന ഭാരത
ഉത്സ സർജ്ജനദാതോയേ ശഫരീം ദ്രവിഡേശ്വരഃ"

ഇതിൽ നിന്നും മനു, ദ്രാവിഡരുടെ വലിയ കുലപതിയായിരുന്നുവെന്നു മനസ്സിലാക്കാം. പ്രഭു, നാഥൻ, രക്ഷിതാവ്, രാജാവ് എന്നൊക്കെ 'ഈശ്വര' ശബ്ദത്തിന് അർഥങ്ങളുണ്ട്.

38. 'അർദുൽഖുർആനി'ൽ (വാല്യം 2, പേജ് 195) ഉദ്ധരിച്ചത്.
39. അതേ ഗ്രന്ഥത്തിൽ (വാല്യം 2, പേജ് 196) ഉദ്ധരിച്ചത്.
40. ഖുർആൻ, അധ്യായം 2, സൂക്തം 62-ന്റെ വ്യാഖ്യാനത്തിൽ ഇബ്നുകസീർ തന്റെ തഫ്സീർ വാല്യം 1, പേജ് 104-ൽ ഉദ്ധരിച്ചത്. പ്രസ്തുത ഖുർആൻ സൂക്തത്തിന്റെ സാരം ഇതത്രേ: 'മുസ്ലിംകൾ, ജൂതന്മാർ, ക്രൈസ്തവർ, സാബികൾ ഇവരിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമം അനുഷ്ഠിക്കുകയും ചെയ്തവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടാനൊന്നുമില്ല. അവർ ഖേദിക്കുന്നതുമല്ല.' ഇതിൽ നിന്ന് മറ്റു മൂന്നു വിഭാഗങ്ങളെപ്പോലെ സാബികളും ഒരു പ്രവാചകന്റെ അനുയായികളായിരുന്നുവെന്ന് ധ്വനിക്കുന്നുണ്ടല്ലോ.
41. പ്രസിദ്ധ നിരീക്ഷകനായ അഹ്മദുബ്നു തൈമിയ്യ (ക്രി. 1263-1328) എഴുതിയ 'അർറദ്ദു അലൽ മൻത്വിഖിയ്യീനി'ൽ നിന്ന്, അർദുൽ ഖുർആൻ വാല്യം 2, പേജ് 196-ൽ ഉദ്ധരിച്ചത്. അതിൽ പറയുന്നു: "ഹർറാൻ ഈ സാബികളുടെ ഒരു പ്രത്യേക കേന്ദ്രമായിരുന്നു. ഇസ്ലാം ആവിർഭവിച്ച കാലത്തും പ്രസ്തുത സാബികളും തത്ത്വചിന്തകന്മാരും ഇസ്ലാമികരാഷ്ട്രത്തിൽ അവസാനസമയം വരെ നിലനില്ക്കുകയുണ്ടായി. ബഗ്ദാദിലും മറ്റും വൈദ്യന്മാരും അധ്യാപകന്മാരുമായി ജോലി നോക്കിയിരുന്നത് ആ സാബികളായിരുന്നു. അവരിൽ പലരും അന്ന് ഇസ്ലാം അംഗീകരിച്ചിരുന്നില്ല. പ്രസിദ്ധ മുസ്ലിം ദാർശനികനായ ഫാറാബി ഹർറാനിൽ വന്നപ്പോൾ അവരിൽ നിന്നും തത്ത്വശാസ്ത്രം പഠിച്ചു....ക്രൈസ്തവ ധർമത്തിനു മുമ്പ് ദമസ്കസുകാരുടെയും മറ്റും മതം അതായിരുന്നു. അവർ ഉത്തരധ്രുവത്തെ അഭിമുഖമാക്കിയാണ് പ്രാർഥന നടത്തിയിരുന്നത്. ഇന്നും ദമസ്കസിൽ ധാരാളം പുരാതന ദേവാലയങ്ങൾ കാണാം. അവയുടെ ഒരു ഖിബ്ല(അഭിമുഖഗതി) ഉത്തര ധ്രുവത്തിലേക്കാണ്. ദമസ്കസിലെ ജുമുഅത്ത് പള്ളിയുടെ താഴെ ഒരു വലിയ ദേവാലയമുണ്ട്. അതിന്റെ ഒരു ഖിബ്ല ഉത്തരധ്രുവത്തിനു നേരെയാണ്. ഇത് (മുമ്പ്) സാബികളുടേതായിരുന്നു." സാബികളിൽ ഇബ്റാഹീംനബിയെ അംഗീകരിച്ച ഏകദൈവവിശ്വാസികളും അല്ലാത്തവരുമായി രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു എന്നും അദ്ദേഹം തുടർന്നുപറയുന്നു. ഈ രണ്ടു വിഭാഗങ്ങളെപ്പറ്റിയും ഖുർആൻ സൂചിപ്പിച്ചിട്ടുണ്ടത്രെ.
42. ഈ വിവരങ്ങളെല്ലാം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ 11-ാം പതിപ്പ്, വാല്യം 17, പേജ് 555-ൽ നിന്ന് സയ്യിദ് സുലൈമാൻ നദ്വി തന്റെ 'അർദുൽ ഖുർആൻ' വാല്യം 2, പേജ് 198 മുതൽ 201 വരെ സംഗ്രഹിച്ചതിന്റെ രത്നച്ചുരുക്കമാണ്.
43. 'ലോകചരിത്രം'. (ഒരു മാതൃഭൂമി പ്രസിദ്ധീകരണം- 1954) ശ്രീ. കെ.വി. ഗോപാലമേനോൻ. വാല്യം 1, പേജ് 66.
44. 'അർദുൽ ഖുർആൻ' വാല്യം 1, പേജ് 47-ൽ ഉദ്ധരിച്ചത്.
45. 'സംസ്കൃത സാഹിത്യചരിത്രം' കൃഷ്ണചൈതന്യ (എസ്.പി.എസ്. പ്രസിദ്ധീകരണം). പേജ് 58.
46. 'വിശ്വവിജ്ഞാനകോശം', വാല്യം 2, പേജ് 471. അതിൽ പറയുന്നു: "ഇറാൻ എന്നാൽ ആര്യന്മാരുടെ നാട് എന്നർഥം."
47. 'തർജുമാനുൽ ഖുർആൻ' വാല്യം 1, പേജ് 414.
48. 'ദുൽഖർനൈൻ' എന്നാൽ ഇരുകൊമ്പൻ എന്നാണ് അർഥം.

"പേർഷ്യയിലെ പാസർഗാഡ എന്ന സ്ഥലത്തുനിന്ന് ഖനനം ചെയ്തെടുത്ത സൈറ

സിന്റെ പ്രതിമക്ക് രണ്ടു കൊമ്പുണ്ടായിരുന്നു" ('തർജുമാനുൽ ഖുർആൻ' വാല്യം 2, പേജ് 400, 401). "ദാനിയേൽ പ്രവാചകൻ ഒരു ദർശനത്തിൽ രണ്ടു കൊമ്പുള്ള ഒരു ആട്ടുകൊറ്റൻ നദീതീരത്ത് നിൽക്കുന്നത് കണ്ടു. അവൻ പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും ഇടിച്ചിരുന്നു. ഇതുപോലെ ഒറ്റക്കൊമ്പുള്ള ഒരു കോലാടിനെയും അദ്ദേഹം ദർശിച്ചു. ഇവൻ അത്യുഗ്രക്രോധത്തോടെ ചെന്നു ഇരുകൊമ്പനെ ഇടിച്ചു. അതിനാൽ, അവന്റെ കൊമ്പ് രണ്ടും അടർന്നുപോയി. അനന്തരം ദാനിയേൽ പ്രവാചകൻ ഈ ദർശനത്തിന്റെ പൊരുൾ ഗ്രഹിക്കാനാവാതെ അമ്പരന്നു നിൽക്കുമ്പോൾ ഗബ്രിയേൽ (ജിബ്രീൽ) എന്ന മാലാഖ വന്ന് പൊരുൾ വിശദീകരിച്ചുകൊടുത്തത് ഇങ്ങനെയായിരുന്നു: "ഇരുകൊമ്പൻ പേർഷ്യാരാജാവും ഒറ്റക്കൊമ്പൻ യവന രാജാവുമാണ്" (ബൈബിൾ, ദാനിയേൽ പുസ്തകം 8-ാം അധ്യായം നോക്കുക). ഇതിൽ നിന്നും പേർഷ്യയും മിഡിയയും ഭരിച്ചിരുന്നത് സൈറസായിരുന്നുവെന്ന് മനസ്സിലാക്കാം. സൈറസിന്റെ രാജധാനിയിൽ ദാനിയേലിന് വലുതായ ബഹുമതി കല്പിക്കപ്പെട്ടിരുന്നു. സൈറസ് സ്ഥാപിച്ച വമ്പിച്ച സാമ്രാജ്യം പിന്നീട് യവന രാജാക്കന്മാരാൽ തോല്പിക്കപ്പെട്ടു. ഇതാവണം, ദാനിയേൽ പ്രവാചകനുണ്ടായ ദർശനത്തിന്റെ പൊരുൾ.

49. യെശയ്യാവ്, 44: 28-ഉം 45: 1-4 -ഉം നോക്കുക. അവിടെ കോരശ് (സൈറസ്)നെപ്പറ്റി പറയുന്നു: "കോരശ് എന്റെ (യഹോവയുടെ) ഇടയൻ, അവൻ എന്റെ ഹിതമൊക്കെയും നിവർത്തിക്കും എന്നും യരുശലേം പണിയപ്പെടുമെന്നും ഞാൻ കല്പിക്കുന്നു. യഹോവ തന്റെ അഭിഷിക്തനായ കോരശിനോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിനക്കു മുമ്പായി ചെന്നു ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലുകളെ തകർത്ത് ഇരുമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളയുകയും ചെയ്യും. നിന്നെ പേരുചൊല്ലി വിളിക്കുന്ന ഞാൻ യഹോവ, യിസ്രായേലിന്റെ ദൈവം തന്നെ എന്നു നീ അറിയേണ്ടതിന്ന് ഞാൻ നിനക്ക് ഇരുട്ടിലുള്ള നിക്ഷേപങ്ങളെയും മറവിടങ്ങളിലെ ഗുപ്തനിധികളെയും നല്കും." സൈറസ് ബാബിലോണിയാ സാമ്രാജ്യം നിഷ്പ്രയാസം കീഴടക്കുമെന്നാണ് ഈ പ്രവചനത്തിലെ സൂചന. സൈറസിന്റെ 160 വർഷം മുമ്പായിരുന്നു യെശയ്യാ പ്രവാചകന്റെ കാലം. (തർജുമാനുൽ ഖുർആൻ, വാല്യം 2, പേജ് 403)

50. അതേ പുസ്തകം, 45 നോക്കുക.

51. ഖുർആൻ 22:17-ൽ പറയുന്നു: "മുസ്‌ലിംകൾ, യഹൂദൻമാർ, സാബികൾ, ക്രൈസ്തവർ, മജൂസ്, ബഹുദൈവവാദികൾ ഇവർക്കിടയിൽ അല്ലാഹു ഖിയാമതുനാളിൽ ഖണ്ഡിതമായ തീരുമാനമെടുക്കുന്നതാണ്." ഈ സൂക്തത്തിൽ ബഹുദൈവവാദികൾ എന്നു പറഞ്ഞതിന്റെ വിവക്ഷ വിഗ്രഹാരാധകരാണ്. ശിഷ്ടം അഞ്ചു വിഭാഗങ്ങളും ഏതെങ്കിലുമൊരു പ്രവാചകനെയും ആകാശഗ്രന്ഥത്തെയും അംഗീകരിച്ചവരുമത്രേ. ഇക്കൂട്ടത്തിലാണ് സുരതുഷ്ടന്റെ അനുയായികളായ മജൂസിനെയും ഖുർആൻ ഉൾപ്പെടുത്തിയിട്ടുള്ളത്.

52. പൂർവ മതഗ്രന്ഥങ്ങളിൽ മുഹമ്മദ് നബിയെപ്പറ്റി സംജ്ഞാനാമ രൂപത്തിലോ ഗുണനാമത്തിലോ പ്രവചിക്കപ്പെട്ടിട്ടുണ്ടെന്നു സമർഥിക്കുകയും അത്തരം പ്രവചനങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിട്ടുള്ള ഒരു ആധുനാതന ഗവേഷണ ഗ്രന്ഥമാണ് അബ്ദുൽഹഖ് വിദ്യാർഥിയുടെ 'Mohammad in world Scriptures.'

53. 'Mohammad in World Scriputes' p. 47 നോക്കുക.

54. അബ്ദുസ്സലാമിബ്നുതൈമിയ്യ (ഹി. 590-652, ക്രി. 1193-1244) എന്ന അറബി പണ്ഡിതനാൽ വിരചിതമായ ഒരു ഹദീസ് ഗ്രന്ഥമത്രേ. 'മുൻതഖൽ അഖ്ബാർ'. അതിൽ 'ജിസ്‌യാ' അധ്യായത്തിൽ ഇമാം ശാഫിഈ റിപ്പോർട്ടു ചെയ്തതായി ഉദ്ധരിച്ചാണ് പ്രസ്തുത നബിവചനം.

55. 'മുൻതഖൽ അഖ്ബാറി'ന് അല്ലാമാ ശൗകാനി എഴുതിയ 'നൈലുൽ ഔത്താർ' എന്ന വ്യാഖ്യാനഗ്രന്ഥം, വാല്യം 6, പേജ് 57 നോക്കുക.

56. അൽബീറൂനി (ക്രി. 973-1048)യുടെ 'കിതാബുൽഹിന്ദ്' വിവർത്തനം: 'അൽബീറൂനി കണ്ട ഇന്ത്യ' (സാഹിത്യ അക്കാദമി പ്രസിദ്ധീകരണം), പേജ് 17.

57. 'അൽ ഇൻസാനുൽ കാമിൽ' (സൂഫികളുടെ തത്ത്വശാസ്ത്രം വിവരിക്കുന്ന ഒരു അറബി ഗ്രന്ഥം) വാല്യം 2, പേജ് 80.
58. ഉത്പത്തി, 25: 2 നോക്കുക.
59. ഖുർആൻ അധ്യായം 7, സൂക്തം 85.
60. സംഖ്യാപുസ്തകം 31: 8,9-ൽ പറയുന്നു: "യഹോവ മോശെയോട് കല്പിച്ചതുപോലെ അവർ മിദ്യാന്യരോട് യുദ്ധം ചെയ്തു. ആണുങ്ങളെ ഒക്കെയും കൊന്നു, നിഹതൻമാരുടെ കൂട്ടത്തിൽ അവർ മിദ്യാന്യരാജാക്കന്മാരായ ഏവി, രേക്കെം, സൂർ, ഹൂർ, രേബ എന്നീ അഞ്ചു രാജാക്കന്മാരെയും കൊന്നു." ഇതിൽ നിന്നു ഹൂർവംശം മിദ്യാൻദേശത്തെ അക്കാലത്ത് ഭരിച്ചിരുന്നുവെന്നു മനസ്സിലാക്കാമല്ലോ.
61. 'മിട്ടാണി' അഥവാ 'മിത്തന്നി' എന്നാണ് ആധുനിക ചരിത്രകാരന്മാർ ഇവരുടെ രാജ്യത്തെ വിളിക്കുന്നത്. ഡോ. എ. അയ്യപ്പൻ തന്റെ 'ഭാരതപ്പഴമ'യിൽ കുറിക്കുന്നു: "ക്രി. മു. 1500 നടുത്ത് അനറ്റോളിയയ്ക്കു കിഴക്കുഭാഗം സിറിയവരെ 'ഹൂറിയർ' എന്ന പേരിൽ അറിഞ്ഞുവരുന്ന ജനതയുണ്ടായിരുന്നു. ഹൂറിയരുടെ ഒരു ചെറുസാമ്രാജ്യം മിത്താനി എന്ന പേരിൽ പിന്നീട് സ്ഥാപിക്കപ്പെട്ടു. ഹൂറിയരുടെ ബന്ധുക്കളായ 'ഹിക്സോസ്' (ഇടയ രാജാക്കന്മാർ) എന്നൊരു കൂട്ടർ വളരെ ശക്തരായിത്തീർന്ന് ഈജിപ്ത് ആക്രമിക്കുകയുണ്ടായി." (ഭാരതപ്പഴമ', പേജ് 103, 104). അദ്ദേഹം തുടരുന്നു: "സൂപ്പിലുലിയുമസ് ചക്രവർത്തിയും മിത്താനി ചക്രവർത്തിയായ മതിവസയും തമ്മിലുള്ള ഒരു കരാറിൽ സാക്ഷികളായി പറഞ്ഞിട്ടുള്ളത്. ഇന്ദ്ര, മിത്ര, വരുണ, നാസത്യാദി വൈദിക ദേവതകളെയാണ്" (പേജ് 107). ഇതിൽ നിന്നെല്ലാം ഹൂറിയർ അഥവാ മിദ്യാന്യർ ആര്യവർഗക്കാരായിരുന്നുവെന്നു തെളിഞ്ഞല്ലോ. മിദ്യാന്യരാകട്ടെ, ഇബ്റാഹീംനബിക്ക് കെതൂറ എന്ന ഭാര്യയിൽ ജനിച്ച മിദ്യാന്റെ പിൻമുറക്കാരും. അപ്പോൾ ഇൻഡോ -ആര്യന്മാരും ഇബ്റാഹീമിന്റെ സന്താനപരമ്പരയിൽപ്പെട്ടവരാകുന്നതാണ്. ഇതുപ്രകാരം ബ്രാഹ്മണമതം ആദിയിൽ അബ്രഹാമിന്റെ മതമായിരിക്കാവുന്നതുമാണ്.
62. ഇസ്‌ലാം ഔർ അസ്റെ ജദീദ് (ദൽഹി) എന്ന മാസിക (വാല്യം 1, ലക്കം: 43) യിൽ ഉദ്ധരിച്ചത്.
63. ഭാരതീയ തത്ത്വചിന്ത (കറന്റ് ബുക്സ് പ്രസിദ്ധീകരണം, പേജ് 336)
64. അതേ ഗ്രന്ഥം, പേജ് 336
65. ഭഗവദ്ഗീത, അധ്യായം 4, ശ്ലോകം 7,8
66. വിശ്വവിജ്ഞാനകോശം, വാല്യം 3, പേജ് 823, 824 നോക്കുക. ഭാഗവതത്തിലെ വാചകം ഇങ്ങനെയാണ്: "അഥാസൗയുഗസന്ധ്യായാം ദസ്യുപ്രായേഷുരാജ സുജനിതാ വിഷ്ണുയശസോ നാമ്നാ കൽക്കിർ ജഗത്പതിഃ" (ഭാഗവതം, സ്കന്ധം 1, അധ്യായം 3)
67. ഭവിഷ്യപുരാണം, കാണ്ഡം 3, പർവം 3, അധ്യായം 3, ശ്ലോകം 25.
68. 'ഋഗ്വേദം' മണ്ഡലം 8, സൂക്തം 30, ഋക് 2-ൽ പറയുന്നു: "രിപു കർശൻമാരായ ദേവൻമാരേ, മനുവിന് യജനീയരായ നിങ്ങൾ മുപ്പത്തിമൂന്നു പേരും ഇപ്രകാരം സ്തുതിക്കപ്പെടുന്നു."
69. 'ഹിന്ദുമത് ഔർ തൗഹീദ്' (ഹിന്ദുമതവും ഏകദൈവത്വവും) എന്ന ഈ ചെറു ഉർദു കൃതി മൗലാനാ ഹാമിദലി രചിച്ചതാണ്. അതിന്റെ 67-ാം പേജിലാണ് ഇത് ഉദ്ധരിച്ചത്.
70. 'ഋഗ്വേദം' മണ്ഡലം 1, സൂക്തം 164, ഋക് 46
71. അതേഗ്രന്ഥം മണ്ഡലം 10, സൂക്തം 114, ഋക് 5
72. അതേ ഗ്രന്ഥം മണ്ഡലം 10, സൂക്തം 82, ഋക് 3
73. 'ഋഗ്വേദത്തിലൂടെ' by വി.വി.കെ. വാലത്ത്, പേജ് 125
74. 'ഋഗ്വേദം' മണ്ഡലം 10, സൂക്തം 121, ഋക് 1
75. അതേ ഗ്രന്ഥം, മണ്ഡലം 10, സൂക്തം 129, ഋക് 12
76. ദയാനന്ദ സരസ്വതിയുടെ 'ഋഗ്വേദാദി ഭാഷ്യ ഭൂമിക'. വിവർത്തനം 'വേദപര്യടനം' by നരേന്ദ്രഭൂഷൺ, പേജ് 146, 147.

77. ഉദ്ധരണം, 'വിശ്വദർശനങ്ങളിൽ' പേജ് 551
78. ഖുർആൻ അധ്യായം 58, സൂക്തം 7
79. 'ഈശാവാസ്യോപനിഷത്ത്' മന്ത്രം 2
80. അബൂ ഈസാ തിർമിദി തന്റെ സ്വഹീഹിൽ ഉദ്ധരിച്ചതും ഇമാം നവവി തന്റെ 'രിയാദുസ്സ്വാലിഹീൻ' ബാബുൽ മുജാഹദയിൽ രേഖപ്പെടുത്തിയതുമായ ഒരു നബിവചനം. റിയാദുസ്സ്വാലിഹീൻ, പേജ് 68 നോക്കുക.
81. ഖുർആൻ അധ്യായം 42, സൂക്തം 11
82. അതേഗ്രന്ഥം, അധ്യായം 112, സൂക്തം 4
83. 'കേനോപനിഷത്ത്' ഖണ്ഡം 1, മന്ത്രം 3,4
84. ഇമാം ഗസ്സാലിയുടെ 'ഇഹ്‌യാഉലുമിദ്ദീൻ' വാല്യം 4, പേജ് 362.
85. കേനോപനിഷത്ത് ഖണ്ഡം 2, മന്ത്രം 3
86. അതേ ഗ്രന്ഥം, ഖണ്ഡം 1, മന്ത്രം 7
87. ഖുർആൻ പറയുന്നു: 'അവൻ ദൃഷ്ടിഗോചരനല്ല; എന്നാൽ ദൃഷ്ടികൾ അവന് ഗോചരങ്ങളത്രേ." (അധ്യായം 6, സൂക്തം 103)
88. 'Sacred Books of East,' vol. 1. Introduction.
89. 'വിശ്വദർശനങ്ങൾ' പേജ് 552.
90. അതേ ഗ്രന്ഥം 552-ാം പേജിൽ സാംകൃത്യായൻ പറയുന്നു: "...വിമർശകന്മാർ ഉണ്ടായപ്പോൾ ഉപനിഷത്കാലത്തെ ധാർമിക നേതാക്കൾക്ക് പുനർജന്മവാദം ആവിഷ്കരിക്കേണ്ടിവന്നു. ഇവിടെയുള്ള സാമുദായ ക്ലേശങ്ങൾ, ഓരോ ജീവനും മടങ്ങിച്ചെന്ന് അവരവർ ചെയ്തിട്ടുള്ള പാപത്തിന്റെ ശിക്ഷ അനുഭവിക്കേണ്ടതിനുവേണ്ടിയാണ് എന്ന് അവർ വാദിച്ചു."
91. ശ്രീ. എ.ജി. കൃഷ്ണവാര്യർ എഴുതിയ 'ബുദ്ധമതം', പേജ് 23, 24-ൽ നിന്നുദ്ധരിച്ചത്.
92. ഖുർആൻ അധ്യായം 21, സൂക്തം 92.
93. ഖുർആൻ അധ്യായം 6, സൂക്തം 90.
94. ആനന്ദകുമാരസ്വാമി- ഐ.ബി. ഹോർണർ രചിച്ചതും പണ്ഡിറ്റ് വി.വി. ശർമ വിവർത്തനം ചെയ്തതുമായ 'ഗൗതമ ബുദ്ധൻ' 23-ാം പേജിൽ ഉദ്ധരിച്ചത്.
95. ധർമാനന്ദകോസംബിയാൽ വിരചിതവും പി.ശേഷാദ്രി അയ്യർ വിവർത്തനം ചെയ്തതുമായ ഭഗവാൻ ബുദ്ധൻ' 454-ാം പേജിൽ ഉദ്ധരിച്ചത്.
96. ഖുർആൻ അധ്യായം 74, സൂക്തം 1, 2
97. ഭഗവാൻ ബുദ്ധൻ, പേജ് 313 നോക്കുക.
98. അതേ ഗ്രന്ഥം, പേജ് 315 നോക്കുക. മേൽകാണിച്ച രണ്ടു അരുളപ്പാടുകളും ബുദ്ധമതത്തിലെ പ്രാമാണികഗ്രന്ഥമായ 'മജ്ഝിമനികായം' (അക്കം 41) 'സാലേയ്യക സുത്ത'ത്തിൽ നിന്നാണ് കോസംബി സ്വാമി ഉദ്ധരിച്ചിട്ടുള്ളത്.
99. ഒരു അറബി ചരിത്രകാരനും വിവിധ മതങ്ങളുടെ അധ്യാപനങ്ങളെപ്പറ്റി പഠനം നടത്തിയ പ്രഗല്ഭനുമായ മുഹമ്മദ്ശഹ്റസ്താനിയുടെ 'അൽമിലലു വന്നിഹൽ' വാല്യം 1, പേജ് 45 നോക്കുക.
100. ഖുർആൻ അധ്യായം 40, സൂക്തം 78
101. അതേഗ്രന്ഥം അധ്യായം 35, സൂക്തം 24
102 അതേ ഗ്രന്ഥം അധ്യായം 10, സൂക്തം 47
103. 'ഗൗതമബുദ്ധൻ', പേജ് 89-ൽ ഉദ്ധരിച്ചത്.
104. സൗബാൻ എന്ന സഹാബി (നബിശിഷ്യൻ) യിൽ നിന്ന് ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഉദ്ധരിച്ച ഒരു നബിവചനത്തിൽ പറയുന്നു: "ദൈവത്തിന്റെ ഓർഡർ (മഹാപ്രളയം) വരുന്ന കാലം വരെ എന്റെ സമുദായത്തിൽ ഒരു വിഭാഗം സത്യത്തിൽ പ്രത്യക്ഷമായി നിലകൊള്ളുന്നതായിരിക്കും. അവർക്ക് വഞ്ചകരുടെ ദ്രോഹം ബാധിക്കുന്നില്ല."

# ഒരു ജാതി ഒരു ദൈവം

ടി. മുഹമ്മദ്

ഹരപ്പൻ നാഗരികതയുടെയും
തുടർന്നുവന്ന ഇന്ത്യയിലെ
സാംസ്കാരിക കൈവഴികളുടെയും
സ്രോതസ്സ് സെമിറ്റിക്
പ്രവാചകന്മാരുടെ
ഏകദൈവസന്ദേശമായിരുന്നു
എന്ന് സമർഥിക്കുന്ന കൃതി.
ഗ്രന്ഥകാരന്റെ നിഗമനങ്ങൾ
പുതുമയുള്ളതും യുക്തിഭദ്രവുമാണ്.

ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

ദിദാ

വില: 15.00